**നന്ദിപ്രമേയ ചർച്ച.. (തുടർച്ച)**

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുകയാണ്. പണ്ഡിതനായ ശ്രീ. എം. പി. അബ്ദു സമദ് സമദാനി ഫലങ്ങളുണ്ടാക്കുന്ന ഒരു കലയാണ് രാഷ്ട്രീയം എന്ന ആമുഖത്തോടെയാണ് ഇന്നലെ ഇവിടെ നന്ദിപ്രമേയം അവതരിപ്പിച്ചത്. ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്. പ്രത്യേകിച്ചും കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും ഇത് മതേതരത്വത്തിന്റെ ഒരു നല്ല തുരുത്ത് കൂടിയാണ്. ജനകീയ സമരങ്ങളിലൂടെ കേരള മോഡൽ രൂപപ്പെട്ടുവെന്നത് എത്രയോ സംവത്സരങ്ങളായി നാം സാക്ഷ്യം വഹിക്കുന്നതാണ്. കാരണം, അതിന്റെ എല്ലാ ക്രെഡിറ്റും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സാമൂഹിക പ്രസ്ഥാനങ്ങൾക്കും നവോത്ഥാന പ്രസ്ഥാനങ്ങൾക്കുമുള്ളതാണ്. ആ സമരങ്ങളെല്ലാം ഏതെങ്കിലും ഒരു പാർട്ടിക്കുവേണ്ടി നടത്തിയിട്ടുള്ള സമരങ്ങളല്ല. പാർട്ടികൾ ജനങ്ങൾക്കുവേണ്ടി ജനകീയ പങ്കാളിത്തത്തോടെ ജനകീയ ആവശ്യങ്ങൾ മുദ്രാവാക്യങ്ങളാക്കി മാറ്റിയ സമരങ്ങൾ എത്രയോ ചട്ടങ്ങൾ കേരളത്തിൽ മാറ്റി, എത്രയോ പുതിയ നിയമങ്ങളുണ്ടാക്കി. ജനകീയ സമരങ്ങളിലൂടെ എത്രയോ ഭരണകൂടങ്ങളെ നമുക്കിവിടെ മാറ്റിയെടുക്കാൻ സാധിച്ചു. അതാണ് നമ്മുടെ കേരളത്തിന്റെ പാരമ്പര്യം.

ആ ജനകീയ സമരങ്ങൾ നടന്നുവെന്ന് പറയുന്ന നമ്മുടെ നാട്ടിൽ ഈ കഴിഞ്ഞ മൂന്നരവർഷക്കാലമായി ഈ സംസ്ഥാനത്ത് നടന്ന സമരങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വിലയിരുത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അപ്പുറത്തിരിക്കുന്നവരാണ് അത് കൂടുതൽ വിലയിരുത്തേണ്ടത്. കാരണം, ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വളരെ മുൻതൂക്കമുള്ള സംസ്ഥാനത്ത് ഇടതു പ്രസ്ഥാനങ്ങൾ ഭരിക്കുകയും പ്രതിപക്ഷത്തിരിക്കുകയും ചെയ്തിട്ടുള്ള ഒരു സംസ്ഥാനത്ത് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എത്രയോ സമരമുഖങ്ങൾ തുടങ്ങിയിട്ടുള്ള ഒരു സംസ്ഥാനമെന്നുള്ള നിലയ്ക്ക് ഈ കഴിഞ്ഞ മൂന്നരവർഷക്കാലമായി ഈ സംസ്ഥാനത്ത് നടന്ന സമരമുഖങ്ങൾ അപ്പുറത്തിരിക്കുന്ന ഇടതുപക്ഷങ്ങളും രാഷ്ട്രീയ നിരീക്ഷകരും മാധ്യമങ്ങളും വിലയിരുത്തണമെന്നുള്ള ഒരഭിപ്രായമാണ് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേരളത്തിനുവേണ്ടി എനിക്ക് അപേക്ഷിക്കുവാനുള്ളത്. ഞാനത് ചൂണ്ടിക്കാണിക്കുവാനുള്ള കാരണം ഇവിടെ ഒന്നാമത് നടന്ന സമരം ഒരു തട്ടിപ്പുകാരിയുടെ പേരിലായിരുന്നു. രണ്ടാമത് ഇവിടെ നടന്ന സമരം ഒരു മദ്യവ്യവസായിയുടെ ആരോപണത്തിന്റെ പേരിലായിരുന്നു. അതിനുമുമ്പ് ഈ സഭയിൽ നടന്ന മറ്റൊരു സമരം വാളകത്തുനടന്ന ഒരു ആക്സിഡന്റിന്റെ പേരിലായിരുന്നു. അതിനുമുമ്പ് നമ്മുടെ സഭയിൽ എത്രയോ ദിവസം

സഭ സ്തംഭിപ്പിച്ചത് ഈ സഭയിലെ അന്ന് മന്ത്രിയായിരുന്ന പിന്നീട് രാജിവച്ച ഒരാളുടെ കുടുംബത്തിൽ നടന്ന വഴക്കിന്റെ പേരിലായിരുന്നു. നമ്മുടെ ചരിത്ര വിദ്യാർത്ഥികളും നമ്മുടെ സോഷ്യൽ മീഡിയയിൽ വർക്കു ചെയ്തുകൊണ്ടിരിക്കുന്ന പുതിയ തലമുറയും ഈ നിയമസഭയിൽ കഴിഞ്ഞ മൂന്നര വർഷക്കാലമായി ഈ സമരങ്ങൾ കാണുകയാണ്. എത്രയോ സമരമുഖങ്ങൾ തുടങ്ങിയതും തൊഴിലാളി സമരമുന്നേറ്റങ്ങളുമുണ്ടാക്കിയ കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നുപറയുന്ന ഈ നിയമസഭയ്ക്കകത്തും പുറത്തും നടന്നിട്ടുള്ള സമരങ്ങൾ വിലയിരുത്താൻ തയ്യാറാകണം, അതിനുള്ള സമയം അതിക്രമിച്ചുവെന്ന് പറയാനാണ് ഞാനിത് ചൂണ്ടിക്കാണിച്ചത്. ആ സമരങ്ങളെക്കുറിച്ച് വിവാദമുണ്ടാക്കിയതും ഇവിടെയാരുമല്ല, ഞാനിത് ചൂണ്ടിക്കാണിക്കാൻ കാരണം ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. അപ്പുറത്താണ് ആദ്യമായി ഈ സമരങ്ങളെക്കുറിച്ച് വിവാദങ്ങളുണ്ടാക്കിയത്. കമ്മ്യൂണിസ്റ്റ് പാർട്ടികൾ നടത്തുന്ന സമരങ്ങൾ അഡ്ജസ്റ്റ്മെന്റ് സമരമാണെന്ന് അപ്പുറത്ത് സമരം നടത്തിയ ഒരു രാഷ്ട്രീയ പ്രസ്ഥാനം, ഇതിൽ പങ്കാളിയായ കേരളത്തിലെ എത്രയോ നാളുകൾ ഈ സമരത്തിന് നേതൃത്വം നൽകിയ ഒരു രാഷ്ട്രീയ പ്രസ്ഥാനം പറഞ്ഞു. ഇത് അഡ്ജസ്റ്റ്മെന്റ് സമരമാണെന്ന് ജനങ്ങളോട് വിളിച്ചു പറഞ്ഞു. കമ്മ്യൂണിസ്റ്റ്

പാർട്ടികൾ നടത്തിയ സമരം.....

ശ്രീ. കെ. രാജു: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സമരത്തെ സംബന്ധിച്ച് അഡ്ജസ്റ്റ്മെന്റ് സമരമായിരുന്നുവെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞിട്ടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞത് അഡ്ജസ്റ്റ്മെന്റ് സമരമാണെന്ന് ജനങ്ങൾക്ക് തോന്നത്തക്ക രീതിയിൽ ചില സംഭവങ്ങളുണ്ടായി എന്നാണ്. അല്ലാതെ അഡ്ജസ്റ്റ്മെന്റ് സമരമായിരുന്നുവെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞിട്ടില്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അദ്ദേഹം ഇവിടെ ഒരു പാർട്ടിയുടെയും പേര് പറഞ്ഞില്ല. ശ്രീ. പാലോട് രവി, അങ്ങേയ്ക്ക് തുടരാം.

ശ്രീ. പാലോട് രവി: സർ, എന്തായിരുന്നാലും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയുടെ അന്നത്തെ ബഹുമാന്യനായ സെക്രട്ടറി പിണറായി വിജയൻ ഈ അഡ്ജസ്റ്റ്മെന്റ് സമരം നടത്തിയെന്ന് പറഞ്ഞതിനെക്കുറിച്ച് കേരളത്തിലെ ജനസമൂഹത്തിന്റെ മുമ്പിൽ ഇടതുപക്ഷത്തുള്ള മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തിനെതിരായി നന്നായി മറുപടി പറഞ്ഞു. ജനങ്ങളുടെ മുമ്പിൽ അപഹാസ്യരാകുകയല്ലേ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഈ സമരമുഖങ്ങളിൽ നിൽക്കുന്ന സഖാക്കളും സമരത്തിൽ പങ്കെടുക്കുന്ന ആളുകളുമെന്ന്

നമ്മൾ ആലോചിക്കേണ്ടതല്ലേ; ഇത് ചരിത്രത്തിന്റെ ഭാഗമല്ലേ? ഈ രാജ്യം ഒരു പരമാധികാര റിപ്പബ്ലിക് രാജ്യമാണ്. എന്താണ് റിപ്പബ്ലിക്- ആരും നിയമത്തിന് അതീതരല്ല. രാഷ്ട്രപതിവരെ നിയമത്തിന് കീഴിലാണ്. അതാണ് റിപ്പബ്ലിക്കിന്റെ അർത്ഥം. അങ്ങനെയാണെങ്കിൽ നിയമവാഴ്ച നിലനിർത്തുന്ന ഈ രാജ്യത്ത് നിയമത്തിനതീതമായി മറ്റൊന്നുമില്ലെന്ന് പ്രചരിപ്പിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ജനനായകന്മാരിരിക്കുന്ന ഈ വേദിയിൽ അടിസ്ഥാനരഹിതവും യുക്തിരഹിതവുമായ ആരോപണങ്ങളുടെ പേരിൽ ഒരു പാർട്ടി നടത്തുന്ന സമരവും വിജയിക്കില്ലായെന്ന ഒരു സമരപാഠംകൂടി കേരളത്തിലെ ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കുകയാണ്. ഒരു സമരപാഠമാണ്. നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവും യുക്തിരഹിതവുമായ സമരം ഈ സംസ്ഥാനത്ത് ഒരിക്കലും വിജയിക്കില്ലായെന്ന ഒരു സമരപാഠം കേരളത്തിലെ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. മാർച്ച് 13-ാം തീയതി വീണ്ടും ഒരു സമരത്തിന്റെ മുദ്രാവാക്യം കേട്ടുതുടങ്ങിയിരിക്കുകയാണ്. കൂട്ടത്തിൽ ഒറ്റപ്പെട്ട ഒരു മദ്യവ്യവസായി, ആരാണ് ഈ ആരോപണം ഉന്നയിച്ചത്, ഏതെങ്കിലും പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിലാണോ, ഏതെങ്കിലുമൊരു പാർട്ടിയുടെ യുവജനസംഘടനയുടെ വേദിയിലാണോ, ഇക്കാര്യം വളരെ ഗൗരവത്തോടെ

കാണണം. ഇവിടെ മദ്യശാല പൂട്ടാൻ തീരുമാനിച്ചപ്പോൾ കുറേ മദ്യവ്യവസായികൾ നിയമവിരുദ്ധമായി പണം ശേഖരിക്കുന്നു. പണം ശേഖരിച്ചതിനുശേഷം മദ്യശാലകൾ തുറക്കുന്നതിനുവേണ്ടി സ്വാധീനിക്കാൻ പോയവർക്ക് വേണ്ടിയാണ് നിങ്ങളിറങ്ങിയിരിക്കുന്നത്. എന്ത് അപഹാസ്യമാണ്; സ്വാധീനിക്കാൻ പോയവർക്കുവേണ്ടി.. നിങ്ങൾ ആർക്കുവേണ്ടിയാണ് ഇറങ്ങിയിരിക്കുന്നത്; ആരുടെ ആരോപണമാണ് നിങ്ങളേറ്റെടുത്തിരിക്കുന്നത്; മാത്രമല്ല ഇന്ന് മദ്യവ്യവസായികളുടെ ഇടയിൽത്തന്നെ ഒറ്റപ്പെട്ടിരിക്കുന്ന ഒരു മദ്യവ്യവസായി ഒരു ആരോപണം ഉന്നയിക്കുമ്പോൾ കൂടെയുണ്ടായിരുന്നവർ ആരും ഇപ്പോഴില്ല എന്നുമാത്രമല്ല, ഇപ്പോൾ നിങ്ങൾ മാത്രമെ അയാളുടെ കൂടെയുള്ളൂ. ആ വ്യവസായികളാരും കൂടെയില്ല. തെളിവ് വേണമത്രെ, നിങ്ങളിനി തെളിവ് ഉണ്ടാക്കേണ്ട സ്ഥിതിയാണ്. ഇതുതന്നെയാണ് കേരളത്തിൽ തട്ടിപ്പ് കേസിലും നടന്നത്. നിങ്ങൾ വളരെ ഗൗരവത്തോടെ കാണണം. എന്തായിരുന്നു നിങ്ങളുടെ സമരം 'അരി തരാത്ത തുണി തരാത്ത പണി തരാത്ത ഭരണമേ, തകരു തകരു നിന്റെ കൊടിമരങ്ങൾ തകരണം' എന്നുവിളിച്ച് ഈ രാജ്യത്ത് എത്രയോ സമരമുഖങ്ങൾ തുറന്ന് ദരിദ്ര നാരായണന്മാരെ കൂടെനിർത്തി ജനകീയ അടിത്തറയുണ്ടാക്കി വളർന്നുവന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് ഒരു തട്ടിപ്പുകാരിയുടെയും മദ്യ വ്യവസായിയുടെയും ഒരു വാളകം കേസിന്റെയും ഒരു

വീട്ടുവഴക്കിന്റെയും കൂടെ കഴിഞ്ഞ മൂന്നരവർഷക്കാലമായി ഈ ജനാധിപത്യത്തിന്റെ ശ്രീകോവിലും കേരളത്തിന്റെ എല്ലാ മേഖലയും സമരമേഖലയാക്കി മാറ്റിയെന്നുള്ള കാര്യം നിങ്ങളുമൊന്ന് അറിഞ്ഞിരിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. 13-ാം തീയതി ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുന്ന ഒരു സമരമുഖമാണ് നിങ്ങൾ തുറക്കാൻ പോകുന്നത്. ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റിന്റെ ഭരണഘടനാപരമായ ബാദ്ധ്യത അർഹതയുള്ള ഒരു മന്ത്രി നിർവ്വഹിക്കുമ്പോൾ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ലെന്ന നിങ്ങളുടെ പ്രഖ്യാപനം ഭരണഘടനാവിരുദ്ധമാണ്. അങ്ങനെ പറയാൻ പാടില്ല. എന്താണ് എം. എൻ. ഗോവിന്ദൻ നായർ രാജിവച്ച് പോയത്, എന്താണ് ഇവിടത്തെ പാരമ്പര്യം? എം. എൻ. ഗോവിന്ദൻ നായർ രാജിവച്ചു. സഖാവ് ടി.വി. തോമസ് രാജിവച്ചു. കെ. കരുണാകരൻ രാജിവച്ചു. കെ. പി. വിശ്വനാഥൻ രാജിവച്ചു. ഇവരെല്ലാം രാജ്യത്തിന്റെയും ജനങ്ങളുടെയും മുമ്പിൽ നിരപരാധികൾ. ഇവിടെ ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റ് ആ ഗവൺമെന്റിൽ 50 വർഷക്കാലം, ഇം.എം.എസ്.-നെയും നായനാരെയും എം.എൻ. ഗോവിന്ദൻ നായരെയും ടി. വി. തോമസിനേയുംപോലെ പാരമ്പര്യമുള്ള എന്ന് ഞാൻ വിശേഷിപ്പിക്കുന്നില്ല കാരണം നിങ്ങളിപ്പോൾ ആരോപണമുന്നയിച്ചിരിക്കുകയല്ലേ; അതേ പാരമ്പര്യമുള്ള ജനകീയ

കോടതിയിൽ ജനങ്ങൾ കഴിഞ്ഞ 50 വർഷക്കാലമായി ഒരു ഭീഷ്മാചാര്യനെയും ഒരു ഗുരുനാഥനെയും ഒരു രാഷ്ട്രീയ ആചാര്യനെയും പോലെ ജനങ്ങൾ അംഗീകാരം നൽകിയ മാണി സാറിനെ നിങ്ങളെന്താണ് ചെയ്തത്, നിങ്ങൾ ഒറ്റപ്പെട്ട ഒരു മദ്യവ്യവസായി നൽകിയ ആരോപണവും ഏറ്റെടുത്തുകൊണ്ട് ഞങ്ങൾ ബഡ്ജറ്റ് അവതരിപ്പിക്കില്ല എന്ന അടുത്ത യുദ്ധമുഖം നിങ്ങളിവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പ്രഖ്യാപനം ഭരണഘടനാവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്ന് നിങ്ങളോർക്കണം. കാരണം, ഇത് ഏതാണ്ട് പഴയ കൽക്കട്ട തീസിസ് പോലെയാണ്. Calcutta Thesis പ്രഖ്യാപിച്ച് സായുധ സമരം ചെയ്യാൻവേണ്ടി തീരുമാനമെടുത്ത് കുറേദിവസം കഴിയുന്നതിനുമുമ്പുതന്നെ അതെല്ലാം പിൻവലിച്ചതുപോലെ Calcutta Thesis-നുണ്ടായ അനുഭവം 13-ാം തീയതി ഉച്ചയോടുകൂടി നിങ്ങൾക്കനുഭവപ്പെടും. അതുകൊണ്ട് വളരെവേഗത്തിൽ ഭരണഘടനാവിരുദ്ധമായ ഈ സമരത്തിൽനിന്ന് ഇടതുപക്ഷ സുഹൃത്തുക്കൾ പിൻമാറണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ വേദിയിൽ നമുക്ക് ഏതും പ്രയോഗിക്കാം. ഇവിടെ ഞങ്ങൾ യുദ്ധക്കളമുണ്ടാക്കും, ഞങ്ങൾ ഈ നിയമസഭ വളയും, എം.എൽ.എ.മാരെ ഇതിനകത്ത് കടക്കാൻ അനുവദിക്കില്ല, മന്ത്രിയെ ഇതിനകത്ത് പ്രവേശിപ്പിക്കില്ല എന്നുള്ള ഭരണഘടനാവിരുദ്ധമായ,

നിയമവിരുദ്ധമായ സമരത്തിൽ നിന്ന് നിങ്ങൾ പിൻതിരിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുമോ ഇല്ലയോ എന്നതാണ് ഇന്ന് ചർച്ചചെയ്യുന്നതെങ്കിൽ ഞാൻ വളരെ വിനീതമായി പറയാൻ ആഗ്രഹിക്കുന്നു, യാതൊരു സംശയവും വേണ്ട മാണിസാർ ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കും. ഇതൊരു വെല്ലുവിളിയല്ല. ഇത് ഭരണഘടനാ ബാധ്യതയാണ്. മാണിസാറിന് ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ നിങ്ങളും സമ്മതിക്കേണ്ടിവരും. കാരണം, ഭൂരിപക്ഷമുള്ളൊരു ഗവൺമെന്റിൽ ഒരു കോടതി പരാമർശവുമില്ല. നൂറു ശതമാനം നിരപരാധിയാണ് എന്ന് എല്ലാവരും വിശ്വസിക്കുന്ന അദ്ദേഹത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിക്കില്ലായെന്ന നിങ്ങളുടെ പ്രഖ്യാപനത്തിൽനിന്ന് പിന്തിരിയണം. ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ചൊന്നും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ അപ്പുറത്തിരുന്ന് സംസാരിക്കരുത്. അദ്ദേഹം ഞങ്ങളുടെ നേതാവാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ വൈസ് പ്രസിഡന്റാണ് ശ്രീ. രാഹുൽ ഗാന്ധി. ഈ കോർപ്പറേറ്റുകളെ മുഴുവനും കൂട്ടി ഇന്ത്യയിൽ ശ്രീ. നരേന്ദ്ര മോദി നടത്തിയ വർഗ്ഗീയ ഫാസിസ്റ്റ്....... നമ്മൾ കണ്ടതല്ലേ? ഇന്ത്യയിലെ 500 - 540 നിയോജക മണ്ഡലത്തിൽ ഈ കോർപ്പറേറ്റുകൾ ഉയർത്തിയ, വർഗ്ഗീയ ഫാസിസ്റ്റുകൾ ഉയർത്തിയ

പ്രകമ്പനംകൊള്ളിക്കുന്ന പ്രവർത്തനങ്ങൾക്ക് എതിരായി നേതൃത്വം കൊടുത്തുകൊണ്ട് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ രാജ്യത്തിലെ മതേതരശക്തികൾക്കുവേണ്ടി പ്രചരണം നടത്തിയ ഒരു നേതാവാണ് ശ്രീ. രാഹുൽ ഗാന്ധി. 2004-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്ത്യയിലെ സ്വാധീനം ഞങ്ങൾക്കറിയാമായിരുന്നു. 2004-ൽ മാർക്സിസ്റ്റ് പാർട്ടിക്ക് 50 - 55 സീറ്റ് ഇന്ത്യയിലുണ്ടായിരുന്നു. ഇന്ന് പർലമെന്റിൽ മാർക്സിസ്റ്റ് പാർട്ടിയുടെ എണ്ണം എത്രയാണെന്ന് ശ്രീ. ശർമ്മ ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞു. ഞങ്ങളാരെങ്കിലും ശ്രീ. പ്രകാശ് കാരാട്ടിനെക്കുറിച്ച് ഒരു വാചകം ഇവിടെ സംസാരിച്ചോ; അതൊക്കെ രാഷ്ട്രീയ സദാചാരമാണ്. 50-ൽനിന്ന് മാർക്സിസ്റ്റ് പാർട്ടി ഇതിലേയ്ക്ക് പോയത് ശ്രീ. പ്രകാശ് കാരാട്ട് നയിച്ചതുകൊണ്ടാണെന്ന് ഞങ്ങളാരെങ്കിലും ഇവിടെനിന്ന് പറഞ്ഞോ; ഞങ്ങളാരും പറഞ്ഞില്ല. ശ്രീ. രാഹുൽ ഗാന്ധി ഞങ്ങളുടെ നേതാവായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് നയിക്കും. നിങ്ങൾ ഇന്നലെ പറഞ്ഞല്ലോ കമ്മ്യൂണിസ്റ്റ് വിരോധം അവസാനിപ്പിക്കണമെന്ന്. ബംഗാളിലും കേരളത്തിലും മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് വിട്ടുപോകുന്നവർ മുഴുവനും എങ്ങനെയാണ് ബി.ജെ.പി.യിൽ പോകുന്നത്. എത്ര ശതമാനം വോട്ടാണ് ബംഗാളിൽ പോയതെന്നറിയാമോ? പശ്ചിമ ബംഗാളിൽ നിങ്ങളുടെ 11 ശതമാനം വോട്ട്

ബി.ജെ.പി.ക്ക് പോയി. അവിടെ ശ്രീമതി മമതയോടുള്ള വിരോധം വർദ്ധിപ്പിക്കുമ്പോഴും ആ വിരോധം മാർക്സിസ്റ്റ് പാർട്ടിക്ക് അനുകൂലമായി വരുന്നില്ല. എന്താണ് കാരണം, നെഹ്റുവിനും മഹാത്മാഗാന്ധിക്കും ദേശീയ നേതാക്കൾക്കും സ്വാതന്ത്ര്യസമരത്തിനും രാജ്യത്തിന്റെ ദേശീയ പ്രസ്ഥാനങ്ങൾക്കുമെതിരായി അന്നുമുതൽ ഇന്നുവരെ നിങ്ങൾ ഉയർത്തിയ കോൺഗ്രസ് വിരോധം നിങ്ങളുടെ അടിത്തറയിളക്കുകയാണ്. നിങ്ങൾക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ കോൺഗ്രസിനനുകൂലമായി സംസാരിക്കണം. ഇന്ത്യയിലെ ഏറ്റവും വലിയ മതേതര ശക്തി കോൺഗ്രസാണ്. നിങ്ങൾ നിങ്ങളുടെ പ്രത്യയശാസ്ത്രം മാറ്റണം. ഈ മതേതര പ്രസ്ഥാനത്തിന് ഇന്ത്യയിൽ നേതൃത്വം കൊടുക്കാൻ കോൺഗ്രസ് മാത്രമെ ഉള്ളൂവെന്നും ശ്രീ. രാഹുൽ ഗാന്ധിയാണ് നേതാവെന്നും നിങ്ങൾ പരസ്യമായി പറയണം. ഇവിടെ നിങ്ങൾക്ക് വോട്ടു കിട്ടാനും ഭരണം കിട്ടാനുംവേണ്ടി നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ തള്ളിപ്പറയരുത്, കോൺഗ്രസ്സിനെ തള്ളിപ്പറയരുത്, കോൺഗ്രസ് വിരോധം പ്രചരിപ്പിക്കരുത്. കോൺഗ്രസിനുമാത്രമേ ഇന്ത്യയെ തിരിച്ചുകൊണ്ടുവരാനും കോർപ്പറേറ്റ് ശക്തികളിൽനിന്നും ഈ രാജ്യത്തെ മോചിപ്പിക്കുവാനും കഴിയൂവെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നു. റബ്ബർ കർഷകരുടെ കാര്യം, ക്ഷേമ പെൻഷൻകാരുടെ കാര്യം, കരാറുകാരുടെ പ്രശ്നങ്ങൾ, നന്മ സ്റ്റോറിന്റെ

കാര്യം ഇതെല്ലാം മുഖ്യമന്ത്രി അറിയണം. എന്റെ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പുമന്ത്രി വന്ന് കണ്ട് ബോധ്യപ്പെട്ട് 12 ഏക്കർ സ്ഥലത്ത് ഒരു അഗ്രിമാൾ പ്രഖ്യാപിച്ചു. പക്ഷെ ശ്രീ. കെ. എം. മാണി അത് തടഞ്ഞുവച്ചിരിക്കുകയാണ്. നെടുമങ്ങാട് ഒരു കാർഷിക മേഖലയാണ്. അദ്ദേഹം ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഇപ്പോഴും നല്ല പച്ചക്കറി തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുവരുന്നത് നെടുമങ്ങാട്ടുനിന്നാണ്. ആയിരത്തിയഞ്ഞോറോളം കൃഷിക്കാർ രജിസ്റ്റർ ചെയ്ത മാർക്കറ്റാണ് അവിടത്തെ മാർക്കറ്റ്. നല്ല മാർക്കറ്റാണ്. സാധനങ്ങൾ വിറ്റഴിക്കുന്നതുവഴി ഇപ്പോൾ പത്ത് കോടിയിൽപ്പരം അവിടെ turnover ഉണ്ട്. അവിടെ അഗ്രിമാൾ ഈ സാമ്പത്തികവർഷം ആരംഭിക്കുന്നതിനുള്ള പണം അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഇവിടെവന്ന് പ്രസംഗിച്ചാൽപോര[

ഗീതയ്ക്ക് മാതാവായ ഭൂമിയെ
ദൃഢമിതുമാതിരിയൊരു
കർമ്മയോഗിയെ പ്രസവിക്കു
ഗംഗയാറൊഴുകുന്ന നാട്ടിലേ
ശരിക്കൊരു മംഗളം കായ്ക്കും

കല്പപാദകം ഉണ്ടായിവരു ... എന്ന് വള്ളത്തോൾ പാടിയിട്ടുണ്ട്. ഗാന്ധിജിയെ നിന്ദിക്കുന്നു, മദർ തെരേസയെ നിന്ദിക്കുന്നു. എവിടെയെല്ലാം ലോകപ്രസിദ്ധമായ നന്മയുടെ തുരുത്തുകൾ ഉണ്ടായിട്ടുണ്ടോ ആ തുരുത്തുകൾക്കെതിരായിട്ടെങ്കിലും, അവരൊക്കെ കോൺഗ്രസുമായിട്ട് അല്ലെങ്കിൽ കോൺഗ്രസ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വന്നവരോ അല്ലാത്തവരോ ആയിരിക്കാം. ഇങ്ങനെയുള്ള ദേശീയ ഭീകരതയ്ക്കെതിരായി നമുക്ക് ഒരുമിച്ച് നിൽക്കാം. അതിന് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും തയ്യാറാകണം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയ പ്രഖ്യാപനത്തിനുള്ള ശ്രീ. എം. പി. അബ്ദു സമദ് സമദാനിയുടെ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അദ്ദേഹം നല്ലൊരു മനുഷ്യനാണ്, പടപ്പുകളോട് സ്നേഹമാണ്, പടച്ചോനെ നല്ല ഭയഭക്തിയുള്ള ആളാണ്, നല്ല ഈമാനുള്ള മനുഷ്യനാണ്. അക്കാര്യത്തിലൊന്നും യാതൊരു സംശയവുമില്ല. പക്ഷെ ഈ നന്ദിപ്രമേയത്തെ ഒരു രീതിയിലും അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. നയം തൊട്ടുതീണ്ടിയിട്ടില്ലാത്ത ആവർത്തന വിരസതയുള്ള ഒരു ഭരണഘടനാ ദൗത്യം നിർവ്വഹിച്ചുവെന്നതിനപ്പുറം ഒരു പ്രഖ്യാപനവും ഒരു നയവും ഇതിനകത്തില്ല. ഈ

പ്രസംഗത്തിന് തൊട്ടുമുമ്പാണ് കേന്ദ്ര ഗവൺമെന്റ് 2015-2016 -ന്റെ ജനറൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഐക്യജനാധിപത്യ മുന്നണിയും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയും ഇത് അറിഞ്ഞുകൂടാത്തതല്ല. എന്താണ് കേന്ദ്ര ഗവൺമെന്റിന്റെ നയം, അതെങ്ങനെയാണ് സംസ്ഥാന ഗവൺമെന്റിനെ ബാധിക്കാൻ പോകുന്നത്, എന്തെങ്കിലും ഒരു സൂചന ഇതിലുണ്ടോ; 2015-2016 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചു. സംസ്ഥാനങ്ങൾക്കുള്ള വിഹിതം 3.3 ലക്ഷം കോടിരൂപയിൽ നിന്ന് 2 ലക്ഷം കോടിരൂപയാക്കി ചുരുക്കി. ഇത് കേരളത്തെ ബാധിക്കാൻ പോവുകയാണ്. അഗ്രിക്കൾച്ചർ- 19,852 കോടിരൂപയിൽനിന്ന് 17,004 കോടിരൂപയാക്കി കുറച്ചു. പഞ്ചായത്തിരാജ് - സ്ഥാപനങ്ങൾക്ക് 3400 കോടിരൂപ കൊടുക്കേണ്ടത് 94 കോടിരൂപയാക്കി ചുരുക്കി. ഡ്രിങ്കിംഗ് വാട്ടർ - 12107 കോടിരൂപ കഴിഞ്ഞപ്രാവശ്യം കൊടുത്തത് 6243 കോടിരൂപയാക്കി ചുരുക്കി. റൂറൽ ഡെവലപ്പ്മെന്റ്- 51757 കോടിരൂപയിൽനിന്ന് 3131 കോടിരൂപയാക്കി ചുരുക്കി. വുമൺ ആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് - 18518 കോടിരൂപയിൽനിന്ന് 10382 ആയി ചുരുക്കി. 8000 കോടിരൂപയായി ചുരുങ്ങി. അംഗൻവാടി - 16000 കോടിരൂപയിൽനിന്ന് 8000 കോടിരൂപയാക്കി ചുരുക്കി. ആരോഗ്യമേഖല – 35000 കോടിരൂപ 30000 കോടിരൂപയാക്കി ചുരുക്കി.

പട്ടികജാതി എസ്.ഇ.പി. - 43208 കോടിരൂപ 30851 കോടിരൂപയാക്കി ചുരുക്കി. TSP- 26715-ൽനിന്ന് 19950 കോടിരൂപയാക്കി ചുരുക്കി. ICDS- 16000 കോടിരൂപയിൽനിന്ന് 8000 കോടിരൂപയാക്കി ചുരുക്കി. ഇതൊക്കെ കേരളത്തെ ബാധിക്കാൻ പോവുകയല്ലെ. വെറും രാഷ്ട്രീയ പ്രസംഗം നടത്തുന്നതിൽ നമുക്ക് ഒരു ബുദ്ധിമുട്ടുമില്ല. ഈ സാമ്പത്തിക നയം കേരളത്തെ എങ്ങനെയാണ് ബാധിക്കാൻ പോകുന്നതെന്ന ഒരു സൂചന ഈ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഇവിടെയുണ്ടായോ? നിങ്ങൾക്ക് പ്രശ്നമുണ്ടാകില്ല. കാരണം ബി.ജെ.പി.ക്ക് എതിരായിട്ട് ഒരക്ഷരം പറയാൻ നിങ്ങൾക്ക് കഴിയില്ല. ബി.ജെ.പി. ഗവൺമെന്റിനെതിരായി പറഞ്ഞാൽ നിങ്ങളുടെ മുട്ട് വിറയ്ക്കും. വടകര-ബേപ്പൂർ മോഡൽ നയം അടുത്ത തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിലും തുടർന്നുവരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും നിങ്ങൾ ആവർത്തിക്കാൻ പോകുകയാണ്. അതിന്റെ റിഹേഴ്സലാണ് ഈ നയപ്രഖ്യാപനം. തൊഗാഡിയക്കെതിരെയുള്ള കേസ് നിങ്ങൾ പിൻവലിച്ചു. സി.ഐ.-യെ കൊലപ്പെടുത്താൻ ശ്രമിച്ച ആർ.എസ്.എസ്.-കാരന്റെ പേരിലുള്ള കേസ് വിചാരണ നടക്കുന്ന സമയത്ത് പിൻവലിച്ചു. ഞാൻ ചോദിക്കട്ടെ, ആഗോളീകരണ-സാമ്പത്തിക വ്യവസ്ഥ ഉയർത്തുന്ന വെല്ലുവിളി, പ്ലാൻ കട്ട്, വിദ്യാഭ്യാസ രംഗത്തെ കാവിവത്ക്കരണം, ഗോവധ നിരോധനം, ഫെഡറൽ

തത്വങ്ങളോടുള്ള വെല്ലുവിളി, ഘർ വാപ്പസി, മതനിരപേക്ഷതയ്ക്കെതിരായ വെല്ലുവിളി, രാമജന്മഭൂമി, ഏക സിവിൽ കോഡ്, 370-ാം വകുപ്പ് മാറ്റൽ; 2021 ആകുമ്പോൾ എല്ലാവരും ഹിന്ദുക്കളാകും - ധർമ്മ ജാഗരൺ സമിതി നേതാവ് രാജേന്ദ്ര സിംഗ്, ഇന്ത്യയിലെ ഹിന്ദു സ്ത്രീകൾ നാല് കുട്ടികളെ പ്രസവിക്കണം - പാർലമെന്റ് മെമ്പർ സാക്ഷി മഹാരാജ്, ഇന്ത്യയുടെ പേര് ഹിന്ദുസ്ഥാൻ എന്നാക്കണം - മോഹൻ ഭഗത് (ആർ.എസ്.എസ്.), ഡൽഹി ഭരിക്കേണ്ടത് രാമന്റെ മക്കൾ; ജാര സന്തതികളല്ല - സ്വാതി നിരഞ്ജനാ ജ്യോതി, ഗോഡ്സേ പ്രതിമ എല്ലാ സ്ഥലങ്ങളിലും നാട്ടും, ഭഗവത്ഗീത, ദേശീയഗാനം, വിജയദശമി നാളിൽ ആർ.എസ്.എസ്. നേതാവിന്റെ പ്രസംഗം ദൂരദർശനിൽ തത്സമയ പ്രക്ഷേപണം, നബിദിനം ഒഴിവാക്കി. ഒരു വാചകം നിങ്ങൾക്കവിടെ പറയാൻ കഴിഞ്ഞോ? കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളും മതനിരപേക്ഷതയ്ക്കെതിരായ വെല്ലുവിളിയും ഏത് രൂപത്തിലാണ് നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ പരമാധികാര സംവിധാനത്തെ അട്ടിമറിക്കുന്നതെന്നതിനെ സംബന്ധിച്ച് ഒരു സൂചന നിങ്ങൾ കൊടുക്കേണ്ടേ; ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ ശക്തമായി പ്രതികരിക്കേണ്ട ഒരു പാർട്ടിയാണ് കോൺഗ്രസ്. അതിന്റെ നേതാവാണ് എ.ഐ.സി.സി. വൈസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധി.

പാർലമെന്റിൽ ഈ ചർച്ചയെല്ലാം നടക്കുന്ന സമയത്ത് എ.ഐ.സി.സി. വൈസ് പ്രസിഡന്റ് എവിടെയാണ് പോയത്; അത് ചോദിക്കാനുള്ള ബാധ്യത നിങ്ങൾക്കില്ലേ; അമ്മയോട് കലഹിച്ച് ഒളിവിൽപോയ ഏതെങ്കിലുമൊരു ദേശീയ നേതാവ് മുമ്പ് കോൺഗ്രസ്സിലുണ്ടായിട്ടുണ്ടോ? സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിലിൽ പോയ ദേശീയ നേതാക്കളെപ്പറ്റിയും ബ്രിട്ടീഷ് ഗവൺമെന്റ് തലയ്ക്ക് വില പറഞ്ഞതിനെത്തുടർന്ന് ഒളിവിൽ പോയ ഇ.എം.എസ്.-നെപ്പറ്റിയും ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ ഇതുപോലൊരു ഒളിവുജീവിതം ആദ്യമായാണ് കേൾക്കുന്നത്. എവിടെയാണ് പോയത്? ഇനി ഹേബിയസ് കോർപ്പസ് കൊടുക്കേണ്ടി വരും. ഞാനത് നോക്കിയതാണ്, നോക്കിയപ്പോൾ ബ്ലഡ് ബന്ധമില്ലാത്തതുകൊണ്ട് എനിക്കത് കൊടുക്കാൻ പറ്റില്ല. അതുകൊണ്ട് ഞാൻ ഒഴിവാക്കിക്കളഞ്ഞു.

കേരളത്തിൽ കെ.പി.സി.സി. പ്രസിഡന്റിന്റെ ഗതിയും ഇതുപോലെതന്നെയാണ്. ഒളിവിൽ പോയില്ല എന്നുമാത്രമേയുള്ളൂ. എപ്പോഴാണ് ഒരു അപ്രിയ സത്യം കേൾക്കേണ്ടിവരികയെന്ന കാര്യത്തിൽ അത്ഭുതപ്പെടുകയാണ് ഞാൻ. മാനസികമായി അദ്ദേഹത്തെ അത്രത്തോളം നിങ്ങൾ അപമാനിച്ചില്ലേ; ആകെ സംരക്ഷണം കൊടുത്തത് ശ്രീ. ടി. എൻ. പ്രതാപൻ മാത്രമാണ്. മദ്യനിരോധനത്തിന്റെ കാര്യത്തിൽ ഒരു കെ.പി.സി.സി. പ്രസിഡന്റ്

അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. അതിന്റെ ഭാഗമായി എന്തെല്ലാം അദ്ദേഹം കേൾക്കേണ്ടിവന്നു? ഗോകുലം ഗോപാലൻ പറഞ്ഞത് എന്താണ്, ***** പറഞ്ഞില്ലേ? നിങ്ങൾ എന്തെങ്കിലും പ്രതികരിച്ചോ; വെല്ലുവിളി നടത്തി, എന്താണ് എന്നോട് പ്രതിഷേധിക്കാത്തത്. എന്താണ് കല്ലെറിയാത്തത് എന്നെല്ലാം ഗോകുലം ഗോപാലൻ ചോദിച്ചില്ലേ. ഒരു പുന്നക്കായ കൊണ്ടെങ്കിലും എറിഞ്ഞുകൂടായിരുന്നോ നിങ്ങൾക്ക്. *** ഞങ്ങളുടെ നാട്ടിൽ ഒരു ഗ്രാമീണ കർഷകത്തൊഴിലാളി മത്തി മുറിക്കുന്ന സമയത്ത് തല പൂച്ച കടിച്ചുകൊണ്ടുപോയാൽ ഒരു പ്രതിഷേധമുണ്ടാകും. മത്തിത്തല പൂച്ച കടിച്ചുകൊണ്ടുപോയ ബേജാറുപോലും നിങ്ങളിൽ കണ്ടില്ലല്ലോ. *** ഇവിടെ എന്തെല്ലാം ബഹളമാണ് നിങ്ങൾ ഉണ്ടാക്കുന്നത്; ഞങ്ങളുടെ മേക്കിട്ട് കയറാൻ എന്തെല്ലാമാണ് നിങ്ങൾ പറയുന്നത്; ഇതിനെതിരായി അര ശബ്ദം ഉയർത്താൻ നിങ്ങൾക്ക് കഴിഞ്ഞോ? എൽ.ഡി.എഫ്.-ന്റെ സമരം നേരിടാൻ പോകുകയാണല്ലോ, ഈ ശൂരത അവിടെ കാണേണ്ടതല്ലേ; ജീവിച്ചിരിക്കുന്ന സമയത്ത് നമ്മുടെ പ്രിയപ്പെട്ട മുൻസ്പീക്കർ ജി. കാർത്തികേയൻ മലയാള മനോരമ ചാനലിന് നൽകിയ അഭിമുഖം ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ശ്രീ. ജോണി ലൂക്കോസാണ് അത് നടത്തിയത്. ജി. കാർത്തികേയൻ പറഞ്ഞത്, കൂടെനിൽക്കുന്ന കോൺഗ്രസ്സുകാരൻ ഒരു ഗ്ലാസ് പച്ചവെള്ളം തന്നാൽപ്പോലും കുടിക്കാൻ

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 1630/ഇ.ബി/2015/നി.സെ തീയതി 23-3-2015) നീക്കം ചെയ്തു.

ഭയമാണെന്നാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഇല്ലാത്ത മുൻ സ്പീക്കർ കൂടിയായ കെ.പി.സി.സി. പ്രസിഡന്റിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ആരോ പത്രത്തിൽ ഉന്നയിച്ചതിന്റെ പേരിൽ ഈ ചർച്ചയിൽ ഉന്നയിക്കുന്നത് ഓർഡറിലാണോ. അത് സഭാ രേഖയിൽ നിന്നും നീക്കം ചെയ്യണം. സഭാംഗമല്ലാത്ത കെ.പി.സി.സി. പ്രസിഡന്റിനെതിരെ പത്രത്തിൽ വന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഈ ചർച്ചയിൽ ഉന്നയിക്കുന്നത് ശരിയാണോ?

മി. ചെയർമാൻ : അത് പരിശോധിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, മനോരമ വിഷൻ ജോണി ലൂക്കോസ് നടത്തിയ അഭിമുഖത്തിൽ പറഞ്ഞ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. അതിന്റെ തെളിവ് വേണമെങ്കിൽ ഞാൻ ഹാജരാക്കാം. വേദനിപ്പിക്കുന്ന ഒരു അനുഭവത്തിന്റെ പശ്ചാത്തലമാണ് അദ്ദേഹം പറഞ്ഞത്. എന്തുകൊണ്ടാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നതെന്ന് എനിക്ക് അറിയാം.

മാനസിക സ്പർദ്ധകൊണ്ട് എത്ര ആൾക്കാരെ ഇവർ ഗ്രൂപ്പിസത്തിനുവേണ്ടി രോഗികളാക്കിയിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല.

തൃശ്ശൂരിൽ ഗ്രൂപ്പ് വൈരാഗ്യംകൊണ്ട് രണ്ട് കോൺഗ്രസ്സുകാരെ കൊന്നു - ലാൽ, മധു. എന്ത് മര്യാദയാണ് ഇവർക്കുള്ളത്? ഇന്ദിരാഗാന്ധി ഫാസിസ്റ്റാണെന്നു പറഞ്ഞ് മുദ്രാവാക്യം വിളിച്ചുകൊണ്ട് ഞങ്ങളുടെ ഓഫീസിൽ കയറി വന്ന് അവിടെനിന്നും ചായ കുടിച്ചില്ലേ; എന്നിട്ട് ഒന്നായി ഭരിച്ചില്ലേ? 1980-ൽ ഞാൻ വെള്ളെയ്യൂറിനെതിരായി മത്സരിക്കുമ്പോൾ എനിക്കുവേണ്ടി അത്യുഗ്രമായി പ്രസംഗിച്ചയാളാണ് ശ്രീ. സി. പി. മുഹമ്മദ്. ഇപ്പോൾ ശ്രീ. സി. പി. മാർക്സിസ്റ്റ് വിരുദ്ധനായി. ഒരു കാര്യം ഞാൻ പറയാം, മാർക്സിസ്റ്റ് വിരുദ്ധവുമായി നിങ്ങൾക്ക് കേരള രാഷ്ട്രീയത്തെ കൊണ്ടുപോകാൻ കഴിയില്ല. ഇന്നല്ലെങ്കിൽ നാളെ വർഗ്ഗീയത ഉയർത്തുന്ന ഫാസിസ്റ്റ് വെല്ലുവിളിയ്ക്കെതിരായി ഒരു മതനിരപേക്ഷ പ്ലാറ്റ്ഫോമിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം വരാൻ നിങ്ങൾ നിർബന്ധിക്കപ്പെടും.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഖണ്ഡിക 89-ൽ, സുതാര്യതയും പൗരകേന്ദ്രീകൃത ഭരണവും അഴിമതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത മനോഭാവവുമാണ് എന്റെ സർക്കാരിന്റെ മുഖമുദ്ര. അഴിമതിക്കെതിരായ കാര്യത്തിൽ രാജ്യത്തിന് മുഴുവനും എന്റെ സംസ്ഥാനം മാതൃകയാണെന്ന് അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്, എന്നുപറയുന്നുണ്ട്. ഇത് മരിച്ചുകിടക്കുന്ന ശവത്തിന്റെ ചെവിയിൽ പോയി പറഞ്ഞാൽ ചിരിച്ചുകൊണ്ട് എഴുന്നേൽക്കും. മരണവീട്ടിൽ

പോയിട്ട് ഇത് പറഞ്ഞുകഴിഞ്ഞാൽ എല്ലാവരും ചിരിക്കും. ഫെയ്സ് ബുക്കിൽ ഒരു വിദ്വാൻ എഴുതിയതാണ്. എന്താണ് അഴിമതിക്കെതിരായുള്ളത്......, ഞങ്ങളാണോ ഈ അഴിമതിയെല്ലാം കൊണ്ടുവന്നത്; ഇവിടെയുള്ള എല്ലാ അഴിമതിയും കൊണ്ടുവന്നിട്ടുള്ളത് പത്ര-ദൃശ്യ മാധ്യമങ്ങളും ഉദ്യോഗസ്ഥന്മാരും കോടതിയും ശ്രീ. പി. സി. ജോർജ്ജുമല്ലേ; ഇതിനകത്ത് എന്തെങ്കിലുമൊരു കഥ ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ. ഇതെല്ലാം അവരുടെ സംഭാവനയാണ്, അവരുടെ ക്രിയേഷനാണ്, അവരുടെ ഉൽപ്പന്നമാണ്. അതുപിന്നെ പ്രതിപക്ഷം ഏറ്റെടുക്കുകയില്ലേ, അതിൽ പറഞ്ഞിട്ട് കാര്യമില്ല. അത് ഞങ്ങളുടെ ബാധ്യതയാണ് ഞങ്ങൾ ഏറ്റെടുക്കും. അതിന്റെ ഭാഗമായി ജിക്കുമോൻ എവിടെപ്പോയി; ജോപ്പൻ എവിടെപ്പോയി; സലീംരാജ് എവിടെപ്പോയി? നിരപരാധിയാണെങ്കിൽ ഇവരുടെ പേരിലെല്ലാം എന്തിനാണ് കേസെടുത്ത് ജയിലിലയച്ചത്; നിരപരാധിയല്ലേ; അവരുടെ പേരിൽ എന്തിനാണ് നിങ്ങൾ കേസ് എടുത്തത്; കേസെടുത്തത് ഞങ്ങളാണോ? ഞങ്ങൾക്ക് പറയാൻ പാടില്ല, ഞങ്ങൾക്ക് സംസാരിക്കാൻ പാടില്ല.

അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. കെ. എം. മാണിയുടെ പേരിൽ...... എഫ്.ഐ.ആർ. ഇട്ടുകഴിഞ്ഞാൽ, എഫ്.ഐ.ആർ.-ൽ പ്രതിയായിട്ടുള്ള ഒരു മന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ധാർമ്മികമായി ശരിയല്ല. അതിനെതിരെ

ഞങ്ങൾ ജനാധിപത്യപരമായി പ്രതിഷേധിക്കും. അത് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനുമപ്പുറം പോകുമോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് നിങ്ങളാണ് തീരുമാനിക്കേണ്ടത്. ഞാൻ അക്കാര്യത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ കുറേ വെല്ലുവിളികൾ നടത്തിയിട്ടുണ്ട്. ആ വെല്ലുവിളിയിലൊന്നും ഞങ്ങൾ വീണുപോകുമെന്ന് നിങ്ങൾ ധരിക്കേണ്ട. നിങ്ങൾ ഊതിക്കഴിഞ്ഞാൽ പോകുന്നതാണ് ഇടതുപക്ഷ പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും എന്നൊന്നും ധരിച്ച് വയ്ക്കേണ്ട, ആ ധാരണയും വേണ്ട. ഡിവൈ.എസ്.പി. എസ്.പി.-യെ വിളിക്കുന്ന ഫോൺ വിവരം മൊബൈലിൽ റെക്കോർഡ് ചെയ്ത് സി.ഡി.യാക്കി ചീഫ് വിപ്പിന് കൊടുക്കുന്നത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ; ബഹു. സ്പീക്കർ കേട്ടിട്ടുണ്ടോ; മുഖ്യമന്ത്രി മറുപടി പറയണം. ഡി.ജി.പി.-ക്കെതിരായി പറഞ്ഞ ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്ന് ഇന്നലെ ചീഫ് വിപ്പ് പറഞ്ഞല്ലോ; എന്താണ് നിലപാട്? ശ്രീ. പി. സി. ജോർജിനെതിരായി മുഖ്യമന്ത്രി ഒന്ന് പറഞ്ഞുനോക്കണം. അപ്പോൾ കഥ തിരിയും. എങ്ങനെയാണ് ഈ ഭരണം നിലനിർത്തിയെന്നുള്ളതും ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു വിദ്വാനെ അങ്ങോട്ടേയ്ക്ക് കൊണ്ടുപോയതിന്റെ കഥയുമെല്ലാം അസ്സലായി അറിയാവുന്ന ഒരാളാണ് ശ്രീ. പി. സി. ജോർജ്. ഞാൻ അതിലേക്കൊന്നും കടക്കാൻ

ആഗ്രഹിക്കുന്നില്ല.

ആദിവാസി പ്രശ്നം, 26000 ആദിവാസികൾക്കായി 32000 ഏക്കർ ഭൂമി ഞങ്ങൾ കൊടുത്തു. ശ്രീമതി സി. കെ. ജാനുവിന്റെ അമ്മയ്ക്ക് 2.85 ഏക്കർ സ്ഥലം ഞങ്ങളാണ് കൊടുത്തത്. അതിനുശേഷം ഒരുതുണ്ട് ഭൂമി ആദിവാസികൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കഞ്ഞിവെള്ളം കിട്ടാതെ 75 പേരാണ് മരിച്ചത്. പഴയ ഗവൺമെന്റും കണക്കാണ് ഈ ഗവൺമെന്റും കണക്കാണ് എന്നുപറയുന്നത് ശരിയല്ല.

50 ശതമാനം കുട്ടികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും കൊടുത്തിട്ടില്ല. 1,43,000 ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 83 കോടി രൂപ ഇന്നലെവരെ കൊടുക്കാൻ ബാക്കിയാണ്. ഞങ്ങളുടെ കാലഘട്ടത്തിൽ ആ കുട്ടികളുടെ എ.ടി.എം. അക്കൗണ്ടിൽ പണം എത്തും. എവിടെയാണ് ഈ കാശെല്ലാം പോയത്? വീട് കൊടുത്തു, ഘർ വാപ്പസി നടപ്പിലാക്കിയെന്ന് ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞല്ലോ. ഇന്ദിരാ ആവാസ് യോജനയുമായി ബന്ധപ്പെട്ടുകൊണ്ട് 63,000 വീട് കൊടുക്കാൻ ബാക്കിയാണ്. അതിന് 650 കോടി രൂപ വേണമെന്നും ഹഡ്കോ വായ്പയ്ക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെന്നും ശ്രീ. കെ. സി. ജോസഫ് പറഞ്ഞു, കിട്ടിയോ; 63000 പേർ ഇപ്പോൾ തെരുവീഥിയിലാണ്. 11000-ത്തോളം വരുന്ന പട്ടികജാതി

പാവങ്ങൾക്ക് വീട് കൊടുക്കുമെന്ന് പറഞ്ഞു, അവർക്ക് വീട് കൊടുത്തില്ല. 15000 വീട് കൊടുത്തതിൽ 4000 വീടുകളാണ് പൂർത്തീകരിച്ചത്, 11000 പൂർത്തീകരിക്കാനുണ്ട്. അവർ തെരുവീഥിയിലായിരിക്കുകയാണ്. ഏത് രൂപത്തിലുള്ള ശാപമാണ് നിങ്ങൾ ഏൽക്കേണ്ടി വരുന്നത്. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. ദിവസേന താരിഫ് വർദ്ധനവ് അല്ലേ; അത് ആർക്കെങ്കിലും ഇന്നത്തെ സ്ഥിതിയിൽ അഫോഡ് ചെയ്യാൻ കഴിയുന്നതാണോ? കാറ്റിൽ നിന്നും വൈദ്യുതിയെന്ന് നാല് വർഷമായി നിങ്ങൾ പറയുകയല്ലേ; ഞങ്ങൾ 33 മെഗാവാട്ട് വൈദ്യുതി അട്ടപ്പാടിയിലും രാമക്കൽമേടിലും ഉത്പ്പാദിപ്പിച്ച് കാണിച്ചുകൊടുത്തു. അപ്പോഴാണ് ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിവാദവുമായെത്തിയത്. വിവാദമുണ്ടാകണ്ടായെന്നു കരുതി ഞങ്ങൾ അത് നിർത്തിവച്ചു. അതിനുശേഷം ഒരു മെഗാവാട്ട് നിങ്ങൾക്ക് ഉത്പ്പാദിപ്പിക്കാൻ കഴിഞ്ഞോ? 1500 മെഗാവാട്ട് വാങ്ങുന്നതിന് ആറ് സംസ്ഥാനവുമായി ബന്ധപ്പെട്ട് കരാർ ഉണ്ടാക്കി. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ നിങ്ങൾ വെറുപ്പിച്ചു. അതിന്റെ ഫലമായാണ് മഴക്കാലത്തുപോലും പവർകട്ട് വയ്ക്കാൻ നിർബന്ധിക്കപ്പെട്ടത്. മറ്റുകാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒരുകാര്യം കൂടി പറയാം. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന് 2800 കോടി രൂപയാണ്

നാല് വർഷംകൊണ്ട് കൊടുക്കേണ്ടത്. ഒരു എം.എൽ.എ.യ്ക്ക് അഞ്ചുകോടി രൂപ. എത്ര രൂപയുടെ എ.എസ് കൊടുത്തു എന്ന് ചോദിച്ചതിന് ഇന്നുവരെ മറുപടി തന്നിട്ടില്ല. ഒരു പദ്ധതിയുമായി ബന്ധപ്പെട്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ പോയാൽ അതിന്റെ നെസിസിറ്റി എന്താണെന്ന് അന്വേഷിക്കുക. ഒരു സ്കൂൾ വേണമെന്ന് ആവശ്യപ്പെട്ടാൽ ഡി.പി.ഐ. വഴി ഡി.ഡി.യ്ക്കും ഡി.ഒ.യ്ക്കും എ.ഒ.യ്ക്കും ഹെഡ്മാസ്റ്ററിനും പ്യൂണിനും കൊടുക്കും. അത് വീണ്ടും തിരിച്ചുവരും. 50 കോടി രൂപയുടെ പണിയാണ് ഇവിടെ നടന്നത്. നിങ്ങൾ പരിഹസിക്കുകയല്ലേ ഞങ്ങളെ? ഭരണ പ്രതിപക്ഷ ഭേദമെന്യേ.... നിങ്ങളിൽതന്നെ ചിലർക്ക് കിട്ടിയിട്ടുണ്ടാകും. മോശപ്പെട്ട ഒരു ഗവൺമെന്റാണ് ഇത്. ജനങ്ങളിൽ നിന്ന് പരിപൂർണ്ണമായി ഒറ്റപ്പെട്ട ഒരു ഗവൺമെന്റാണ് ഇത്. ജനകീയ രോഷത്തിന്റെ അഗ്നി ജ്വാലയിൽ ഈ ഗവൺമെന്റ് ചാമ്പലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത്രത്തോളം ജനങ്ങൾ നിങ്ങളെ വെറുത്തിരിക്കുന്നു. നിങ്ങൾ പരസ്പരം പാരവച്ച് പറഞ്ഞ 2200 സ്റ്റേറ്റ്മെന്റ് എന്റെ കൈയിലുണ്ട്. നിങ്ങളോട് 53 പ്രാവശ്യമാണ് ബഹുമാനപ്പെട്ട കോടതി ചോദിച്ചത്, ഇവിടെ ഒരു ഗവൺമെന്റുണ്ടോ; മുഖ്യമന്ത്രിയുണ്ടോ; സലീംരാജാണോ ഭരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിവരെ ചോദിച്ചു. എന്നിട്ടും നിങ്ങൾ നാണമില്ലാതെ ഭരിക്കുന്നു. ഞങ്ങളെ

നശിപ്പിച്ചശേഷം ആർ.എസ്.എസ്.-നെകൊണ്ടുവന്ന് രാജ്യത്തെ രക്ഷിക്കാൻ കഴിയുമെന്നാണോ നിങ്ങൾ വിശ്വസിക്കുന്നത്. ജവഹർലാൽ നെഹ്റു പറഞ്ഞത്, ഞാൻ ആവേശം കൊള്ളുന്നത് 1929-ലെ ലാഹോർ കോൺഗ്രസിന് 1934-ലെ ലക്നൗ കോൺഗ്രസിൽ....... ഞാൻ കഴിഞ്ഞ നവംബർ 14-ന് മാതൃഭൂമിയിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട് 'നെഹ്റുവിനെ ഓർക്കുമ്പോൾ' അത് വായിക്കണം. നെഹ്റുവിനെ മറന്ന് നിങ്ങൾ പട്ടേലിന്റെ പിറകേ പോവുകയാണ്. കോൺഗ്രസിൽ ആർ.എസ്.എസ്.കാർക്ക് മെമ്പർഷിപ്പ് കൊടുക്കണമെന്ന് പറഞ്ഞയാളാണ് പട്ടേൽ. നെഹ്റു അതിനെ എതിർത്തു. പട്ടേലിന്റെ കൂടെനിൽക്കുന്നവരാണ് നിങ്ങൾ. നെഹ്റുവിന്റെ ഒരു പാരമ്പര്യവും നിങ്ങൾക്ക് അവകാശപ്പെടാൻ കഴിയില്ല. ശങ്കർദയാൽ ശർമ്മ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് എഴുതിയിട്ടുള്ള പുസ്തകം വായിക്കണം. ഞാൻ ആ പുസ്തകം വായിച്ചിട്ടാണ് പറയുന്നത്. നിങ്ങൾ രണ്ടുമാസംകൂടുമ്പോൾ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ രണ്ട് പേജെങ്കിലും വായിക്കണം. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യം, മതനിരപേക്ഷ മൂല്യങ്ങൾ, സ്വാതന്ത്ര്യം ഇവ സംഘ്പരിവാർ ശക്തികളുടെയും ഹിന്ദു ഫാസിസ്റ്റ് ശക്തികളുടെയും കൈയിൽപ്പെട്ട് രാജ്യം കരയുകയാണ്. ആ സമയത്താണ് ഇന്ത്യാ രാജ്യത്തിന് നേതൃത്വം കൊടുക്കേണ്ട കോൺഗ്രസിന്റെ നേതാവ് ഒളിച്ചോടിയത്.

അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്. ഇത് ജനദ്രോഹമാണ്. ജനങ്ങളെ സഹായിക്കുന്ന നയം ഇതിൽ ഇല്ല, ആവർത്തന വിരസതയുള്ളതാണ്. ഞാൻ ഈ നയപ്രഖ്യാപനത്തെ എതിർക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുന്നു. രാഷ്ട്രീയമായ ഭരണമാറ്റം ഡൽഹിയിലും ഇന്ത്യയിലുടനീളവും ഉണ്ടായി. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് പതിനാലാം രാവുപോലെ ഉദിച്ചുനിൽക്കുകയാണ്, പാറപോലെ ഉറച്ചു നിൽക്കുകയാണ്. തികഞ്ഞ ആത്മവിശ്വാസത്തോടെ മുന്നോട്ട് പോവുകയാണ്. ഇതെന്തുകൊണ്ടാണ് എന്ന് സത്യസന്ധമായും നിഷ്പക്ഷമായും വിലയിരുത്താനെങ്കിലും ആ ഭാഗത്തുള്ളയാളുകൾ ശ്രമിക്കണ്ടേ; ഇന്ത്യാ രാജ്യത്ത് ഉടനീളം ഭരണമാറ്റം ഉണ്ടാകുമ്പോഴും ഈ ഗവൺമെന്റ് തിളക്കമാർന്ന വിജയം കൈവരിച്ച് മുന്നോട്ട് പോകുന്നത് ജനപക്ഷത്ത് നിന്നതുകൊണ്ടാണ്. എക്കാലത്തും ദുർബ്ബലരോടൊപ്പം നിന്നതും നിരവധി ക്ഷേമപദ്ധതികൾ നടപ്പാക്കിയതുമായ ഗവൺമെന്റ്. ഈ ഗവൺമെന്റ് ഖജനാവിന് കാവൽ നിൽക്കുകയായിരുന്നില്ല. ജനങ്ങൾക്കുവേണ്ടി തുറന്ന് കൊടുക്കുകയാണ് ചെയ്തത്. അർഹരായ ആളുകൾക്കും പട്ടിണി പാവങ്ങൾക്കും അന്ധർക്കും ബധിരർക്കും വികലാംഗർക്കും വേണ്ടി ഖജനാവ് തുറന്നുകൊടുത്തു. ഈ

ഗവൺമെന്റിന്റെ ശക്തി അതുതന്നെയാണ്. മാത്രമല്ല 12 താലൂക്കുകളാണ് സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുള്ളത്. പഞ്ചനക്ഷത്ര ഹോട്ടലുകളെ വെല്ലുന്ന സ്വകാര്യ ആശുപത്രികൾ ഈ രാജ്യത്തുണ്ട്. പക്ഷെ രാജ്യത്തെ ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എല്ലാ പ്രതിസന്ധികളും മുറിച്ചുകടന്നുകൊണ്ട് ഒൻപതോളം മെഡിക്കൽ കോളേജ് യാഥാർത്ഥ്യമായിരിക്കുന്നു. റിക്കോർഡ് പൊതുമരാമത്ത് വകുപ്പ് പ്രവർത്തിയാണ് ഇവിടെ നടന്നിട്ടുള്ളത്. നിങ്ങൾ ലോട്ടറി നടത്തി, അഴിമതിയുടെ കൂത്തരങ്ങായിരുന്നു അത്. ഇന്ന് കിഡ്നി രോഗികൾക്കും ക്യാൻസർ രോഗികൾക്കും കോടാനുകോടി രൂപ ലഭ്യമാകുന്ന തരത്തിൽ മാണി സാറിന്റെ കാരുണ്യ ലോട്ടറി യാഥാർത്ഥ്യമായി. എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കാവശ്യമായ വിദ്യാഭ്യാസം, പഠന സൗകര്യം, ഭക്ഷണം, ലാപ്ടോപ്പ്, വാഹന സൗകര്യങ്ങൾ ഇവയെല്ലാം ഗവൺമെന്റ് നൽകി. എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് നിലനിൽക്കുന്നതെന്ന കാര്യം ഗൗരവത്തോടെ കാണണം. ദേശീയ ഗെയിംസ് തകർക്കാൻ ഒരുഭാഗത്ത് ധാരാളം ശ്രമമുണ്ടായി. ആ ഗെയിംസ് ഇന്ത്യ കണ്ട ഏറ്റവും നല്ല ദേശീയ ഗെയിംസായി പരക്കെ പ്രഖ്യാപിക്കപ്പെടുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 213 കോടി രൂപയുടെ 9 മിന്നുന്ന സ്റ്റേഡിയങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നമുക്ക് ലഭിച്ചിട്ടുള്ളത്. 45 മാസത്തെ

ഭരണം ഐക്യരാഷ്ട്രസഭയുടെ അംഗീകാരം നേടിയ ഭരണമാണ്. ചരിത്രത്തിലിന്നുവരെ ഉണ്ടായിട്ടില്ലാത്ത നേട്ടമാണ്. ഉദിച്ചുയരുന്ന സൂര്യനെ പഴയ മുറം കൊണ്ട് മറച്ചുവച്ചതുകൊണ്ട് കാര്യമില്ല. ഇത് സത്യസന്ധമാണ്. ജനങ്ങൾ ഇത് മനസ്സിലാക്കിയിരിക്കുന്നു. കേരളം ഭൂരഹിതരില്ലാത്തവരായി മാറുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്, ഊർജ്ജസ്വലനായ ശ്രീ. അടൂർ പ്രകാശിന് ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത രൂപത്തിൽ ഒരുലക്ഷത്തോളം പട്ടയങ്ങൾ നൽകാൻ സാധിച്ചു. ഈ രാജ്യത്തെ ദരിദ്രനാരായണൻമാരുടെ എത്രയോകാലത്തെ സ്വപ്നമാണത്. ഒരു കാര്യം അക്കാര്യത്തിൽ പറയാനുള്ളത്, എന്റെ മണ്ഡലത്തിൽ ഇനിയും കുറേയധികം പട്ടയം നൽകാനുണ്ട്. 50-60 വർഷം കൈവശംവച്ച ഭൂമി വിൽക്കാൻ സാധിക്കാതെ, പെൺമക്കളുടെ വിവാഹം നടത്താനാകാതെ, മാതാപിതാക്കൾ ആശുപത്രിയിലായാൽ ഒരു സെന്റ് ഭൂമി വിൽക്കാൻ സാധിക്കാത്ത എത്രയോ കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. ഒരു ലക്ഷം ആളുകൾക്ക് പട്ടയം കൊടുക്കാൻ സാധിച്ച ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നത് അടിയന്തരമായി, സമയബന്ധിതമായി അക്കാര്യം ശ്രദ്ധിക്കണമെന്നാണ്. റബ്ബർതോട്ടം നോക്കുകുത്തിയായി മാറുകയാണ്, പൂട്ടിക്കിടക്കുകയാണ്. അത് ചെറുകിട റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം പ്രയാസം ഉണ്ടാക്കുന്നു.

അക്കാര്യത്തിൽ ഗൗരവതരമായി കുറേക്കൂടി താത്പര്യം ഗവൺമെന്റ് കാണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതോടൊപ്പം ശ്രീ. പി. സി. ജോർജ് ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ മക്കൾക്ക് വസ്തു വീതം വയ്ക്കാൻ സാധിക്കാത്തതും പോക്കുവരവ് നടത്താൻ കഴിയാത്തതുമായ പ്രശ്നമുണ്ട്. അക്കാര്യം പരിഗണിക്കണം. വികസന മേഖലയിൽ, വ്യവസായ മേഖലയിൽ വൻകുതിച്ചുചാട്ടമാണ് നടക്കുന്നത്. വികസനം സ്വപ്നമായിമാത്രം കണ്ടിരുന്ന കാലഘട്ടം മാറി, അഞ്ച് വർഷം മരവിച്ചുകിടന്നിരുന്ന സ്മാർട്ട് സിറ്റി ഇന്ന് സജീവമായിരിക്കുന്നു. ഒന്നാംഘട്ടം പൂർത്തിയാവുകയാണ്. കൊച്ചി മെട്രോ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വളരെ വേഗത്തിൽ അതിന്റെ പ്രവൃത്തി നടക്കുന്നു. പണ്ട് ഇതൊക്കെ കടലാസിൽ മാത്രം ഉറങ്ങി കിടന്നിരുന്ന വികസന സ്വപ്നങ്ങളായിരുന്നു. കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമാകാൻ പോവുകയാണ്. വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതിക അനുമതി ലഭിച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങനെ ഓരോ ഘട്ടത്തിലും ഈ ഗവൺമെന്റ് കരുതലോടെ, സൂക്ഷ്മതയോടെ മുന്നോട്ട് പോകുന്ന ഒരു സാഹചര്യമാണ് ഇന്ന് കാണാൻ കഴിയുന്നത്. ക്ഷീര മേഖലയിൽ ചില പ്രശ്നങ്ങൾ ഉണ്ട്. ക്ഷീര മേഖല ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതുപോലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള

നടപടികൾ സ്വീകരിക്കണം. കൊച്ചിയിലെ സ്മാർട്ട് സിറ്റി വില്ലേജിനെ സംബന്ധിച്ച് ഒരുപാട് പ്രതീക്ഷകളാണ്. അഭ്യസ്തവിദ്യരെ തൊഴിൽ ദാതാക്കളായി മാറ്റുന്നതിന് വേണ്ടിയുള്ള ഗൗരവതരമായ ഇടപെടലാണ് വ്യവസായ വകുപ്പുമന്ത്രിയിൽ നിന്നുണ്ടാകുന്നത്. അതോടൊപ്പം വിദേശത്ത് ജോലി ചെയ്യുന്ന നഴ്സുമാർക്ക് ഭീതിജനകമായ അവസ്ഥ ഉണ്ടായപ്പോൾ തോക്കിൻ മുമ്പിൽ നിന്ന് അവർ രക്ഷപ്പെട്ട് വന്നപ്പോൾ അവർക്ക് നാഥനുണ്ട്, ഒരു ഗവൺമെന്റുണ്ട് എന്ന തോന്നലുണ്ടായി. ഞാൻ അത് പറയാൻ കാരണം, എന്റെ മണ്ഡലത്തിൽ നിന്നുള്ള കുട്ടികൾ ആ രംഗത്തുണ്ടായിരുന്നു. ജീവൻപോലും പണയപ്പെടുത്തി ജോലി ചെയ്യുന്ന കുട്ടികൾക്ക് ആവശ്യമായ നഷ്ടപരിഹാരം സ്വകാര്യ മുതലാളിമാരെപ്പോലും ബന്ധപ്പെട്ടുകൊണ്ട്, ലക്ഷക്കണക്കിന് രൂപ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്തത് അങ്ങേയറ്റം നന്ദിയോടുകൂടിയാണ് ഞാൻ ഓർക്കുന്നത്. കർഷകരെ സംബന്ധിച്ച് പറയുകയാണെങ്കിൽ നാളികേര കർഷകർ ഇന്ന് ഒരു പരിധിവരെയെങ്കിലും രക്ഷപ്പെട്ടിട്ടുണ്ട്. സാങ്കേതികത്വത്തിന്റെ പ്രശ്നങ്ങളൊക്കെ മറികടന്നുകൊണ്ട് നീര ഉല്പാദനം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി വളരെ ശക്തമായ ഇടപെടൽ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം എന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക്

ഹാലിളകിയിരിക്കുകയാണ്. അവരുടെ മാനസികാവസ്ഥ തകർച്ചയിലാണ്. നിയമസഭയിൽ അവർ നാഥനില്ലാത്ത അവസ്ഥയിലാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ നാഥനായി അംഗീകരിക്കാൻ മനഃസാക്ഷിയുള്ള ഒരു കമ്മ്യൂണിസ്റ്റുകാരന് നെഞ്ചത്തു കൈവച്ചുകൊണ്ട് സാധിക്കില്ലെന്നത് പ്രഖ്യാപിച്ചത് നമ്മളല്ല, അവർ തന്നെയാണ്. ശ്രീ. സി. ദിവാകരൻ സി.പി.ഐ.-യെ നയിക്കുമ്പോൾ അദ്ദേഹത്തിൽ വിശ്വാസമില്ലാത്തവരാണ് അദ്ദേഹത്തിന് പിന്നിൽ നിൽക്കുന്നത്. മോന്തായം വളഞ്ഞാൽ ഇരുപത്തിയെട്ടും വളയും എന്നാണ് ഞങ്ങളുടെ നാട്ടിലെ ചൊല്ല്. നാഥനില്ലാതെ വഴിമുട്ടി നിൽക്കുന്ന ഇടതുപക്ഷം പറയുന്നത് ഗൗരവമായി എടുക്കേണ്ട കാര്യമില്ലെന്ന് എനിക്ക് ഈ സന്ദർഭത്തിൽ പറയാൻ സാധിക്കും. തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന്റെ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രിയെ ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിക്കില്ലെന്ന് പറയുന്നതിന് മറുപടി പറയേണ്ടത് മാണി സാറോ അദ്ദേഹത്തിന്റെ പാർട്ടിയോ അല്ല, ഈ രാജ്യത്തെ ജനങ്ങളാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന്റെ പരിണിതപ്രജ്ഞനായ, ബഹുമാന്യനായ മന്ത്രിയെ ഒറ്റിക്കൊണ്ടുപോകുവാൻ പ്രവർത്തിച്ച ആളുകൾക്കുവേണ്ടി സഹതാപത്തിന്റെ ഒരു തുള്ളി കണ്ണുനീർ മാത്രമാണ് ഞങ്ങൾക്കുള്ളത്. ഞങ്ങളുടെ നേതാവാണ് കെ. എം. മാണി സാർ. അദ്ദേഹം

ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കും. അതിന് ഒരു വെല്ലുവിളിയുടെ ആവശ്യമില്ല, അത് ജനാധിപത്യപരമായ ഒരു മര്യാദ മാത്രമാണ്. അതുകൊണ്ട് അക്കാര്യത്തിൽ അപകടത്തിലേയ്ക്ക് എടുത്തുചാടരുത് എന്ന് നിങ്ങളോട് അപേക്ഷിക്കുകയാണ്.

മലബാറിൽ ആദ്യമായി ഒരു പോളിടെക്നിക് അനുവദിക്കാൻ മുൻകയ്യെടുത്ത മാണി സാറിനെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം അതിനാവശ്യമായ 11 കോടി രൂപ ഫണ്ടിൽ വകയിരുത്തണം എന്നുകൂടി സൂചിപ്പിക്കുകയാണ്. നേരത്തെ ഞാൻ സബ്മിഷനിൽ സൂചിപ്പിച്ചതുപോലെ, മലയോരമേഖലയിൽ കാട്ടാനയും പന്നിയും വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്, അവിടത്തെ ആളുകളുടെ ജീവൻ അപകടത്തിലാണ്. ഇന്ന് രാവിലെ സബ്മിഷൻ കഴിഞ്ഞതിനുശേഷം പോലും ലക്ഷംവീട് കോളനിയിൽ പന്നിയിറങ്ങി വമ്പിച്ച തോതിലുള്ള അപകടങ്ങൾ വരുത്തിവച്ചിരിക്കുകയാണ്. അങ്ങേയറ്റം ഗൗരവത്തോടുകൂടി ഇതിനെ കാണണം.

അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ കാര്യത്തിൽ, മാർച്ച് 31-നകം സാങ്കേതിക പ്രശ്നങ്ങളൊക്കെ പരിഹരിച്ച് എ.എസ്. ലഭ്യമാക്കാനും അത് പ്രാവർത്തികമാക്കാനുമുള്ള ശ്രമങ്ങൾ നടത്തണം. വിദ്യാഭ്യാസ മേഖലയിലെ ഒരുപാട് കാലത്തെ സ്വപ്നമായിരുന്ന ആവശ്യത്തിന് പ്ലസ് ടു സ്കൂളുകൾ അനുവദിക്കുക എന്നുള്ളത്. എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ 1500 കുട്ടികളാണ്

എസ്.എസ്.എൽ.സി. കഴിഞ്ഞ് പുറത്തു നിൽക്കുന്നതെങ്കിൽ, അവിടെ സുതാര്യമായി തികഞ്ഞ നിശ്ചയദാർഢ്യത്തോടുകൂടി ആവശ്യംപോലെ പ്ലസ് ടു കോഴ്സുകൾ അനുവദിക്കുകയും ഒരു ആരോപണവുമില്ലാതെ അത് പൂർത്തീകരിക്കുകയും ചെയ്ത ബഹു. മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ ഈ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം സൗജന്യമായി നൽകിയ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും ഞാൻ അഭിനന്ദിക്കുകയാണ്. ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത രൂപത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നൂറ് പാലങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചുവരികയാണ്. ആർക്കെങ്കിലും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയെക്കുറിച്ച് എന്തെങ്കിലും പരാതികൾ പറയാനുണ്ടോ? ഇന്നുവരെ പറഞ്ഞതായി കേട്ടിട്ടില്ല. കാരണം മുഖം നോക്കാതെ, നിറം നോക്കാതെ, കൊടി നോക്കാതെ വാരിക്കോരി കൊടുക്കാൻ അദ്ദേഹം തയ്യാറായിരിക്കുന്നു. ബഹു. മുഖ്യമന്ത്രി പലവട്ടം ആവർത്തിച്ചുപറഞ്ഞതുപോലെ ഈ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ബദൽ റോഡായി പ്രഖ്യാപിച്ചിട്ടുള്ളതാണ് വയനാട് ചുരം ബദൽ റോഡ്. ആയിരക്കണക്കിന് വാഹനങ്ങൾ ഓടുന്ന അന്തർ സംസ്ഥാന പാതയായ എൻ.എച്ച്. 212 -ലെ

യാത്രാദുരിതം അവസാനിപ്പിക്കുന്നതിന് ബദൽ റോഡ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തരമായ ഇടപെടലുണ്ടാകണം. ഇവിടെ ഒരു ആഭ്യന്തര മന്ത്രിയുണ്ട് എന്ന് രാജ്യം അറിഞ്ഞത് ശ്രീ. രമേശ് ചെന്നിത്തല ഈ ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രിയായതിനുശേഷമാണ്. വാസ്തവത്തിൽ ഞാൻ അഭിമാനത്തോടെ പറയട്ടെ, അദ്ദേഹത്തിന്റെ ഭരണനേട്ടങ്ങളിൽ ഏറ്റവും ഹൃദയസ്പർശിയായ കാര്യം ഓപ്പറേഷൻ കുബേര തന്നെയാണ്. അതോടൊപ്പം മുഖം നോക്കാതെയുള്ള നടപടികളും അദ്ദേഹത്തിന്റെ നേട്ടമാണ്. തീർച്ചയായും ഒരു കഷണം കയർ സ്വപ്നം കണ്ടിരുന്ന പാവങ്ങളെ കൈപിടിച്ചുയർത്തുവാനും അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാനുമുള്ള അദ്ദേഹത്തിന്റെ ശ്രമം അഭിനന്ദനാർഹമാണ്. ശ്രീ. കെ. പി. മോഹനൻ കേരളത്തിന്റെ കൃഷി വകുപ്പു മന്ത്രിയായതിനുശേഷം യഥാർത്ഥത്തിൽ ഒരു കൃഷിമന്ത്രിയെ നമ്മൾ രുചിച്ചറിയുകയാണ്. ഈ രാജ്യത്തെ വിഷലിപ്തമായ ഭക്ഷണത്തിൽ നിന്ന് മുക്തമാക്കുന്നതിനുവേണ്ടി ഹരിതസംഘങ്ങളിലൂടെയും വിദ്യാർത്ഥികളിലൂടെയും പച്ചക്കറി കൃഷി വ്യാപനമാക്കുന്നതിലൂടെ കൃഷിക്കാരുടെ താല്പര്യങ്ങൾ ഗൗരവത്തോടെ കണ്ട അനുഭവസമ്പന്നനായ കൃഷി മന്ത്രിയെ അഭിനന്ദിക്കാൻ ഈയവസരം ഉപയോഗിക്കുകയാണ്. വീട് എന്നു പറയുന്നത്

എല്ലാവരുടെയും സ്വപ്നമാണ്. ഭവന നിർമ്മാണത്തിനായി പൊതുജനങ്ങൾക്കും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും രണ്ടു ലക്ഷവും രണ്ടരലക്ഷവും ആദ്യമായി നൽകിയത് കേരളമാണ്. സ്പിൽ ഓവർ വർക്കുമായി ബന്ധപ്പെട്ട് പറയാനുള്ളത്, നിരവധി പ്രവൃത്തികൾ ഇന്ന് മുടങ്ങിക്കിടക്കുകയാണ്. അക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെട്ടുകൊണ്ട് അത് പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. പഞ്ചായത്തിലെ ഓരോ വാർഡിലും പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള വീട് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം യാഥാർത്ഥ്യമാക്കണം. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പ്രഖ്യാപിച്ച രണ്ട് ഇക്കോ ടൂറിസം പദ്ധതികൾ യാഥാർത്ഥ്യമാക്കണം. കേരളത്തിലെ ഏറ്റവും ദൃശ്യവിസ്മയമായ മലയോര കുടിയേറ്റ മേഖലയുടെ വ്യക്തമായ സി.ഡി.-യും പ്രോജക്ടും നൽകിയിട്ടുണ്ട്. തീർച്ചയായും അതുകൂടി ഗൗരവമായി കാണണം എന്ന് ഞാൻ ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. പി.പി.പി. മോഡലിൽ കൊച്ചിയിൽ നടന്ന നിക്ഷേപസംഗമം വാസ്തവത്തിൽ കേരളത്തിന് അഭിമാനിക്കാവുന്നതാണ്. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും അവർക്ക് പ്രചോദനം നൽകുവാനും ആവശ്യമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം. ടൂറിസ്റ്റ് മേഖലയിൽ അനന്തസാധ്യതകളുള്ള എന്റെ മണ്ഡലത്തെ ഗൗരവമായി കണ്ടുകൊണ്ട്

അടുത്ത ബഡ്ജറ്റിൽ അതിനാവശ്യമായ ഫണ്ട് നൽകണം എന്നു കൂടി അപേക്ഷിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ സഹർഷം പിന്താങ്ങുന്നു.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. 13-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിലെ മാണി സാറിന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് മാർച്ച് 13-ാം തീയതി അവതരിപ്പിക്കുന്നു. 13 എന്നു പറയുന്നത് അശുഭ ലക്ഷണമാണ്. അതുകൊണ്ടു തന്നെ ഈ ബഡ്ജറ്റ് മാർച്ച് 13-ന് അദ്ദേഹത്തിന് അവതരിപ്പിക്കാൻ സാധിക്കില്ല എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഞങ്ങൾ എന്തെങ്കിലും ചെയ്യുമെന്നല്ല അതിനർത്ഥം. ഇവിടെ വെല്ലുവിളികൾ ധാരാളം നടന്നു. ആ വെല്ലുവിളി കളിലൊന്നും ഞങ്ങൾ വീഴാൻ പോകുന്നില്ല. ജനാധിപത്യപരമായി ധാർമ്മികതയിൽ ഊന്നിനിന്നുകൊണ്ട് ഞങ്ങൾക്ക് ആദ്യാവസാനം പറയാൻ കഴിയും, ബഡ്ജറ്റ് അവതരണത്തിന് മാണി സാറിനെ ഈ ഗവൺമെന്റ് നിയോഗിക്കരുത്. ചോരപ്പുഴ ഒഴുക്കുമെന്നൊന്നുമല്ല പറയുന്നത്, മാണി സാറിന് ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള ധാർമ്മികമായ ഒരു അവകാശവുമില്ല. ബഡ്ജറ്റ് വിറ്റ് പണമുണ്ടാക്കുന്നയാൾ എന്ന് മാണി സാറിനെക്കുറിച്ച് പറഞ്ഞത് ഞങ്ങളാരുമല്ല, യു.ഡി.എഫ്.-ന്റെ സ്ഥാപകനേതാവായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയാണ് പരസ്യമായി

അങ്ങനെയൊരാരോപണമുന്നയിച്ചത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള യു.ഡി.എഫ്.-ന്റെ ആരുമല്ല എന്ന് ആരും പറയില്ലല്ലോ? അദ്ദേഹമാണ് പരസ്യമായി പറഞ്ഞത്. അദ്ദേഹത്തിന്റെ പാർട്ടി ഇപ്പോൾ യു.ഡി.എഫ്.-ൽ ഇല്ലെന്ന് നിങ്ങൾ പറയുമെങ്കിലും ഇന്നലെ വരെ, ഈ സംഭവങ്ങളെല്ലാം നടമാടുമ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ പാർട്ടിയും യു.ഡി.എഫ്.-ന്റെ അവിഭാജ്യഘടകമായിരുന്നു. അതാർക്കും നിഷേധിക്കാൻ സാധിക്കില്ല. കെ. എം. മാണി സാറിനെക്കുറിച്ച് ആരോപണങ്ങൾ ഞങ്ങൾ ഉന്നയിച്ചതാണോ? ബിജു രമേശ് ഒരു കള്ളുകച്ചവടക്കാരനാണെന്ന് പറഞ്ഞ് നിങ്ങൾ ആക്ഷേപിക്കുന്നുണ്ടല്ലോ? കേരളത്തിലെ ഒരു പൗരൻ, ഒരു വ്യവസായി മാണി സാർ നടത്തിയ അഴിമതിയെ സംബന്ധിച്ച് അക്കമിട്ട് പത്രസമ്മേളനം നടത്തിയാണ് ഇവിടെ പറഞ്ഞത്. ഘട്ടം ഘട്ടമായി മദ്യം നിരോധനം എന്ന് കോൺഗ്രസ് പറയുമ്പോൾ ഇവിടെ മാണി സാർ 15 ലക്ഷം, 35 ലക്ഷം, 50 ലക്ഷം എന്നിങ്ങനെ വാങ്ങി ഘട്ടം ഘട്ടമായി അഴിമതി നടത്തുകയായിരുന്നു. ബാർ വിഷയവുമായി ബന്ധപ്പെട്ട് ഭരണകക്ഷിയിലെ ആളുകൾക്ക് എങ്ങനെ തലങ്ങും വിലങ്ങും കാശ് വാങ്ങാം എന്നതിന് ഈ സന്ദർഭം എത്ര ഭയങ്കരമായി വിനിയോഗിച്ചു എന്നത് നിങ്ങളിലെ ആളുകൾ തന്നെ പരസ്യമായി പറയുകയല്ലേ. ഒരു കോടിയല്ല ഇരുപത് കോടി രൂപയാണ് പിരിച്ചത്;

ആ ഒരു കോടി കഴിഞ്ഞാൽ ബാക്കി 19 കോടി രൂപ എവിടെപ്പോയി എന്നു ചോദിച്ചത് സാക്ഷാൽ യു.ഡി.എഫ്.-ന്റെ ചീഫ് വിപ്പല്ലേ; ഞങ്ങളാരെങ്കിലുമാണോ; നിങ്ങളുടെ ആളുകൾ പറയുന്ന കാര്യം ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ഞങ്ങളെ എന്തിനാണ് ആക്ഷേപിക്കുന്നത്? അതുകൊണ്ട് ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ കേരളത്തിന്റെ ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന മാണി സാറിന് ധാർമ്മികമായ യാതൊരു അവകാശവുമില്ല എന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അഭിപ്രായം. അതുകൊണ്ട് ഈ സന്ദർഭത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ മാണിസാറിനെ ചുമതലപ്പടുത്തരുതെന്ന് ഞങ്ങൾ യു.ഡി.എഫ്.-നോടും ഈ ഗവൺമെന്റിന്റെ നായകനായ ശ്രീ. ഉമ്മൻചാണ്ടി സാറിനോടും അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ജനാധിപത്യ സംവിധാനത്തിനും അതിന്റെ പാരമ്പര്യങ്ങൾക്കും ഒരിക്കലും ചേർന്നതായിരിക്കില്ല ആ നടപടിയെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ശക്തമായി ഇക്കാര്യം സഭയുടെ മുമ്പിലും കേരളത്തിലെ ബഹുജനങ്ങളുടെ മുമ്പിലും സമർപ്പിക്കുന്നത്. ഇവിടെ ഗവർണ്ണർ അവതരിപ്പിച്ച നന്ദിപ്രമേയ പ്രസംഗത്തിൽ കേരളത്തിലെ ഇന്നത്തെ ഏതെങ്കിലും പ്രശ്നം സജീവമായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് പറയാൻ കഴിയുമോ? അക്കാര്യത്തെക്കുറിച്ചൊന്നും അഡ്രസ് ചെയ്യാത്ത പ്രസംഗമാണെന്ന് മാത്രമെ

അതിനെക്കുറിച്ച് പറയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഞങ്ങൾ നന്ദിപ്രമേയത്തെ നിശിതമായി ശക്തമായി എതിർക്കുകയാണ്. കേരളം ഇത്രയും വലിയ സാമ്പത്തിക തകർച്ചയെ നേരിട്ട സന്ദർഭം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കടത്തിൽ മൂക്കറ്റം മുങ്ങി നിൽക്കുമ്പോഴും പുതിയ കടം എങ്ങനെ വാങ്ങാം എന്നതിനെക്കുറിച്ചുള്ള വഴി അന്വേഷിക്കുകയാണ് കേരള സർക്കാർ. കടം വാങ്ങുന്നതിന് ആരും എതിരല്ല, എന്നാൽ കടംവാങ്ങി നിത്യനിദാന ചെലവുകൾക്കായി മാത്രം വിനിയോഗിക്കുന്നുവെന്നതിനപ്പുറത്ത് ഫിക്സഡ് അസറ്റ്സിനുവേണ്ടി ചെലവഴിക്കുന്നുവെന്ന് പറയാൻ കഴിയുമോ? ഒന്നരലക്ഷം കോടി രൂപയാണ് കടംവാങ്ങിച്ചിട്ടുള്ളത്. ഓരോ ദിവസം ചെല്ലുന്തോറും കടത്തിൽ മുങ്ങുകയാണ് നമ്മുടെ സംസ്ഥാനം. കേരള വികസന മാതൃക ലോകം മുഴുവൻ പ്രകീർത്തിച്ച ഒന്നാണ്. ആ കേരള വികസന മാതൃകയിൽ നിർണ്ണായകമായ പങ്കുവഹിച്ചത് നമ്മുടെ സേവന മേഖലയാണ്. അത് വളരാവുന്നതിന്റെ പരമാവധിയിലായിരിക്കുകയാണ്. എല്ലാ സാമ്പത്തിക വിദഗ്ദ്ധന്മാരും അതേക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇനി നമുക്കങ്ങനെ മുന്നോട്ട് പോകാൻ കഴിയില്ലെന്ന് മാത്രമല്ല ഒരു തിരിച്ചുപോക്ക് ഇപ്പോൾ സംഭവിക്കുകയാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗത്താണ് നമുക്ക് ഏറ്റവും വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്. എന്നാൽ ആരോഗ്യമേഖല ഭയങ്കരമായ

വെല്ലുവിളികളെ നേരിടുകയാണ്. പത്ത് മലയാളികളെ എടുത്തു നോക്കിയാൽ അതിൽ രണ്ടുപേർ ക്യാൻസർ രോഗികളാണ്. ഏറ്റവും അവസാനം നടത്തിയ പഠനം അതാണ് സൂചിപ്പിക്കുന്നത്. കേരളം ആരോഗ്യരംഗത്ത് വലിയ ഇൻഡസ്ട്രിയായി പടർന്നുകയറുമ്പോഴും അത് സ്വകാര്യ മേഖലയിലാണ്. ആരോഗ്യമേഖല സ്വകാര്യവത്ക്കരണത്തിന്റെ മേച്ചിൽപുറങ്ങളായി തീരുകയാണ്. മാരകമായ ജീവിതശൈലി രോഗങ്ങളും ക്യാൻസറും മൂലം കേരളത്തിലെ ജനങ്ങൾ വലിയ വെല്ലുവിളി നേരിടുകയാണ്. എന്നാൽ ആരോഗ്യപ്രശ്നത്തെ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ എന്തെങ്കിലും ഒരക്ഷരം പറയുന്നുണ്ടോ? കേരളം ഇന്ന് നേടിയിട്ടുള്ള എല്ലാ നേട്ടങ്ങളുടെയും അടിസ്ഥാനം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ വളർച്ചയും പുരോഗതിയുമാണ്. എന്നാൽ കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസം നേരിടുന്ന ഭയങ്കരമായ പ്രതിസന്ധിയെക്കുറിച്ച് Annual Status of Education Report -2014 വെളിച്ചത്ത് വന്നിട്ടുണ്ട്. കേരളത്തിലെ പ്രൈമറി/പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സർക്കാർ/എയ്ഡഡ് മേഖലയിൽ അവർ നടത്തിയ സർവ്വെയിലൂടെ ഭയങ്കരമായ സത്യമാണ് അവർ വിളിച്ചുപറയുന്നത്. അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയുടെ പാഠപുസ്തകം വായിക്കാൻ അറിയില്ല. അങ്ങനെയുള്ളവരുടെ എണ്ണം 30-35

ശതമാനത്തോളം എത്തുകയാണ്. നാലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ പാഠപുസ്തകം വായിക്കാൻ അറിയില്ല. രണ്ടക്കങ്ങൾ കൂട്ടാനും ഗുണിക്കാനും ഹരിക്കാനും അറിയാത്തവരായി കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ കുട്ടികൾ മാറുന്നുവെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. ഇംഗ്ലീഷിന്റെ കാര്യത്തിൽ അൽപ്പം പുരോഗതിയുണ്ടെങ്കിലും മാതൃഭാഷയിൽ അവർക്ക് വായിക്കാനും പഠിക്കാനും എഴുതാനും അറിയാൻ കഴിയില്ലായെന്നുള്ള ദുഖകരമായ സത്യവും വിളിച്ചുപറയുന്നുണ്ട്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല പുരോഗതിയിലേക്കല്ല മറിച്ച് ഒരു തിരിച്ചുപോക്കിലേക്കാണ് എന്ന അവസ്ഥയിലാണ് ഇന്ന് കാര്യങ്ങൾ എത്തി നിൽക്കുന്നത്. ഇക്കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ടോ? കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ തകർച്ചയെ സംബന്ധിച്ചും  ആരോഗ്യ മേഖല നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളികളെ സംബന്ധിച്ചും ജനങ്ങൾ നേരിടുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചുമൊന്നും അഡ്രസ് ചെയ്യാത്ത ഒരു നയപ്രഖ്യാപനത്തെ  എങ്ങനെയാണ് പിന്തുണക്കാൻ കഴിയുന്നത്? കേരള ജനത ജീവിക്കുന്നത് പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചാണ്. കേരളത്തിലെ കൃഷി നെല്ലും തെങ്ങും റബ്ബറും മറ്റ് നാണ്യവിളകളും ഉൾപ്പെട്ടതാണ്.  റബ്ബർ കൃഷി

നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഇന്നലെ പ്രസംഗിക്കുകയുണ്ടായി. പന്ത്രണ്ട് ലക്ഷം ആളുകളുടെ ജീവിത പ്രശ്നമല്ലേയത്; ഏറ്റവും നല്ല പച്ചപ്പ് പ്രധാനം ചെയ്ത കേരളത്തിന്റെ കിഴക്കൻ മലയോര പ്രദേശങ്ങളിൽ ഇന്ന് കണ്ണീരല്ലേ കാണാൻ കഴിയുന്നത്; നാളികേര കൃഷി തകർച്ചയുടെ നെല്ലിപ്പലക കാണുകയല്ലേ? ഇന്ന് കേരളത്തിലെ ആളുകൾക്ക് നിത്യ ജീവിതത്തിനാവശ്യമായ നാളികേരം വരുന്നത് പൊള്ളാച്ചിയിൽ നിന്നാണ്. ഞാൻ അതിലേക്ക് ദീർഘമായി പോവുകയല്ല. കേരം തിങ്ങും കേരള നാട്ടിൽ നാളികേര കൃഷി വലിയ പ്രതിസന്ധി നേരിടുകയാണ്. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും കൊപ്രയുടെയും മാത്രം പ്രശ്നമല്ല ലക്ഷക്കണക്കിന് ആളുകളുടെ ജീവിതമാർഗ്ഗമായ ചകിരി, കയർ, കയറുത്പന്നങ്ങൾ തുടങ്ങിയവയുടെ വ്യവസായ മേഖലയും ഭയങ്കരമായ തകർച്ചയെ നേരിടുകയാണ്. ഇന്ന് ആ വ്യവസായം പരിപൂർണ്ണമായി തമിഴ്നാട്ടിലേക്ക് പറിച്ചുമാറ്റപ്പെടുകയാണ്. കേരളത്തിന്റെ നെൽകൃഷി കുട്ടനാടും പാലക്കാടുമായി പരിമിതപ്പെട്ടിരിക്കുകയാണ്. നെൽപ്പാടങ്ങളിൽ ഇന്ന് സിമന്റ് കൊട്ടാരങ്ങൾ ഉയരുകയാണ്. കൃഷി ചെയ്യുന്ന നെല്ല് സംഭരിച്ചാൽ അവർക്ക് ന്യായമായ പണം യഥാസമയം കൊടുക്കുന്നില്ല. നേരത്തെ പാലക്കാട് നിന്നുള്ള എം.എൽ.എ. അതുസംബന്ധിച്ച സബ്മിഷൻ

ഉന്നയിച്ചത് നമ്മളെല്ലാം കേട്ടതാണ്. കാർഷികരംഗം വലിയ തകർച്ച നേരിടുകയാണ്. നമ്മുടെ പരമ്പരാഗത തൊഴിൽമേഖല തകരുന്നു, കൃഷി തകരുന്നു, ആധുനിക വ്യവസായങ്ങളുടെ കാര്യം പറയാനുമില്ല. അമ്പത് ലക്ഷത്തോളം ആളുകൾ പണിയെടുക്കുന്ന കയറും കൈത്തറിയും കശുവണ്ടിയും കള്ളുചെത്തും ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലയും മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ മത്സ്യബന്ധന മേഖലയും തകർച്ചയെ നേരിടുമ്പോൾ ആ രംഗത്തെക്കുറിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു വരിപോലും എഴുതാൻ കഴിഞ്ഞില്ലായെന്നതാണ് ദു:ഖകരമായ അവസ്ഥ. കേരളത്തിലെ ജനങ്ങൾ എങ്ങനെ ജീവിക്കുമെന്നത് ഒരു വലിയ പ്രശ്നമല്ലേ? കഴിഞ്ഞ നാല് വർഷക്കാലത്തെ ഭരണം ഈ സംസ്ഥാനത്തെ ഏത് അവസ്ഥയിലേക്ക് എത്തിച്ചുവെന്നത് ആലോചിക്കേണ്ടതല്ലേ. നാല് വർഷങ്ങൾക്ക് മുമ്പ് ഒരു കിലോ അരി ഇരുപത് രൂപക്ക് ലഭിച്ചിരുന്നുവെങ്കിൽ നാല് വർഷക്കാലത്തെ ഭരണം നമുക്ക് സമ്മാനിച്ചത് നൂറ് ശതമാനത്തിന്റെ വില വർദ്ധനവാണ്. ഒരു കിലോ അരിയുടെ വില 40 രൂപയിലധികമായി. വിലക്കയറ്റമാണ് കേരളം നേരിടുന്ന ഏറ്റവും ഗൗരവതരമായ പ്രശ്നം. അഴിമതി കൊടികുത്തി വാഴുകയാണ്. ഈ ഗവൺമെന്റിന്റെ നായകനായ മുഖ്യമന്ത്രിക്കെതിരെ പോലും എത്രയോ വിരലുകളാണ് ചൂണ്ടുന്നത്. പാമോലിൻ

ഇടപാട് തൊട്ട് ഇങ്ങോട്ട് എത്രയോ സംഭവങ്ങൾ, എത്രയോ അഴിമതി ആരോപണങ്ങൾ മുഖ്യമന്ത്രിക്കുനേരെ വിരൽ ചൂണ്ടുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ, പ്ലസ് ടു അനുവദിച്ചതുമായി ബന്ധപ്പെട്ട് അതിഭയങ്കരമായ തീവെട്ടിക്കൊള്ള നടന്നതിനെ സംബന്ധിച്ച് ഫസൽ ഗഫൂർ എന്ന് പറയുന്ന മാന്യൻ വളരെ പരസ്യമായി പറഞ്ഞില്ലേ; സി.ബി.എസ്.ഇ. സ്കൂളുകൾ 500 എണ്ണം ഒറ്റയടിക്ക് നൽകിയതിനുപിന്നിലെ അഴിമതി ആരോപണങ്ങൾ നമ്മളെല്ലാം കേട്ടതല്ലേ; പാറ്റൂർ ഭൂമി ഇടപാടുമായി ബന്ധപ്പട്ട് നടന്ന ഭയങ്കരമായ കുംഭകോണത്തെ സംബന്ധിച്ച് ഏതാനും ദിവസങ്ങൾക്ക് മുമ്പും നമ്മൾ കേട്ടതാണ്. സോളാറിൽ തുടങ്ങി ബാർ ഇടപാടിൽ വരെ കോടാനുകോടി രൂപയുടെ അഴിമതി ആരോപണങ്ങളാണ് ഈ സംസ്ഥാനം കണ്ടത്. ഇതെല്ലാം കേട്ടിട്ടും നിങ്ങൾക്കൊരു കുലുക്കവുമില്ല. എത്ര കളിയാക്കിയാലും എത്ര ആക്ഷേപിച്ചാലും അധികാരം വിട്ടൊഴിയില്ലെന്ന് പറഞ്ഞ കേരളത്തിലെ മുഖ്യമന്ത്രി കോൺഗ്രസ്സിന്റെ പാരമ്പര്യമാണ് കാണിക്കുന്നത്. ഇക്കാര്യത്തിൽ വടക്കേ ഇന്ത്യയിൽനിന്ന് എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കേരളത്തിൽ പോലും എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഉന്നതമായ പാരമ്പര്യമുള്ള ജനാധിപത്യത്തിന്റെ ഈ ശ്രീകോവിൽ അത്തരം എത്രയോ സന്ദർഭങ്ങൾക്ക്

സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്ത് സംഭവിച്ചാലും ആര് എന്ത് പറഞ്ഞാലും ഞങ്ങൾക്ക് ഒരു ചുക്കുമില്ലായെന്ന് പറഞ്ഞ് ജനാധിപത്യ വ്യവസ്ഥയുടെ മൂല്യങ്ങളെ ചവിട്ടിമെതിക്കാൻ തയ്യാറായിരിക്കുന്ന ആളുകളെയാണ് നമുക്ക് അപ്പുറത്ത് കാണാൻ കഴിയുന്നത്. നിങ്ങളുടെ ആ നയങ്ങൾ തിരുത്താൻ തയ്യാറാവുന്നില്ലെങ്കിൽ അതിശക്തമായ ബഹുജനപ്രക്ഷോഭങ്ങൾ തീർച്ചയായും ഇവിടെ വളർന്നുവരികതന്നെ ചെയ്യും. ആ പ്രക്ഷോഭങ്ങളുടെ കാറ്റേറ്റ് നിങ്ങളുടെ ഭരണകൂടവും അതിന്റെ വ്യവസ്ഥിതിയും തകർന്നുവീഴും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നയപ്രഖ്യാപന പ്രസംഗത്തെ ശക്തമായി എതിർത്തുകൊണ്ട് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ബഹുമാന്യനായ സംസ്ഥാന ഗവർണ്ണർ നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനപാതയുടെ നേർരേഖയാണ് സംസ്ഥാന ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനമെന്ന് കാണാൻ കഴിയും. വളരെ ഭാവനാപൂർണ്ണമായിട്ടുള്ള ഒരു കാഴ്ചപ്പാടുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റാണ് നമ്മുടെ സംസ്ഥാനം ഭരിക്കുന്നത്. നയപ്രഖ്യാപനത്തിൽ സംസ്ഥാനത്ത് നടത്തപ്പെട്ട മുപ്പത്തഞ്ചാമത് നാഷണൽ

ഗെയിംസിനെക്കുറിച്ച് പറയുകയുണ്ടായി. കായിക കേരളത്തിന്റെ അഭിമാനത്തിന്റെ പതാക പാറിപ്പറപ്പിച്ച ഒരു വലിയ നാഷണൽ ഗെയിംസിന് സാക്ഷ്യം വഹിക്കാൻ കേരളത്തിന് കഴിഞ്ഞു. 27 വർഷങ്ങൾക്കുശേഷമാണ് നാഷണൽ ഗെയിംസ് കേരളത്തിൽ വന്നത്. പ്രൗഢോജ്ജ്വലമായ നിലയിൽ നാഷണൽ ഗെയിംസ് വിജയിച്ച സാഹചര്യം നമുക്കെല്ലാവർക്കും ഏറെ അഭിമാനമുണ്ടാക്കിത്തരുന്നതാണ്. വൻകിട വികസന പദ്ധതികളുമായി നമ്മുടെ സംസ്ഥാനം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. കൊച്ചി മെട്രോ, സ്മാർട്ട്സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ കേരളം അതിശക്തമായ നിലയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇതോടൊപ്പംതന്നെ ആരോഗ്യമേഖലയിൽ നമുക്ക് നിരവധി മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രധാന റോഡുകളെല്ലാംതന്നെ അന്താരാഷ്ട്ര നിലവാരമുള്ള നിലയിലേക്ക് മാറ്റാൻ പോകുന്നു. കുടിവെള്ളത്തിന് ശാശ്വത പരിഹാരവുമായി മുന്നോട്ടുപോകുന്നത് നമുക്ക് കാണാൻ കഴിയുന്നു. ഇൻഡ്യ ടുഡേയുടെ സർവ്വേ പ്രകാരം ക്രമസമാധാന മേഖലയിൽ കേരളം ഒന്നാമത് നിൽക്കുകയാണ്. ഓപ്പറേഷൻ കുബേര, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ഗുണ്ടകളെയും ഗുണ്ടാപ്രവർത്തനം നടത്തുന്ന സ്ഥലങ്ങളെയും അമർച്ച ചെയ്യുന്ന

ഓപ്പറേഷൻ സുരക്ഷ തുടങ്ങിയ കാര്യങ്ങളുമൊക്കെയായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. പോലീസ് സർവ്വകലാശാല നമ്മുടെ സംസ്ഥാനത്തിന് നേട്ടംതന്നെയാണ്. നിസാം നടത്തിയ കൊലപാതകവുമായി ബന്ധപ്പെട്ട് രാവിലെ സംസാരിച്ചപ്പോൾ കൊല്ലപ്പെട്ട ചന്ദ്രബോസിന്റെ കുടുംബത്തിന് പത്ത് ലക്ഷം രൂപ നൽകുമെന്നും അദ്ദേഹത്തിന്റെ മക്കൾക്ക് ജോലി നൽകുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ഇങ്ങനെ ഏറ്റവും മാതൃകാപരമായ നിലയിൽത്തന്നെ ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നുവെന്ന് ഇവിടെ ശ്രീ. പി. തിലോത്തമൻ സൂചിപ്പിക്കുകയുണ്ടായി. 07.01.2015-ലെ കേരള കൗമുദി പത്രമാണ് എന്റെ കയ്യിലിരിക്കുന്നത്. അരിവില കുറയുന്നുവെന്ന് കേരള കൗമുദി പത്രം രേഖപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചാക്ക് ഒന്നിന് നാനൂറ് രൂപവരെ കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പംതന്നെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ശുഭയാത്ര 2015 എന്ന പരിപാടിയും 2016-ഓടെ എല്ലാ സ്കൂൾ/കോളേജ് ക്യാമ്പസ് പരിസരവും മയക്കുമരുന്ന്, പുകയില, മദ്യവിമുക്ത മേഖലയാക്കുമെന്നും പ്രഖ്യാപിച്ചിരിക്കുകയാണ്. വിദ്യാർത്ഥി ലോകത്തിനും പൊതുസമൂഹത്തിനും

കുടുംബത്തിനും പ്രകാശം പരത്തുന്ന വലിയൊരു പ്രഖ്യാപനമാണത്. ഒരു ലക്ഷത്തോളം രോഗികൾക്ക് ഏതാണ്ട് എഴുന്നൂറ് കോടി രൂപയുടെ സഹായം നൽകിയിട്ടുള്ള ഒരു വലിയ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. ബെനവലന്റ് ഫണ്ടിലൂടെയാണ് ഇത്തരത്തിലുള്ള തുക കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ക്യാൻസർ, വൃക്ക/ ഹൃദയസംബന്ധമായ രോഗങ്ങൾ, തലച്ചോറ്, കരൾ എന്നിവയുടെ സർജറി, മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല് രോഗങ്ങൾ, സുഷുമ്ന നാഡിരോഗങ്ങൾ എന്നിവയ്ക്ക് പരമാവധി രണ്ട് ലക്ഷം രൂപവരെ കൊടുത്തുകൊണ്ടുള്ള, പാവപ്പെട്ടവരുടെയും രോഗികളുടെയും കണ്ണീരൊപ്പുന്ന, ലോകത്തിന് മാതൃകയാകുന്ന വലിയൊരു പദ്ധതിയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി സാർ നടപ്പിലാക്കിയിട്ടുള്ളത്. ധനകാര്യ വകുപ്പ് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് കടമെടുക്കുന്നത് അതിന്റെ ഇരട്ടി തുക മുടക്കി വികസന പ്രവർത്തനം നടത്താൻ വേണ്ടിയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലെ കാര്യങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ കഴിയും. 2011-12-ൽ 10,745 കോടി രൂപ കടമെടുത്തെങ്കിൽ 28,928 കോടി രൂപയുടെ വികസന പ്രവർത്തനമാണ് നടത്താൻ കഴിഞ്ഞത്. 2012-13-ൽ 14,143 കോടി

രൂപ കടമെടുത്തെങ്കിൽ 34,492 കോടി രൂപയുടെ വികസനം കാഴ്ചവയ്ക്കാനായി കഴിഞ്ഞു. 2013-14-ൽ 15,000 കോടി രൂപ കടമെടുത്തെങ്കിൽ 37,256 കോടി രൂപയുടെ വികസനമാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞത്. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടേയില്ല. സാമ്പത്തിക മാന്ദ്യവും കേന്ദ്ര നികുതി വിഹിതത്തിലും ധനസഹായത്തിലുമുണ്ടായ കുറവുകൊണ്ടുമാത്രമാണ് നികുതി വരുമാനം കുറഞ്ഞതെന്നുള്ളത് യാഥാർത്ഥ്യമാണ്. ചെക്ക് പോസ്റ്റുകളിൽനിന്നുള്ള വരുമാനം ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ആറ് ശതമാനമായിരുന്നെങ്കിൽ ഐക്യജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ അമ്പത്തൊന്ന് ശതമാനമായി വളർന്നു. ധനകാര്യ വകുപ്പുമന്ത്രിയായ കെ. എം. മാണിസാറിനെ കുറെ നാളുകളായി ചിലയാളുകൾ വേട്ടയാടുകയാണ്. അദ്ദേഹത്തിനെതിരെ നാല് മാസങ്ങൾക്കുമുമ്പ് ഒരു മദ്യവ്യാപാരി ഉയർത്തിയ ആരോപണത്തിൽ ഇന്നുവരെ ഒരു കടലാസ് കഷണംപോലും രേഖയായി നൽകാൻ കഴിഞ്ഞിട്ടില്ല. ഇതുവരെ ഒരു തെളിവുപോലും നൽകാൻ കഴിയാത്ത കാര്യത്തിൽ അവിശ്വാസത്തിന്റെ പുകമറ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉയർത്തിയിരിക്കുകയാണ്. കേരളത്തിലെ പരമോന്നത നീതിപീഠമായിട്ടുള്ള ഹൈക്കോടതിയിൽ കേസുമായി പോയി.

ഇതിൽ യാതൊരു പ്രശ്നവുമില്ലെന്ന് പറഞ്ഞ് ഹൈക്കോടതി കേസ് തള്ളി. ലോകായുക്തയും വിജിലൻസ് കോടതിയും കേസ് തള്ളി. മാത്രമല്ല ഇതുസംബന്ധിച്ച് വളരെ നിഷ്പക്ഷമായ ഒരന്വേഷണം ഇവിടെ നടക്കുകയാണ്. ഈ അന്വേഷണവുമായി ചേർന്നുപോകുക എന്നുള്ളതാണ് ജനാധിപത്യ മര്യാദ. ഹൈക്കോടതിയും ലോകായുക്തയും വിജിലൻസ് കോടതിയുമൊക്കെ യാതൊരു തെളിവുമില്ലായെന്നും ഇപ്പോൾ നടക്കുന്ന അന്വേഷണം തൃപ്തികരമാണെന്നും പറയുന്ന സന്ദർഭത്തിൽ എന്തിനാണ് ഇടതുപക്ഷ സ്നേഹിതൻമാർ ഒരു മദ്യവ്യാപാരിയുടെ വക്കാലത്തെടുത്തുകൊണ്ട് ജനാധിപത്യ ധ്വംസനവുമായി മുന്നോട്ടുപോകുന്നത്; ബിജു രമേശ് പറഞ്ഞാൽ അതിനനുസരിച്ച് തുള്ളുന്നവരാണോ ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്നുപറയുന്നത്? ഒരിക്കലും അങ്ങനെയാകാൻ പാടില്ല. ഈ അന്വേഷണം സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. എഫ്.ഐ.ആർ. ഇട്ടത് തെറ്റല്ലായെന്നു പറയുന്ന ആളുകൾ അന്വേഷണത്തിന്റെ അവസാനംവരെ കാത്തിരിക്കുക എന്നതല്ലേ സ്വാഭാവിക മര്യാദ; അത് കാണിക്കാതെ ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയെക്കൊണ്ട് ബഡ്ജറ്റ് അവതരിപ്പിക്കുകയില്ല എന്നാണ് പറയുന്നത്. ഈ സംസ്ഥാനത്ത് ഭൂരിപക്ഷമുള്ള ഗവൺമെന്റിന്റെ പ്രതിനിധിയായ ധനകാര്യ വകുപ്പുമന്ത്രിക്ക് ബഡ്ജറ്റ്

അവതരിപ്പിക്കാനുള്ള എല്ലാ അവകാശവുമുണ്ട്. ഭരണഘടനാപരവും നിയമപരമായ ഉത്തരവാദിത്തമുണ്ട്, അത് നിർവ്വഹിക്കണ്ടേ; നിയമസഭാ നടപടികൾ സംബന്ധിച്ച ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കണ്ടേ; അത് നിർവ്വഹിക്കാൻ അനുവദിക്കില്ലെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്? അത്തരത്തിലുള്ള ഒരു നീക്കം ഒരിക്കലും ശരിയല്ല, ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയ കക്ഷികൾ ഇങ്ങനെ ചെയ്യാൻ പാടില്ല. കെ.എം. മാണിസാറിനെതിരെ അഴിമതി ഉന്നയിക്കുന്ന സി.പി.ഐ. (എം) ന്റെ സ്ഥിതിയെന്താണ്; കഴിഞ്ഞ കാലഘട്ടങ്ങൾ പരിശോധിച്ചാൽ, കുംഭകോണമെന്നുള്ള ഒരു സ്ഥലത്തിന്റെ പേരിന് അഴിമതി എന്ന പര്യായമുണ്ടാക്കിക്കൊടുത്തത് ഇവിടത്തെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലേ; അതുപോലെ ലോട്ടറി രാജാവായ സാന്റിയാഗോ മാർട്ടിനിൽനിന്ന് രണ്ട് കോടി രൂപ കോഴയായി വാങ്ങിയില്ലേ; അമ്പത് ലക്ഷം രൂപ വീതം നാല് പ്രാവശ്യമായാണ് ദേശാഭിമാനി വാങ്ങിയത്. ദേശാഭിമാനി പണം വാങ്ങിയതിനെ സംബന്ധിച്ച കാര്യങ്ങളിൽ പാർട്ടിതന്നെ പണം വാങ്ങിയവരെ കുറ്റപ്പെടുത്തി. അന്ന് പ്രകാശ് കാരാട്ടിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന സമിതി കൂടിക്കൊണ്ട് ഈ രണ്ട് കോടിരൂപ തിരികെ കൊടുക്കുമെന്ന് പറഞ്ഞു. നാളിതുവരെ ഈ രണ്ടുകോടിരൂപ തിരികെ കൊടുത്തതായി ഏതെങ്കിലും

തരത്തിലുള്ള വെളിപ്പെടുത്തൽ സി.പി.ഐ.(എം)-ന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ? അഴിമതിയിലൂടെ ഈ പത്രവും പാർട്ടിയും മുന്നോട്ടുപോകുന്നതിന്റെ തെളിവല്ലേ അത്; ദേശാഭിമാനി പത്രം ഇപ്പോഴും ഈ അഴിമതിപ്പണം ഉപയോഗിച്ചുകൊണ്ടല്ലേ മുന്നോട്ട് കൊണ്ടുപോകുന്നത്? നിങ്ങളതിന് ഉത്തരം പറയേണ്ടിയിരിക്കുന്നു. കല്ലുവാതുക്കൽ മദ്യദുരന്തം നമുക്കറിയാം. അതിലെ പ്രതിയായ മണിച്ചന്റെ ഡയറിയിൽ സൂചിപ്പിച്ചിരുന്ന ഇരുപത്തിമൂന്ന് സംസ്ഥാന കമ്മിറ്റി അംഗങ്ങൾ ഇന്നും വലിയ നേതാക്കന്മാരായി സി.പി.എം.-ൽ നിൽക്കുകയാണ്. ഇങ്ങനെയുള്ള ഈ സി.പി.ഐ.(എം) ആണ് കെ. എം. മാണി സാർ അഴിമതി നടത്തിയെന്ന് പറയുന്നത്. കേരള ജനത ഇതൊരിക്കലും വിശ്വസിക്കുകയില്ല. ഇത്തരത്തിൽ വളരെ ശക്തമായി മുന്നോട്ടുപോകുന്ന, നിയമസഭാ പ്രവർത്തനത്തിൽ അമ്പത് വർഷക്കാലം പിന്നിടുന്ന കെ. എം. മാണി സാർ 1965 മാർച്ച് മാസം 5-ാം തീയതി പാലാ നിയോജക മണ്ഡലത്തിൽനിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. പന്ത്രണ്ട് തവണ തുടർച്ചയായി അര നൂറ്റാണ്ടുകാലഘട്ടമായി അദ്ദേഹം ഈ നിയമസഭയിൽ അംഗമാണ്. അദ്ദേഹം വഹിക്കാത്ത വകുപ്പുകളില്ല. എല്ലാ വകുപ്പുകളും വളരെ കാര്യക്ഷമമായാണ് അദ്ദേഹം ഭരിച്ചത്. അദ്ദേഹത്തിന്റെ വളരെ വലിയ നിലയിലുള്ള പ്രവർത്തനത്തെ നാം ഒരിക്കലും കുറച്ചുകാണിക്കുന്നത് ശരിയല്ല.

എത്രയോ നന്മയുള്ള വ്യക്തി, എത്രയോ ആളുകൾക്ക് ഉപകാരം ചെയ്തിട്ടുള്ള വ്യക്തി, ഈ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തിട്ടുള്ള വ്യക്തി. അങ്ങനെയുള്ള ആ വ്യക്തിക്കെതിരെയുള്ള കല്ലേറുകൾ ഒരിക്കലും അദ്ദേഹത്തിനുമേൽ പതിക്കാൻ പോകുന്നില്ല. വലിയ നിലയിൽ ദൈവാനുഗ്രഹമുള്ള ഒരു മനുഷ്യസ്നേഹിയാണ് അദ്ദേഹം. അദ്ദേഹത്തെ തകർക്കാൻ കഴിയില്ല. മനുഷ്യ സ്നേഹിയായ, വികസന നായകനായ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി പതിമൂന്നാമത്തെ നിയമസഭയിലെ പതിമൂന്നാമത്തെ സെഷനിലെ പതിമൂന്നാം തീയതി നടക്കുന്ന അദ്ദേഹത്തിന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കും. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രഖ്യാപനം കേൾക്കാൻ കേരളം കാത്തിരിക്കുകയാണ്. ഇങ്ങനെയുള്ള ബഹുമാന്യനായ കെ.എം. മാണി സാറിനെതിരെ ആരോപണമുന്നയിച്ചും പുകമറ സൃഷ്ടിച്ചും ഇരുട്ടിനെ വകഞ്ഞുമാറ്റി പ്രകാശം പരത്തുവാൻ ഉദിച്ചുനിൽക്കുന്ന ചന്ദ്രന്റെ പ്രകാശം കെടുത്താമെന്ന വ്യാമോഹത്തോടെ ഓരിയിടുന്ന കുറുക്കന്റെ ചിന്തയോടെ കെ. എം. മാണിയെന്ന സമാനതകളില്ലാത്ത രാഷ്ട്രീയ നക്ഷത്രത്തിന്റെ ശോഭ കെടുത്താമെന്ന് വ്യാമോഹിക്കുന്നവർ നിരാശരാകും. കെ. എം. മാണി സാർ സൂര്യശോഭയോടെ മുന്നോട്ടുപോകും. അതിൽ ഒരു സംശയവുമില്ല. ഞാൻ ഈ നയപ്രഖ്യാപന

പ്രസംഗത്തിന്മേൽ നടത്തുന്ന നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എളമരം കരീം: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. പൊള്ളയായ ഒരു വാചക കസർത്താണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. ഈ ഗവൺമെന്റിനുവേണ്ടി അദ്ദേഹത്തെക്കൊണ്ട് പറയിച്ചിരിക്കുന്നത് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ്. നയപ്രഖ്യാപന പ്രസംഗത്തിന്റെ രണ്ടാമത്തെ പേജിൽ പറയുന്നത് 'കഴിഞ്ഞ 45 മാസങ്ങളിലായി ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ യഥാർത്ഥത്തിൽ "ദൈവത്തിന്റെ സ്വന്തം നാടായി" മാറ്റിയിട്ടുണ്ട്' എന്നാണ്. ഇതിൽ ഒരു ചെറിയ ഭേദഗതി ആവശ്യമുണ്ട്. "ചെകുത്താന്റെ സ്വന്തം നാടായി" മാറ്റിയിരിക്കുന്നു എന്ന്. കാർഷിക മേഖലയിൽ സർക്കാരിന് എന്ത് വികസന പ്രവർത്തനമാണ് നടത്താൻ കഴിഞ്ഞത്? 5-ാമത്തെ പേജിൽ 'കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്രതിഫലദായകമായ വില ലഭിക്കുവാൻ സഹായകമാകും

വിധം എന്റെ സർക്കാരിന് ഫലപ്രദമായി വിപണി ഇടപെടൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.' എന്ന് പറഞ്ഞിട്ടുണ്ട്. റബ്ബറിന്റെ കാര്യത്തിൽ, കമ്പനികളുമായി

ചർച്ച ചെയ്ത് റബ്ബർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ധാരണയുണ്ടാക്കി എന്ന പ്രഖ്യാപനത്തിലപ്പുറം റബ്ബർ കർഷകർക്ക് ആശ്വാസകരമാകുന്ന എന്തെങ്കിലും നടപടി ഈ ഗവൺമെന്റിന് എടുക്കാൻ സാധിച്ചിട്ടുണ്ടോ? തേയിലയുടെ വില വൻതോതിൽ കുറഞ്ഞു വരികയാണ്. നെല്ലുല്പാദനത്തിൽ, ഗവൺമെന്റ് നെല്ല് ഏറ്റെടുത്തതിന്റെ കാശ് കൊടുക്കാത്തതുകൊണ്ട് കർഷകർ പ്രതിസന്ധിയിലാണ്. കർഷകർ കുട്ടനാട്ടിലെ നെൽവയലുകൾ വൻതോതിൽ മണ്ണിട്ട് നികത്തി നെൽകൃഷി ഉപേക്ഷിച്ച് പോവുകയാണ്. കാർഷികമേഖലയിൽ എന്തു വികസന നയമാണ് നടപ്പാക്കാൻ സാധിച്ചത്? തൊഴിൽരംഗത്ത് പുതിയതായി തൊഴിൽ കൊടുക്കുന്ന എന്തു പദ്ധതിയാണ് കൊണ്ടുവരാൻ സാധിച്ചത്? കേരളത്തിൽ രണ്ട് ദശലക്ഷത്തിലധികം വരുന്ന പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കയർ തൊഴിലാളികളുടെ വലിയ പ്രക്ഷോഭം നടക്കുകയാണ്. മൂന്നു ലക്ഷത്തി നാൽപ്പതിനായിരം പേർ ഉപജീവനം കഴിച്ചിരുന്ന ആ മേഖലയിൽ നാൽപ്പതിനായിരം പേർക്കു മാത്രമാണ് തുച്ഛമായ ജോലിയുള്ളത്. അതിനെ പുനരുദ്ധരിക്കുമെന്നുള്ള ഒരു വാക്ക് ഈ നയപ്രഖ്യാപനത്തിലുണ്ടോ; അതുപോലെ മത്സ്യത്തൊഴിലാളി മേഖലയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ഉത്തരവാദി യു.പി.എ. സർക്കാരാണ്. ഡോ.

മീനാകുമാരി കമ്മിറ്റിയെ അപ്പോയിന്റ് ചെയ്തത് യു.പി.എ. സർക്കാരാണ്. ഇൻഡ്യൻ സമുദ്രാതിർത്തി യിൽ വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി കൊടുത്തത് യു.പി.എ. സർക്കാരാണ്. ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയത് എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്താണ്. ശ്രീ. ടി. എൻ. പ്രതാപൻ ജാഥ നടത്തിയാൽ ഈ കാപട്യം മറച്ചുവയ്ക്കാൻ സാധിക്കുമോ; സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഉദാരവത്ക്കരണ നയം കേന്ദ്ര ഗവൺമെന്റും യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും നടപ്പാക്കിയ നയം തന്നെയാണ്. പരമ്പരാഗത തൊഴിലുകൾ തകർന്നാലും നിങ്ങൾക്ക് യാതൊരു പരിഭവവും ഇല്ല. തീരദേശ പരിപാലന ചട്ടത്തിലെ പ്രശ്നങ്ങൾ കാരണം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം സാധിക്കുന്നില്ല. കടാശ്വാസ പദ്ധതി നടപ്പാക്കുന്നില്ല. കടാശ്വാസ നിയമം വെറും നോക്കുകുത്തിയായി. മണ്ണെണ്ണ സബ്സിഡി നിരക്കിൽ കൊടുക്കാൻ കൂടുതൽ അളവിന് കിട്ടുന്നില്ല. മത്സ്യഫെഡ് വെറും നോക്കുകുത്തിയായി. ആർക്കുവേണ്ടിയാണ് ഈ നയപ്രഖ്യാപനം? കേരളത്തിലെ പരമ്പരാഗത മേഖലയിലെ തൊഴിലാളികളായ കൈവേലക്കാർ, കൈത്തറി-ഖാദി തൊഴിലാളികൾ മുതലായവർ പട്ടിണിയിലായി. വ്യവസായ മേഖലയിൽ പുതിയ നിക്ഷേപത്തിന്റെ അവസ്ഥ എന്താണ്? എമർജിംഗ്

കേരളയുടെ ഭാഗമായി എത്ര കോടി രൂപയുടെ നിക്ഷേപം വന്നു എന്ന് ഈ നയപ്രഖ്യാപനത്തിൽ ഒരു ദിശാബോധം നല്കത്തക്ക നിലയിൽ പറയാൻ സാധിക്കുമോ? പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും പി.പി.പി. മോഡലായാലും കേന്ദ്ര നിക്ഷേപമായി നാലു വർഷത്തിനുള്ളിൽ എന്തു വന്നു; ഏത് മേഖലയിൽ വന്നു? സ്റ്റാർട്ട് അപ് വില്ലേജുകൾ, സ്വയം സംരംഭകത്വ പദ്ധതികൾ എന്നൊക്കെ ബഡ്ജറ്റിൽ പറഞ്ഞ് നടന്ന വാഗ്ദാനങ്ങൾ എത്ര നടപ്പാക്കി എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്താൻ സന്നദ്ധമാണോ? എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യാപിറ്റേഷൻ ഫീസ് നല്കാൻ വായ്പ വാങ്ങിയ എഞ്ചിനീയറിംഗ് ഗ്രാജുവേറ്റ്സ് ആയ മുഴുവൻ വിദ്യാർത്ഥികളും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രതിസന്ധിയിലാണ്. ബി.എസ്സി. നഴ്സിംഗ് കോഴ്സ് പഠിക്കാൻ വായ്പ വാങ്ങിയവർ ജപ്തിയെ നേരിടുകയാണ്. യുവതലമുറ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് എന്തെങ്കിലും ഒരു ആശങ്ക ഈ നയപ്രഖ്യാപനത്തിന്റെ ഭാഗമായി നിങ്ങൾക്ക് പങ്കുവയ്ക്കാൻ സാധിക്കുന്നുണ്ടോ?

ഇവിടെ റോഡു വികസനത്തിന്റെ കാര്യം പറഞ്ഞു. എൻ.എച്ച്.എ.ഐ.-യുടെ വടക്കൻ കേരളത്തിൽ കോഴിക്കോടുള്ള ഓഫീസ് അടച്ചുപൂട്ടി. നിങ്ങൾക്ക് സ്ഥലം ഏറ്റെടുത്ത് കൊടുക്കാൻ കഴിയുന്നില്ല. സ്ഥലം ഏറ്റെടുത്ത് കൊടുക്കണമെങ്കിൽ

ഇച്ഛാശക്തിയോടുകൂടി അതിന്റെ നടപടി സ്വീകരിക്കണ്ടേ? കോഴിക്കോട് നഗരവികസന പാതയുടെ പ്രവൃത്തി ആരംഭിക്കും എന്ന് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞു. കഴിഞ്ഞ നയപ്രഖ്യാപനത്തിലും ഇതേ വാചകം ഉണ്ടായിരുന്നു. ഒന്നും ആരംഭിച്ചിട്ടില്ല. ഈ പ്രസംഗത്തിൽ അത് വീണ്ടും ആവർത്തിക്കുകയാണ്. ഗവൺമെന്റ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കുടുങ്ങി. തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ ഫണ്ട് ട്രഷറിയിലേക്ക് മാറ്റാൻ തീരുമാനമെടുത്തവരല്ലേ നിങ്ങൾ; തൊഴിലാളികൾ അവരുടെ ക്ഷേമപദ്ധതിയിലേക്ക് നല്കുന്ന വിഹിതവും അവരുടെ തൊഴിലുടമകൾ നല്കുന്ന വിഹിതവും ചേരുന്ന ഫണ്ട് തൊഴിലാളികളുടെ ക്ഷേമത്തിന് വിനിയോഗിക്കാനുള്ള അധികാരം ആ ബോർഡിനാണ്. എന്നാൽ ബോർഡുമായി ആലോചിക്കാതെ ട്രഷറിയിലേക്ക് മാറ്റണമെന്ന് ഉത്തരവിറക്കാൻ സർക്കാരിന് എന്ത് അധികാരമാണുള്ളത്; മാത്രമല്ല, ഈ സാമ്പത്തിക പ്രതിസന്ധി എങ്ങനെ വന്നു; സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തിയില്ല. ശമ്പള കമ്മീഷൻ ഒരു നടപടിയും സ്വീകരിച്ചില്ല. ശമ്പള കമ്മീഷൻ വെറുതെ കാലം നീട്ടിക്കൊണ്ടുപോകുകയാണ്. അടുത്തുവരുന്ന സർക്കാരിന്റെ തലയിലേക്ക് മാറ്റിവയ്ക്കുക എന്നതാണ് ലക്ഷ്യം. അടുത്ത സാമ്പത്തിക വർഷത്തിൽ അത്

പൂർത്തിയാക്കാൻ സാധിക്കുമെന്ന് പറയാൻ കഴിയുമോ? എവിടെ നിന്നു വന്നു ഈ ബാധ്യതകളൊക്കെ? ക്ഷേമപദ്ധതികളൊന്നും കൊടുക്കുന്നില്ല. ഈ വർഷം ക്ഷേമപദ്ധതിയിൽ വാർദ്ധക്യകാല പെൻഷനുകൾ ഉൾപ്പെടെ നിരവധി ക്ഷേമ പെൻഷനുകൾ കിട്ടേണ്ട ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്വാസം ലഭിക്കുന്നില്ല. ഏതെങ്കിലും വികസനപ്രവർത്തനം നടത്തിയതു കൊണ്ടാണോ പൊതുമേഖലയിലോ മറ്റേതെങ്കിലും മേഖലയിലോ വലിയ നിക്ഷേപങ്ങൾ നടത്തിയതിന്റെ പേരിലാണോ ഇത്തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി വന്നിട്ടുള്ളത്. അഴിമതിയുടെ കാര്യം ഇവിടെ പറഞ്ഞു. അഴിമതിയുടെ കാര്യം പറയുമ്പോൾ ശ്രീ. തോമസ് ഉണ്ണിയാടനെപ്പോലുള്ള ആളുകൾ ലക്ഷണംകെട്ട 13-ാം തീയതിയുടെ പേരും പറഞ്ഞ് ഊറ്റം കൊള്ളുന്നതുകണ്ടു. വെല്ലുവിളികൾ കേൾക്കുമ്പോൾ ഒരു ചെറിയ കഥ എനിക്ക് ഓർമ്മ വരുന്നു. ഒരു ചെറിയ വികൃതി പയ്യൻ വെളിമ്പറമ്പിൽ മാവിന്റെ ചുവട്ടിലിരുന്ന് പരസ്യമായി മലമൂത്ര വിസർജ്ജനം ചെയ്യുകയായിരുന്നു. അപ്പോൾ അവന്റെ മുമ്പിൽ ഒരു മാങ്ങ വീണു. ഉടൻതന്നെ ആ മാങ്ങ എടുത്ത് അവൻ കടിക്കുകയും മറ്റേ കാര്യം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതുകണ്ട ഒരു നാട്ടുകാരണവർ ചോദിച്ചു എന്തിനാ മോനേ ഇതു രണ്ടും കൂടി ചെയ്യുന്നത്? എന്നാൽ ഞാൻ ഇതിൽ കുത്തിയിട്ടാ തിന്നുന്നത് എന്നു പറഞ്ഞു. ആ പയ്യനെപ്പോലെ വാശി പിടിച്ച്

വർത്തമാനം പറയുന്നതുപോലെയാണ് ശ്രീ. തോമസ് ഉണ്ണിയാടന്റെ പ്രസംഗം കേട്ടപ്പോൾ എനിയ്ക്ക് തോന്നിയത്. അങ്ങനെയാണോ ഇവിടെ ഒരു പ്രശ്നം ഉന്നയിക്കുന്നത്; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിൽ ബഡ്ജറ്റിലെ ശിപാർശകൾ പോലും സ്വന്തം താല്പര്യത്തിനുവേണ്ടി ഉപയോഗിക്കുന്നു എന്ന അർത്ഥത്തിലാണ് 'ബഡ്ജറ്റ് വില്ക്കുന്നു' എന്ന ഗുരുതരമായ ആരോപണം വന്നത്. ഇന്നുവരെ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിലും ആരോപണം വന്നിട്ടില്ല. വ്യക്തിപരമായി ഒരാൾ ഇത്ര പണം നല്കി എന്ന് പരസ്യമായി ആരോപണം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് വിജിലൻസ് ക്വിക്ക് വെരിഫിക്കേഷൻ നടത്തി ഗുരുതരമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. തയ്യാറാക്കി ആ കേസുമായി മുന്നോട്ടു പോകുന്നത്. മന്ത്രിസഭയിലെ ഉത്തരവാദപ്പെട്ട ഒരു മന്ത്രിയുടെ പേരിൽ ഉയർന്നുവന്ന ആരോപണം പ്രഥമദൃഷ്ട്യാ ശരിയാണെന്ന് ബോധ്യപ്പെട്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അദ്ദേഹത്തെ പ്രതി ചേർത്ത് അന്വേഷണം നടത്തുന്ന ഘട്ടത്തിൽ എത്തിയിട്ടും നിങ്ങൾ കുലുങ്ങുന്നില്ലായെന്ന് പറഞ്ഞാൽ അതിനൊക്കെ എന്ത് മറുപടിയാണ് പറയേണ്ടത്; ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെപ്പോലെ വലിയ പാരമ്പര്യമുള്ള ഒരു പാർട്ടി ഇത്തരത്തിലുള്ള നിലപാടുകളെ എങ്ങനെയാണ് ന്യായീകരിച്ച

നില്ക്കുന്നത്; ഇതായിരുന്നോ പഴയകാല പാരമ്പര്യം? ഇത് കേരളത്തിന് ഭൂഷണമാണോ; രാഷ്ട്രീയത്തിലെ ധാർമ്മികതയെ സംബന്ധിച്ച് വലിയ പ്രസംഗങ്ങൾ നടത്തുകയും കേൾക്കുകയും ചെയ്യാറുണ്ടല്ലോ; ഈ ഘട്ടത്തിലെങ്കിലും ആ ചുമതലയിൽ നിന്ന് അദ്ദേഹത്തെ മാറ്റി നിർത്തേണ്ടത് സഭയുടെ അന്തസ്സും ജനാധിപത്യമൂല്യങ്ങൾ അംഗീകരിക്കുന്നവരും പാലിക്കേണ്ട മര്യാദയല്ലേ; അതല്ലേ ഇടതുപക്ഷ ജനാധിപത്യമുന്നണി പറഞ്ഞിട്ടുള്ളൂ. അഴിമതിയാരോപണങ്ങളുടെ പെരുമഴയെക്കുറിച്ചാണ് ഏതാനും ദിവസങ്ങളായി മാധ്യമങ്ങളും ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും ഒരുമിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്തൊക്കെ പറഞ്ഞാലും ഇതൊന്നും ഞങ്ങൾക്ക് ബാധകമല്ല, അങ്ങനെ ഉമ്മാക്കി കാട്ടി പേടിപ്പിക്കേണ്ടതില്ല എന്ന നിലയിൽ പ്രസംഗിച്ച് പോയാൽ..... അങ്ങനെയാണോ പ്രശ്നങ്ങളെ നേരിടേണ്ടത്? ഇത് യു.ഡി.എഫ്. എന്നു പറയുന്ന രാഷ്ട്രീയ സംവിധാനത്തിന്റെ പാപ്പരത്തമാണ് കാണിക്കുന്നത്. വീണ്ടും ഈ നയപ്രഖ്യാപനത്തിലേക്ക് വന്നാൽ അതിൽ പറഞ്ഞിട്ടുള്ളതെല്ലാം വെറും പൊള്ളയായ വാഗ്ദാനങ്ങളും വാചക കസർത്തുകളും മാത്രമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും. 26-ാം പേജിലെ 49-ാമത്തെ പാരഗ്രാഫിൽ കൊച്ചിയിലെ ബി.പി.സി.എൽ. റിഫൈനറിയുടെ ശുദ്ധീകരണശേഷി

വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പറയുന്നുണ്ട്. അതിൽ കേരള സർക്കാരിനുള്ള പങ്ക് എന്താണ്? കേന്ദ്ര പൊതുമേഖലാ സ്ഥാപനം ഡയറക്ടർ ബോർഡ് തീരുമാനം അനുസരിച്ച് അവരുടെ ഫണ്ട് വിനിയോഗിക്കുന്നതാണോ നമ്മുടെ നേട്ടമായി ചിത്രീകരിക്കേണ്ടത്. 27-ാമത്തെ പേജിൽ 'എൽ.എൻ.ജി. പൈപ്പ് ലൈൻ പ്രോജക്ട് സംസ്ഥാനത്തിന്റെ വികസനത്തിന് നിർണ്ണായകമായിട്ടുള്ളതാണ് ' എന്ന് ചൂണ്ടിക്കാണിക്കുന്നു. നാലു കൊല്ലമായിട്ടും ഒരു കിലോമീറ്റർ നീളം പോലും ആ പൈപ്പ് ഇടൽ പദ്ധതി നടത്താൻ സാധിച്ചോ; ആരും സഹകരിക്കാത്തതുകൊണ്ടാണോ; 28-ാമത്തെ പേജിൽ 'കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി എല്ലാ പ്രവർത്തന മേഖലകളിലും വലിയ പുരോഗതി കൈവരിച്ചു.' എന്നുപറയുന്നുണ്ട്. ഏഴര ദശലക്ഷം സ്ക്വയർ ഫീറ്റ് ബിൽറ്റ് അപ് ഏരിയ ഉണ്ടാക്കണമെന്ന കരാറിലാണ് ഈ സംരംഭകർക്ക് ഭൂമി നല്കിയത്. ഇതുവരെ എത്ര ഉണ്ടായി? കഴിഞ്ഞ വർഷം പറഞ്ഞ അതേ സ്ഥാനത്ത് നില്ക്കുകയാണ്. ഗതാഗതമേഖലയിൽ, ദേശീയ പാതകളുടെ വികസനം വളരെ നിർണ്ണായകമാണെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞു. ദേശീയ പാത വികസനത്തിൽ എന്തു ചെയ്യാൻ സാധിച്ചുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ പ്രഖ്യാപിച്ചു. മോണോ റെയിലിന്റെ പേരിൽ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും കോഴിക്കോട് എം.പി.യുടെയും ചിത്രങ്ങൾ വച്ച ബോർഡുകൾ അവിടത്തെ ഇലക്ട്രിക് പോസ്റ്റിലും തെങ്ങിലുമൊക്കെ കെട്ടിയിട്ടു. അതെല്ലാം നരച്ചുകീറി. അതിനുശേഷം മോണോ റെയിൽ പദ്ധതി ഒഴിവാക്കി. ഇപ്പോൾ പറയുന്നു ലൈറ്റ് മെട്രോയാണെന്ന്. എവിടെയാണ് അതിന് മാതൃക; ലൈറ്റ് മെട്രോ സ്ഥാപിച്ചതിന്റെ പ്രോജക്ട് റിപ്പോർട്ട് എന്താണ്; എത്ര കോടി രൂപ ചെലവു വരും; എന്താണ് അതിന്റെ ബാധ്യതകൾ; എവിടെ നിന്നാണ് അതിന്റെ  വരുമാനം; ഏതു മാനേജ്മെന്റിലാണ്; എന്തെങ്കിലും വ്യക്തതയുണ്ടോ; കോഴിക്കോട് നഗരത്തിലെ എം.എൽ.എ.മാരുമായോ ജനപ്രതിനിധി കളുമായോ എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടാണോ വികസന പദ്ധതികൾ പ്രഖ്യാപിക്കുന്നത്? ഇത് ആർക്കുവേണ്ടിയാണ്? കെ.സ്.ആർ.ടി.സി. ഈ വർഷം കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുന്നുവെന്നുപറയുന്നു. എന്താണ് കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥ? ശമ്പളവും പെൻഷനും മുടങ്ങുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ഒരു കാര്യംകൂടി വ്യക്തമാക്കണം. നവംബർ മാസത്തിൽ ട്രേഡ് യൂണിയനുകളെല്ലാം ചേർന്ന് അങ്ങയുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് കൂടി ഒരു തീരുമാനമെടുത്തിരുന്നു. ആ തീരുമാനം നടപ്പാക്കാൻ വേണ്ടിയെങ്കിലും ട്രാൻസ്പോർട്ട്

വകുപ്പുമന്ത്രി സന്നദ്ധമാകണ്ടേ? കെ.എസ്.ആർ.ടി.സി-യെ പുനരുദ്ധരിപ്പിക്കുന്നതിനെക്കുറിച്ച് പഠനം നടത്താൻ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വയ്ക്കണമെന്നാണ് തീരുമാനം. അത് ഇതുവരെ വച്ചില്ലല്ലോ? കെ.എസ്.ആർ.ടി.സി-യുടെ കടബാധ്യതകൾ കമ്പനിയിൽ ഷെയറാക്കി മാറ്റുകയെന്നാണ് മറ്റൊരു തീരുമാനം. അത് ഗവൺമെന്റിന് വേഗത്തിൽ ചെയ്യാവുന്നതല്ലേയുള്ളൂ. കെ.ടി.ഡി.എഫ്.സി-യുടെ പലിശ കൂടിയ ലോൺ മറ്റ് ബാങ്കുകളിലേക്ക് കൺവെർട്ട് ചെയ്ത് പലിശ ഭാരത്തിൽനിന്ന് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുക. അത് ചെയ്തോ? എന്നാൽ തൊഴിലാളി സംഘടനകൾ അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചു. കെ.എസ്.ആർ.ടി.സി-യുടെ വരുമാനം വർദ്ധിപ്പിക്കാൻ തൊഴിലാളികൾ മുന്നിട്ടിറങ്ങി. വരുമാനം വർദ്ധിപ്പിച്ച് ഈ സ്റ്റേറ്റിന് മാതൃക കാണിച്ചുകൊടുത്തു. എന്നാൽ ഗവൺമെന്റ് ചെയ്യേണ്ടത് ചെയ്തോ; ഈ ഗവൺമെന്റ് വന്നതിനുശേഷം 1100 ബസ്സുകളാണ് പുതിയതായി നിരത്തിലിറക്കിയത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവസാനത്തെ മൂന്ന് വർഷത്തിൽ, ഓരോ വർഷവും 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിരുന്നു. യു.ഡി.എഫ്. സർക്കാർ 1100 ബസ്സിറക്കിയപ്പോൾ 1146 ബസ്സുകൾ കാലപ്പഴക്കംകൊണ്ട് കണ്ടം (scrap) ചെയ്തു. എന്താണ്

കെ.എസ്.ആർ.ടി.സി- യുടെ അവസ്ഥ; എന്ത് പുരോഗതിയാണുള്ളത്? നയപ്രഖ്യാപനത്തിലെ മറ്റൊരു വാചക കസർത്താണ് 'ലിക്കർ ഫ്രീ കേരള' - ലിക്കർ ഫ്രീ കേരളയാണോ വന്നിട്ടുള്ളത്; മദ്യനിരോധനമെന്ന പേരിൽ ഉണ്ടാക്കിയ സകല വിവാദങ്ങളും അഴിമതി നടത്താനായിരുന്നു എന്നല്ലേ ഇതിലൂടെ വ്യക്തമായത്. മാത്രമല്ല അടച്ചുപൂട്ടപ്പെട്ട ബാറുകൾ ബാറുടമകളുടെ സമ്മർദ്ദത്തിന് വഴങ്ങി വളയ്ക്കണോ ഒടിക്കണോ എന്ന് ബാറുടമകൾ അവരുടെ യോഗത്തിൽ നടത്തിയ ചർച്ചയുടെ ശബ്ദരേഖ പുറത്തുവന്നില്ലേ; അവസാനം വളയ്ക്കലിൽ സംഗതി എത്തിനിന്നത് പണത്തിന്റെ ഹുങ്ക് കൊണ്ടല്ലേ; ആ ബാറുകൾക്കെല്ലാം ഇന്ന് ബിയർ പാർലർ അനുവദിച്ചുകിട്ടിയില്ലേ; അവരുടെ ബിസിനസ് നല്ല നിലയിൽ നടക്കുന്നില്ലേ? ഇവിടെയാണ് മദ്യവിമുക്ത പ്രസ്ഥാനമുണ്ടായത്. ബിവറേജസ് കോർപ്പറേഷന്റെ 10 ശതമാനം ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടിയിട്ടും ആ തൊഴിലാളികളെ വഴിയാധാരമാക്കുന്ന നടപടി മാത്രമല്ലേ നിങ്ങൾ സ്വീകരിച്ചത്? ഒരു കാര്യം ഈ ഗവൺമെന്റിനോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബിവറേജസ് കോർപ്പറേഷന്റെ അടച്ചുപൂട്ടിയ ഔട്ട്ലെറ്റുകൾ തുറക്കുകയോ അവർക്കും ഈ സ്വകാര്യ മുതലാളിമാർക്ക് നൽകിയതുപോലെ ബിയർ പാർലറുകൾ നൽകുകയോ ചെയ്തുകൊണ്ട് അതിനെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ ഒരൊറ്റ ഔട്ട്ലെറ്റും പ്രവർത്തിക്കാത്ത

വിധത്തിൽ തൊഴിലാളികളുടെ സമരത്തെ നേരിടേണ്ടി വരും. സി.ഐ.ടി.യു. മാത്രമല്ല ഐ.എൻ.ടി.യു.സി. ഉൾപ്പെടെ എല്ലാവരും ചേർന്ന് നിങ്ങളുടെ നയം മുഴവൻ നടപ്പാക്കി ബിവറേജസ് കോർപ്പറേഷനിലെയും കൺസ്യൂമർഫെഡ്ഡിലെയും തൊഴിലാളികളെയും ആ പ്രസ്ഥാനത്തെയും അനാഥമാക്കുവാനും തെരുവാധാരമാക്കുവാനും ഞങ്ങൾ അനുവദിക്കില്ല. കേരളത്തിൽ ഉയർന്നുവരുന്ന തൊഴിലാളി സമരം.... ഞാൻ ഇന്ന് സെക്രട്ടേറിയറ്റിനുമുന്നിൽനിന്നാണ് വരുന്നത്. അവിടെ നിർമ്മാണ തൊഴിലാളികളുടെയും സർക്കാർ ജീവനക്കാരുടെയും അനിശ്ചിതകാല സമരം നടക്കുന്നു. കൂടാതെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ കയർ തൊഴിലാളികളുടെ അനിശ്ചിതകാല സമര സന്ദേശവുമായി ഒരു ജാഥ വരുന്നു. അംഗനവാടി തൊഴിലാളികളുടേയും ഖാദി തൊഴിലാളികളുടെയും സമരം നടക്കുന്നു. അവിടെ എല്ലാ കൊടികളും എല്ലാ തൊഴിലാളികളും എല്ലാ സംഘടനകളുമുണ്ട്. ഈ വികാരം ഉൾക്കൊള്ളാൻ കഴിയാത്ത ഈ ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാട് എന്താണ്? വികസനമെന്നു പറഞ്ഞാൽ മനുഷ്യന്റെ ജീവിതത്തിന്റെ വികസനമായിരിക്കണം. ഗ്രോത്തും ഡെവലപ്മെന്റ്സും രണ്ട് വാക്കാണ്. ജി.ഡി.പി. ഗ്രോത്ത് റേറ്റ് കാണിച്ച് വികസനത്തിന്റെ വലിയ നേട്ടങ്ങൾ ഉദ്ധരിച്ചുനടന്ന എൻ.ഡി.എ. ഗവൺമെന്റിന്റെയും യു.പി.എ. ഗവൺമെന്റിന്റെയും

നയത്തിലേക്ക് പോകുന്നതിനു പകരം കൊട്ടിഘോഷിക്കുന്ന കേരള മോഡൽ എന്നു പറഞ്ഞാൽ സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടാണ്. അതിന്റെ കടയ്ക്കൽ കത്തി വച്ചുവെന്ന നേട്ടം മാത്രമേ യു.ഡി.എഫ്. ഗവൺമെന്റിനുള്ളൂ. ആ നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. അതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. എ. എ. അസീസ്</u> : സർ, ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മുമ്പ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനങ്ങളെ എതിർത്തു സംസാരിച്ചിട്ടുള്ള ഒരാളാണ് ഞാൻ. ഇപ്പോൾ ഞാൻ അനുകൂലമായിട്ടാണ് സംസാരിക്കുന്നത്. അതിന് കാരണമുണ്ട്. എന്റെ പാർട്ടി യു.ഡി.എഫ്.-ന്റെ ഭാഗമാവുകയും അന്ന് യു.ഡി.എഫ്.-ൽ ഉണ്ടായിരുന്ന ശ്രീ. ഷിബു ബേബി ജോണിന്റെ പാർട്ടിയുമായി ലയിച്ച് ഒരു പാർട്ടിയായി രൂപപ്പെടുകയും ചെയ്തതിന്റെ പേരിൽ ഞാൻ യു.ഡി.എഫ്.-ൽ ആയി. യു.ഡി.എഫ്-ൽ ഞങ്ങൾക്ക് മാന്യമായ സ്ഥാനം ലഭിക്കുകയും അത് തുടരുകയും ചെയ്യുന്നുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിട്ടുള്ള സംസ്ഥാനത്ത് നടപ്പാക്കിയ ജനപ്രിയ പ്രവർത്തനങ്ങളെയും സംസ്ഥാനത്ത് 5 സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് നാല് കൊല്ലം കൊണ്ട് 9 മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാനുള്ള തീരുമാനത്തെയും അഭിനന്ദിക്കാതിരിക്കാൻ

കഴിയില്ല. ഞാൻ ഉൾപ്പെടെ ഉണ്ടായിരുന്ന എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് ഒരെണ്ണം പോലും ആരംഭിക്കാൻ കഴിഞ്ഞില്ലല്ലോ? ഇ.എസ്.ഐ. കോർപ്പറേഷൻ ആരംഭിക്കാൻ തീരുമാനിച്ച കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലെ മെഡിക്കൽ കോളേജ് അനേകായിരം തൊഴിലാളികളുടെ ആശ്രയമായിരുന്നു. അത് യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചതാണ്. യു.പി.എ. ഗവൺമെന്റ് പോയതിനുശേഷം നിലവിലുള്ള എൻ.ഡി.എ. ഗവൺമെന്റ് ആ പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്തത്. ആ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചത് ചെറിയ കാര്യമാണോ; ഇ.എസ്.ഐ. മെഡിക്കൽ കോളേജ് പാരിപ്പള്ളിയിൽ ഏറ്റെടുക്കാൻ തീരുമാനിച്ചത് കശുവണ്ടി തൊഴിലാളികൾക്കും ഇ.എസ്.ഐ. കോർപ്പറേഷനുകളുൾപ്പെടെയുള്ള ഈ രാജ്യത്തെ മുഴുവൻ തൊഴിലാളി കൾക്കും വേണ്ടിയാണ്. ഒരു കശുവണ്ടി ഫാക്ടറിയും ഇതുവരെ പൂട്ടിയിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള ക്ഷേമ പെൻഷനുകൾ വളരെ മാതൃകാപരമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വെൽഫെയർ സ്കീമുകൾവഴി നടപ്പാക്കിയിരുന്ന പെൻഷനുകൾ 300 രൂപയാണ്. 400 രൂപ കൊടുക്കാമെന്ന് പിന്നീട് തീരുമാനിച്ചെങ്കിലും കൊടുത്തില്ല. 300 രൂപയായിരുന്നത് 600 രൂപയായി

ഉയർത്താൻ മൂന്ന് കൊല്ലംകൊണ്ട് ഈ സർക്കാരിന് സാധിച്ചു. ക്ഷേമപെൻഷനുകൾ കശുവണ്ടിത്തൊഴിലാളികൾക്കും കയർത്തൊഴിലാളി കൾക്കും അങ്ങനെ മുഴുവൻ തൊഴിലാളികൾക്കും കൊടുത്തു. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന ജനപ്രിയ പദ്ധതികളെ സംബന്ധിച്ചിടത്തോളം എൽ.ഡി.എഫ്-ന് പറയാൻ ഒന്നുമില്ല. ഇവരെല്ലാം അഴിമതിയുടെ കാര്യത്തിലാണ്. യഥാർത്ഥത്തിൽ അഴിമതി എന്ന് പറയുമ്പോൾ 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒറ്റയ്ക്ക് ഭരിച്ചു, 1967-ൽ മുന്നണിയായി ഭരിച്ചു, 1957-ൽ ഇ.എം.എസ്. ആണ് പറഞ്ഞത് - അഴിമതിയാരോപണം ഉന്നയിച്ചാൽ ഒരു മന്ത്രി രാജിവയ്ക്കണമെന്നുണ്ടോ? ഇ.എം.എസ്. ആണ് മാതൃക കാട്ടിയത്. അദ്ദേഹമാണ് സഭയിൽ പറഞ്ഞത്. അരിക്കച്ചവടത്തിന്റെ പേരിൽ ഒരു മന്ത്രി രാജിവയ്ക്കണമെന്ന് പ്രതിപക്ഷം പറഞ്ഞപ്പോൾ വ്യക്തമായ തെളിവില്ലാതെ, ഒരു ആരോപണം ഉന്നയിക്കുന്നതിന്റെ പേരിൽ ഒരു മന്ത്രി രാജിവയ്ക്കേണ്ടി വന്നാൽ അങ്ങനെ ഓരോ ദിവസവും മന്ത്രിമാർ രാജിവയ്ക്കേണ്ടി വരുമെന്നാണ് ഇ.എം.എസ്. പറഞ്ഞത്. 1967-ലും ഇതേ ആരോപണ മുണ്ടായി. അന്നത്തെ മുന്നണി ഗവൺമെന്റിൽ വി. വെല്ലിംഗ് ടണിനെ സഹായിക്കാൻ, മരുന്ന് കച്ചവടത്തിൽ അദ്ദേഹം അഴിമതി കാട്ടിയെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തെ സഹായിക്കാൻ അന്ന് സി.പി.ഐ (എം) ആണ് വെല്ലിംഗ്ടണിനുവേണ്ടി വിടുപണി

ചെയ്തത്. അതിന്റെ ഫലമായിട്ടാണ് എം. എൻ. ഗോവിന്ദൻ നായർക്കും ടി. വി. തോമസിനും ബദലായി അഴിമതി ആരോപണം കൊണ്ടുവന്നത്. ഇവിടെയിരിക്കുന്ന സി.പി.ഐ.-ക്കാരിൽ പല ആളുകൾക്കും അതറിയില്ല. 1967-ൽ എം.എൻ. ഗോവിന്ദൻ നായർക്കും ടി.വി.തോമസിനും എതിരെ സി.പി.ഐ(എം).-ന്റെ ആളുകൾ അഴിമതി ആരോപണമുന്നയിക്കാൻ ഇടയായ സാഹചര്യം എന്താണ്; വി. വെല്ലിംഗ്ടണിനെതിരെ അഴിമതിയാരോപണമുന്നയിച്ചതിന് ബദലായി അന്ന് വി. വെല്ലിംഗ്ടണിനെ സഹായിച്ചത് ഇ.എം.എസ്-ഉം നിങ്ങളുടെ പാർട്ടിയുമാണ്. അതുകൊണ്ട് അഴിമതിയാരോപണത്തിന്റെ കഥ പറഞ്ഞ് ഉമ്മാക്കി കാണിക്കേണ്ട കാര്യമെന്താണ്; നമ്മൾ അപ്പുറവും ഇപ്പുറവും ഇരിക്കുന്നവരാണ്. 2001-ൽ യു.ഡി.എഫ്. ഭരിച്ചു, 2006-ൽ എൽ.ഡി.എഫ്. ഭരിച്ചു, 2011-ൽ യു.ഡി.എഫ്. ഭരിക്കുന്നു. നാളെ ആര് ഭരിക്കും? ഒരു ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിനെ ഭരിക്കാൻ അനുവദിക്കില്ല എന്നുപറയുന്ന നിഷേധാത്മക നിലപാടിന്റെ ഫലമായിട്ടാണ് കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ഇവർക്ക് ഇത്തരത്തിലുള്ള ഒരു പതനത്തിന് ഇടയായത്. മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ സമരം നടത്തിയല്ലോ; രാപ്പകൽ സമരം നടത്തിയല്ലോ; തലയിൽ മുണ്ടുമിട്ടല്ലേ അവിടെനിന്നും എഴുന്നേറ്റുപോയത്;

എങ്ങനെയാണ് ആ സമരം അവസാനിപ്പിച്ചത്; കാസർഗോഡ് നിന്നും വണ്ടിയിൽ ആള് കയറിയപ്പോൾ ഇവിടെ സമരം തീർന്നു. ഞാൻ അന്ന് എൽ.ഡി.എഫ്-ന്റെ യോഗത്തിൽ പരസ്യമായി പറഞ്ഞതാണ്. ഇങ്ങനെ സമരം അവസാനിപ്പിക്കുന്നത് തെറ്റായ പ്രവണതയല്ലേയെന്ന്? സമരം ആരംഭിക്കുമ്പോൾ ആലോചിക്കണമായിരുന്നു. അതുപോലെ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ പോയി സമരം ചെയ്തപ്പോൾ ഒരു സ്ത്രീ അവിടെവന്ന് നിങ്ങൾ എന്തിനാണ് ഇവിടെ സമരം ചെയ്യുന്നത് എഴുന്നേറ്റ് പോകൂ എന്ന് പറഞ്ഞപ്പോൾ അടുത്ത ദിവസം വാലും ചുരുട്ടി പോയവരാണ് നിങ്ങൾ. ഇങ്ങനെ പോയ ആളുകളാണ് ഇപ്പോൾ ഉമ്മാക്കി കാണിച്ച് 13-ാം തീയതി ഇവിടെ രക്തക്കളമാക്കുമെന്ന് പറയുന്നത്. അന്ന് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കും. അത് ജനാധിപത്യപരമായിത്തന്നെ സംഭവിക്കും. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട അബ്ദു സമദ് സമദാനി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പ്രസംഗിച്ച പല മെമ്പർമാരും ജനങ്ങൾക്കുവേണ്ടി എന്താണ് ഈ ഗവൺമെന്റ് ചെയ്തതെന്ന് ചോദിക്കുകയുണ്ടായി. ഇത് പുറത്തിറങ്ങി ചോദിക്കാൻ ധൈര്യമുണ്ടോ?

പുറത്തിറങ്ങി ഈ ഗവൺമെന്റിനെതിരായി ഒരക്ഷരം പറയാൻ നിങ്ങൾക്ക് കഴിയുകയില്ല. നേരത്തെ ബഹുമാനപ്പെട്ട സഖാവ് എ. എ. അസീസ് പറഞ്ഞതുപോലെ, എന്തുകൊണ്ടാണ് എല്ലാ സമരങ്ങളും ദയനീയമായി പരാജയപ്പെട്ടത്? ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന ജനക്ഷേമപരമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് പരിപൂർണ്ണ ബോധ്യം ഉള്ളതുകൊണ്ടാണ്. രാപ്പകൽ വ്യത്യാസമില്ലാതെ ഇവിടെ സമരം നടത്തിക്കൊണ്ടിരിക്കുന്നു. അപ്രഖ്യാപിത ജനസമ്പർക്കത്തിനു പുറമേ മൂന്നാമതും പ്രഖ്യാപിത ജനസമ്പർക്ക പരിപാടിയ്ക്ക് ഒരുങ്ങുന്ന ജനങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നത്. അങ്ങനെയുള്ള ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമപരമായ പ്രവർത്തനങ്ങൾ... നമ്മുടെ സംസ്ഥാനത്ത് ജനങ്ങൾ ഇതുപോലെ സംതൃപ്തരായ ഒരു കാലഘട്ടം ഇതിനുമുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. കേരളത്തിൽ ഇതിനുമുൻപ് ഭരിച്ച ഗവൺമെന്റുകൾ ഒന്നും ചെയ്തിട്ടില്ലാത്ത ജനക്ഷേമപരമായ പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നയുടനെ, നിയമസഭയിൽ അപ്പുറത്തിരിക്കുന്ന പല ആളുകളും കയറി വരുമ്പോൾ എന്റെ മനസ്സിലേയ്ക്ക് ഓർമ്മ വരുന്നത് സാമ്രാജ്യത്തിൽ മമ്മൂട്ടി വരുന്ന വരവാണ്.

ഇന്ന് മീശമാധവൻ എന്ന സിനിമയിൽ ജഗതി ശ്രീകുമാർ പട്ടാളക്കാരന്റെ വീട്ടിലേയ്ക്ക് പോകുന്നതുപോലെയാണ് പോയിക്കൊണ്ടിരിക്കുന്നത്. അത്ര ദയനീയ അവസ്ഥയിൽ ഇന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ എത്തി നിൽക്കുകയാണ്. ഈ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ, ഏതെങ്കിലും ഒരു ഗവൺമെന്റ് ജനങ്ങളുടെ മുഴുവൻ ചികിത്സാ ചെലവ് വഹിക്കാൻ ഇതിനുമുൻപ് മുന്നോട്ട് വന്നിട്ടുണ്ടോ? ഒരാളുടെയും ശിപാർശയില്ലാതെ കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്നും രണ്ടുലക്ഷം രൂപവരെ ആശുപത്രികളിലേയ്ക്ക് നേരിട്ട് എത്തിച്ചുകൊടുക്കുകയാണ് ഈ ഗവൺമെന്റ്. കേൾവിശക്തിയും സംസാരശേഷിയും ഇല്ലാത്ത പിഞ്ചുമക്കൾക്ക് കേൾവിശക്തിയും സംസാരശേഷിയും ലഭ്യമാക്കുന്നതിന് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. ബഹുമാനപ്പെട്ട അബ്ദു സമദ് സമദാനിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, നമ്മുടെ ജീവിതശൈലിയിൽ വന്നിട്ടുള്ള മാറ്റത്തിന്റെ ഫലമായി ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഒരു ഭാഗത്ത് ഫലപ്രദമായി ഈ ഗവൺമെന്റ് നടപ്പാക്കുന്നു. അതോടൊപ്പം ക്യാൻസർ രോഗം ബാധിച്ച മുഴുവൻ ആളുകൾക്കും പെൻഷൻ

കൊടുത്തുകൊണ്ടിരിക്കുകയാണ്. സ്നേഹപൂർവ്വം പദ്ധതിയിലൂടെ അനാഥ കുട്ടികളുടെ പഠന ചെലവ് മുഴുവൻ ഗവൺമെന്റ് വഹിക്കുകയാണ്. കേരളത്തെ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ബൃഹത്തായ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. വ്യാവസായിക മേഖലയിൽ ഒന്നും നടക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇന്നലെ സംസാരിക്കുകയുണ്ടായി. വ്യാവസായിക മേഖല കൂടുതൽ ചലനാത്മകമാക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജിമും, എമർജിംഗ് കേരളയും ബി-ബി യും എല്ലാം വ്യാവസായിക മുന്നേറ്റത്തിൽ വലിയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു സഹായകരമായിട്ടുണ്ട്. എറണാകുളത്ത് യുവസംരംഭർക്കുവേണ്ടി നടത്തിയ 'യെസ്' മീറ്റിൽ ആയിരക്കണക്കിന് വിദ്യാർത്ഥികളും യുവാക്കളുമാണ് ആവേശപൂർവ്വം പങ്കെടുത്തത്. ഇപ്പോൾ ഫെയ്സ് ബുക്കിലും ട്വിറ്ററിലും ബ്ലോഗിലും മാത്രമല്ല വ്യാവസായിക മേഖലയിൽ കൂടി ന്യൂ ജനറേഷൻ ആകർഷിക്കപ്പെടുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് നടത്തിയ 'യെസ്' മീറ്റിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പുതിയ യുവസംരംഭകർക്കുവേണ്ടി സമാന രീതിയിൽ മീറ്റുകൾ സംഘടിപ്പിക്കാൻ യുവാക്കൾ സ്വയം മുന്നോട്ടുവരുന്ന കാഴ്ച സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. ബഹുമാനപ്പെട്ട വ്യാവസായിക വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള

ആളുകൾ അത്തരം പരിപാടികളിൽ സംബന്ധിക്കുകയുണ്ടായി. ഏറെ വിവാദങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിട്ടും മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിനെ കേരളത്തിലെ മുഴുവൻ ജനങ്ങളും നെഞ്ചേറ്റുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. നാഷണൽ ഗെയിംസിന് വിളംബരം അറിയിച്ചുകൊണ്ടു നടത്തിയ റൺ കേരള റൺ-ഉം ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ചരിത്ര സംഭവമായി. സംസ്ഥാനത്ത് പോലീസ് നിഷ്പക്ഷവും സ്വതന്ത്രവുമായി പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടായി. കൊള്ളപ്പലിശക്കാരെ പിടിച്ചുകെട്ടാൻ നടപ്പാക്കിയ ഓപ്പറേഷൻ കുബേരയ്ക്കു ശേഷം ഗുണ്ടകളെയും ഗുണ്ടാ പ്രവർത്തനങ്ങളെയും അടിച്ചമർത്താൻ 'ഓപ്പറേഷൻ സുരക്ഷ' നടപ്പാക്കുകയാണ്. അങ്ങനെ ജനങ്ങൾക്ക് സുരക്ഷിതമായി ജീവിക്കാൻ അവസരമൊരുക്കുകയാണ് ഈ ഗവൺമെന്റ്. നിയമം നടപ്പാക്കുന്നതിൽ ഒരു വിവേചനവും ഇല്ല. ഒരു വിവേചനവുമില്ലായെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അമിത വേഗതയിൽ വാഹനം ഓടിച്ചതിന് നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ 500 /- രൂപാ ഫൈൻ അടയ്ക്കേണ്ടി വന്നത്. നിയമം നിയമത്തിന്റെ വഴിക്ക് തന്നെയാണ് പോകുന്നത് എന്നാണ് ഇത് തെളിയിക്കുന്നത്. സംസ്ഥാനത്തെ പോലീസ് സേന ഏറെ സംതൃപ്തരായതു കൊണ്ട് പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കാൻ ഉള്ള സി.പി.ഐ. (എം)-ന്റെ നീക്കം

പരാജയപ്പെടുകയുണ്ടായി. പാവപ്പെട്ടവന്റെ പേരിൽ സംസാരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞകാലയളവിൽ ആലോചിക്കാൻ പോലും കഴിയാത്ത വിപ്ലവകരമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. മുഴുവൻ പാവപ്പെട്ടവനെയും ഭൂവുടമകളാക്കുന്നതിനുവേണ്ടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് രൂപം നൽകി. പ്രഖ്യാപനം മാത്രമല്ല രണ്ട് ജില്ലകൾ പരിപൂർണ്ണമായും ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. മൂന്നുസെന്റ് ഭൂമിയുടെ പട്ടയം എല്ലാ പാവങ്ങൾക്കും നൽകിക്കൊണ്ടാണ് അങ്ങനെ ഒരു പ്രഖ്യാപനം നടത്തിയത്. മറ്റു ജില്ലകളിലും അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുക യാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കു പുറമേ ജനങ്ങൾ ഏറെ പ്രയാസപ്പെടുന്ന റവന്യൂ വകുപ്പിലെ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുവേണ്ടി റവന്യൂവകുപ്പുമന്ത്രി എല്ലാ ജില്ലകളിലും റവന്യൂ അദാലത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെയും ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്നു. സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗമായ പട്ടികജാതിക്കാർക്കുവേണ്ടി സംസാരിക്കാറുണ്ട് ഇവർ. എന്നാൽ പട്ടികജാതിക്കാരെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിന് ഒരു പദ്ധതിയും ഇടതുപക്ഷ മുന്നണിയുടെ കാലത്ത് ഉണ്ടായിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് പട്ടികജാതിക്കാരെ

കോളേജിന്റെ നടത്തിപ്പുകാരാക്കി. മൂന്ന് കോളേജ് പട്ടികജാതിക്കാർക്കുവേണ്ടി മാനേജ്മെന്റിന് ആരംഭിക്കാൻ മുന്നോട്ടുവന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വണ്ടൂരിൽ ഒരു കോളേജിന്റെ ശിലാസ്ഥാപനം നടത്തുകയുണ്ടായി. പട്ടികജാതിക്കാർക്കുവേണ്ടി പാലക്കാട് ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചു. ഇവിടെ പുതിയ നിയമനങ്ങൾ നടക്കുന്നില്ലായെന്നാണ് ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞത്. പുതിയ പന്ത്രണ്ട് താലൂക്കുകളും മുപ്പത് വില്ലേജുകളും ഉണ്ടായി. അവിടെയെല്ലാം പുതിയ തസ്തികകൾ ഉണ്ടായില്ലേ; എട്ട് മെഡിക്കൽ കോളേജുകൾ അനുവദിച്ചു. പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും നിയമനം നടന്നില്ലേ? എൽ.ഡി.എഫ്. ഭരണകാലത്ത് കമ്മ്യൂണിറ്റി സെന്ററുകളുടെയെല്ലാം ബോർഡ് മാറ്റി താലൂക്ക് ആശുപത്രി എന്ന് എഴുതി വച്ചു എന്നല്ലാതെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നടന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് എന്റെ മണ്ഡലത്തിലെ മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും പുതിയ തസ്തികകൾ സൃഷ്ടിച്ചത്. കൂട്ടത്തിൽ ഒരു കാര്യം കൂടി പറയട്ടെ, നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ വേണ്ട താലൂക്ക് ആശുപത്രിയിൽ ഒരു കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർപോലും ഇല്ലായെന്ന ദയനീയ അവസ്ഥ നിലനിൽക്കുകയാണ്.

ഇതിന് പരിഹാരം കാണണം. നേരത്തെ ഒന്നും ചെയ്തില്ല എന്ന് പറഞ്ഞു, സ്റ്റാഫുകളുടെ നിയമനം നടത്തിയതിനുശേഷമാണ് കാഷ്വാലിറ്റി മെഡിക്കൽ സ്റ്റാഫിന്റെ കുറവുള്ളത്. അത് പറയണം. ഉള്ള കാര്യം പറയാൻ ഞങ്ങൾക്ക് യാതൊരു മടിയും ഇല്ല. ഇനി നമുക്ക് മെഡിക്കൽ കോളേജ് അല്ല വേണ്ടത്. ഗ്രാമീണ ജനങ്ങളുടെ ചികിത്സാ കേന്ദ്രങ്ങളായ പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും സൗകര്യം മെച്ചപ്പെടുത്തണം. അവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം വേണം. നമ്മുടെ സംസ്ഥാനത്ത് റോഡുകളെല്ലാം അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളാക്കി മാറ്റുകയും നൂറ് പുതിയ പാലങ്ങൾ നിർമ്മിക്കുകയും ചെയ്ത ഗവൺമെന്റാണ് ഇത്. പൊതുമരാമത്ത് വകുപ്പ് രാജ്യത്തിന് മുഴുവൻ മാതൃകയാകുകയാണ്. അങ്ങനെയുള്ള പൊതുമരാമത്ത് വകുപ്പിനോട് ഒരു കാര്യം ഉന്നയിക്കാനുള്ളത്, മലപ്പുറം ടൗൺ ഏറെ ഗതാതഗക്കുരുക്ക് അനുഭവിക്കുന്ന ഒരു പട്ടണമാണ്. മലപ്പുറം ടൗണിൽ ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം എന്നുകൂടി ആവശ്യപ്പെടുകയാണ്. ഇരുപത്തിമൂന്ന് കോളേജ് അനുവദിച്ചതിൽ ആരംഭിച്ച കോളേജുകളിൽ ഒക്കെ തസ്തികകൾ സൃഷ്ടിച്ചു.

<u>മി. ചെയർമാൻ:</u> യെസ് ............പ്ലീസ് ... കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളിൽ നിയമനം നടന്നു. നമുക്കിനി കോളേജുകളല്ല ആവശ്യം എന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് എൽ.പി. സ്കൂളുകളും ഗവൺമെന്റ് യു.പി. സ്കൂളുകളും അപ്ഗ്രേഡ് ചെയ്യേണ്ടതായിട്ടുണ്ട്. സാമ്പത്തിക പ്രയാസ മുണ്ടെങ്കിൽപ്പോലും ഗവൺമെന്റ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണം എന്നുകൂടി ആവശ്യപ്പെടുകയാണ്. 66 പുതിയ പഞ്ചായത്തുകളും 31 മുനിസിപ്പാലിറ്റികളും പുതിയതായി വരികയാണ്. ഈ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അനുവദിച്ചപ്പോൾ ഏതാണ് മണ്ഡലം എന്നോ ആരാണ് പ്രതിനിധി എന്നോ നോക്കിയില്ല. ജനങ്ങളുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അധികാര വികേന്ദ്രീകരണം കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അവിടെയും പുതിയ പോസ്റ്റിംഗുകളും കാര്യങ്ങളും നടക്കാൻ പോകുകയാണ്. ഇങ്ങനെയുള്ള സംഗതികളൊക്കെ നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റിനെതിരെ ഈ സഭയ്ക്കകത്ത് വന്ന് വിമർശനം ഉന്നയിക്കാൻ കഴിയുന്നതല്ലാതെ പുറത്ത് ഒന്നും പറയാൻ കഴിയുകയില്ല. ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ കെ. മുരളീധരൻ പറഞ്ഞതുപോലെ പ്രതിപക്ഷത്തുള്ള രണ്ട് പ്രധാനപ്പെട്ട പാർട്ടിയുടെ സംസ്ഥാന

സമ്മേളനം നടന്നു. ആ സംസ്ഥാന സമ്മേളനത്തിൽ ഒരക്ഷരം പോലും ഈ ഗവൺമെന്റിനെതിരായോ കേന്ദ്ര ഗവൺമെന്റിന് എതിരായോ പറഞ്ഞു കേട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ വർഗ്ഗീയ അജണ്ടയ്ക്കെതിരായി ശക്തമായ പ്രക്ഷോഭം ആരംഭിക്കാനോ ഒരു ക്യാംപെയിൻ സംഘടിപ്പിക്കാനോ ഈ സഭയിൽ വന്ന് പ്രസംഗിക്കുന്ന ആളുകൾ മുന്നോട്ട് വന്നിട്ടുണ്ടോ? ആകെ നടന്നത് ഇന്നലെ നടന്ന ഡി.വൈ.എഫ്.ഐ.-യുടെ ബീഫ് സമരമാണ്. ഞങ്ങളുടെ കൂടി പങ്കാളിത്തത്തോടുകൂടിയാണ് ആ ബീഫ് സമരം വിജയിപ്പിച്ചത്. അതുപോലെ കേന്ദ്ര വിരുദ്ധ സമരവുമായി മുന്നോട്ട് വരികയാണെങ്കിൽ നേരത്തെ സഖാവ് എളമരം കരീം പറഞ്ഞതുപോലെ ട്രേഡ് യൂണിയനുകൾ ഒരുമിച്ചു നിൽക്കുന്നതുപോലെ കേന്ദ്ര വിരുദ്ധ സമരത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാം. അതിന് ആത്മാർത്ഥമായ സമരവുമായി നിങ്ങൾ രംഗത്ത് വരണം. നിയമസഭയ്ക്കകത്ത് മാത്രം പറഞ്ഞിട്ടു കാര്യമില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ് .....

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പാർട്ടിയുടെ സംസ്ഥാന സമ്മേളനം നടന്നു. സമ്മേളനത്തിൽ കാര്യമായി നടന്നത് പാർട്ടിയ്ക്കകത്തെ ആഭ്യന്തര കലഹമാണ്. പാർട്ടിയുടെ സ്ഥാപക നേതാക്കളിലൊരാളായ ഇന്ന് ജീവിച്ചിരിക്കുന്നയാളെ

പാർട്ടിയിൽ നിന്നും പുകച്ച് പുറത്ത് ചാടിക്കുന്നതിനു വേണ്ടിയുള്ള ചർച്ചകളാണ് പാർട്ടിയുടെ പ്രതിനിധി സമ്മേളനത്തിൽ നടന്നത്. പൊതു സമ്മേളനത്തിലെങ്കിലും ഈ ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും എതിരായ വിമർശനം ഉണ്ടാകും എന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. ഇരുപത് കൊല്ലക്കാലമായി പാർട്ടിയെ പിടികൂടിയിരുന്ന ദുര്യോഗം ഇതാ അവസാനിച്ചിരിക്കുന്നു എന്നാണ് സ്ഥാനം ഒഴിഞ്ഞ സെക്രട്ടറിയുടെ പൊതുസമ്മേളന പ്രസംഗത്തിൽ പറഞ്ഞത് .

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. ഉബൈദുള്ള: സർ, പാർട്ടി സഖാക്കൾ പാർട്ടി സെക്രട്ടറിയുടെ കോലം കത്തിക്കുന്ന സ്ഥിതിയിൽ എത്തി നിൽക്കുകയായിരുന്നു. ഈ ഇരുപത് വർഷക്കാലത്തെ ദുർഗതി അവസാനിച്ചിരിക്കുവെന്നല്ലാതെ ഈ ഗവൺമെന്റിനെതിരായി ഒരക്ഷരം പുറത്തുപറയാൻ പാർട്ടിയുടെ ഉത്തരവാദപ്പെട്ട ആൾക്കാർക്കുപോലും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പരാജയപ്പെട്ട സമര പരമ്പരകളിൽ മറ്റൊരു പരാജയപ്പെട്ട സമരമായി 13-ാം തീയതിയിലെ സമരം മാറാൻ പോകുകയാണ്. മാനം കെടുന്നതിനുമുൻപ് ആ സമരത്തിൽ നിന്നും പിൻമാറി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനോട് യോജിച്ചു നിൽക്കാനും അതിന് അനുകൂലമായ നിലപാട് സ്വീകരിക്കാനും ഇടതുപക്ഷമുന്നണിയുടെ പ്രിയപ്പെട്ട

എം.എൽ.എ. മാർ തയ്യാറാകണം എന്ന വിനയത്തോടുകൂടി അപേക്ഷിച്ചുകൊണ്ട് ഒരിക്കൽകൂടി ശ്രീ. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദി പ്രമേയത്തെ അതിശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞങ്ങൾ ഞട്ടലോടുകൂടിയാണ് ഇവിടെ ഇരിക്കുന്നത്. ശ്രീ. എ.എ. അസീസിന്റെ പ്രസംഗം ഞങ്ങളെ ഞെട്ടിച്ചു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിൽ പങ്കാളികളായിരുന്ന, ഞങ്ങളോടൊപ്പമുണ്ടായിരുന്ന ശ്രീ. അസീസ് ഇപ്പോൾ ആ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലായെന്ന് പറയുന്നത്, ശ്രീ ഷിബു ബേബി ജോണിന്റെ പ്രേരണയിൽ ശ്രീ. എൻ.കെ. പ്രേമചന്ദ്രനെ മോശമാക്കാൻ മാത്രമാണ്. ചരമോപചാര പ്രസംഗത്തിനിടയിൽ ആര്യനാട് മണ്ഡലത്തിൽ ഞങ്ങൾ 5 തവണ മത്സരിച്ചുവെന്ന് ആവർത്തിച്ച് പറഞ്ഞത് അങ്ങ് ഓർമിക്കുമല്ലോ? വെറുതേയാണ്. കോൺഗ്രസ്സുകാർ ആ സീറ്റൊന്നും തരാൻ പോകുന്നില്ല. അതിൽ അവർതന്നെ മത്സരിക്കും. ഈ ഗവൺമെന്റിന്റെ അവസ്ഥയെന്താണ്? ഈ ഗവൺമെന്റ് ഇന്ധനം തീർന്ന ഒരു വണ്ടിപോലെയാണ്. നടുറോഡിൽ വച്ച് ഇന്ധനം തീർന്നപ്പോൾ വണ്ടിയിലുണ്ടായിരുന്ന എട്ടുപേരും കൂടി വണ്ടി തള്ളിനീക്കാൻ തുടങ്ങി. വണ്ടി നീങ്ങുന്നില്ല, എന്താ കാര്യമെന്ന് അറിയാമോ? നാല് സൈഡിൽ നിന്നും

ഈരണ്ടുപേർ വീതം തള്ളുകയാണ്, വണ്ടി ന്യൂട്രലിലാണെങ്കിൽപ്പോലും അനങ്ങില്ല. അതാണ് ഈ ഗവൺമെന്റിന്റെ അവസ്ഥ. ഇവിടെ ഒരു മദ്യനയം പ്രഖ്യാപിച്ചു. ആ മദ്യനയത്തെ തോൽപ്പിക്കാൻ, അടച്ചിട്ടിരിക്കുന്ന ബാറുകൾ തുറക്കാൻ ഒരു മന്ത്രി കോഴ വാങ്ങിക്കുകയാണ്. റവന്യൂ റിക്കവറി നടപടിയുമായി റവന്യൂ വകുപ്പുമന്ത്രി മുന്നോട്ടു പോകുന്നു. റവന്യൂ വകുപ്പുമന്ത്രി റവന്യൂ റിക്കവറി ഏറ്റെടുത്ത നടപടികളിൽ ധനകാര്യവകുപ്പുമന്ത്രി സ്റ്റേ കൊടുക്കുന്നു. മുഖ്യമന്ത്രിയുടെ ഉത്തരവിനെ ചീഫ് സെക്രട്ടറി റദ്ദ് ചെയ്യുന്നു. നാല് കോണിൽ നിന്നും ഇന്ധനമില്ലാത്ത വണ്ടി തള്ളുന്ന അവസ്ഥയിലാണ് ഈ ഗവൺമെന്റ് ഇപ്പോൾ ഭരണം നടത്തുന്നത്. മാർച്ച് 31 ആകുമ്പോൾ കഴിഞ്ഞ സമ്പത്തിക വർഷത്തെ പദ്ധതി നേട്ടം എത്ര ശതമാനമെത്തുമെന്ന് പറയാൻ പറ്റുമോ? 50 ശതമാനമെങ്കിലും കൈവരിക്കാൻ കഴിയുമോ? കഴിഞ്ഞ വർഷം വലിയ വീഴ്ചയുണ്ടായി, അടുത്ത വർഷം ഞങ്ങൾ പരിഹരിക്കുമെന്ന് അന്ന് പറഞ്ഞു. ഇവിടെ ഒരു വികസന പ്രവർത്തനവുമില്ല. ഈ നാട്ടിൽ വികസന സ്തംഭനം വരുത്തിവച്ച ഗവൺമെന്റാണിത്. മരാമത്ത് പണികൾ നടക്കുന്നില്ല. 2800 കോടി രൂപ കരാറുകാർക്ക് വാങ്ങിക്കൊടുക്കാനുള്ള ഉത്തരവാദിത്തമൊന്നും ഞങ്ങൾക്കില്ല. നാട്ടിൽ പുതിയ പണികളേറ്റെടുക്കാൻ അവർ തയ്യാറാകുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത്

എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ചിരുന്ന ആളുകൾ ഇപ്പോൾ അതീകരിച്ച നിരക്കുകൾ ചോദിക്കുന്നു. നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യമുണ്ടാകുന്നു, നിരക്കുകൾ കൂടുന്നു. ആസ്തി വികസനഫണ്ടാണ് എല്ലാപേരും കൊട്ടിഘോഷിക്കുന്നത്. എന്റെ സ്നേഹിതൻ ശ്രീ. കെ. ശിവദാസൻ നായർക്ക് ആറൻമുള മണ്ഡലത്തിൽ ഒരു കോടി രൂപ പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിന് അനുവദിച്ചു. സാങ്കേതികാനുമതി കിട്ടിയതിനാൽ  അദ്ദേഹം അതിന് കല്ലിട്ടു. ഇതുവരെ പൈസ കിട്ടാത്തതുകൊണ്ട് അതിന്റെ പണി ആരംഭിക്കാൻ കഴിയുന്നില്ല. എന്താ പറ്റിയതെന്ന് അറിയാമോ? ബില്ലുകൾ ജില്ലാ ട്രഷറിയിലേക്ക് കൊടുത്തപ്പോൾ അത് സബ് ട്രഷറിയിലേയ്ക്ക് അയയ്ക്കാൻ പറഞ്ഞു. അങ്ങനെ ബില്ല് സബ് ട്രഷറിയിലേയ്ക്ക് പോയി. അതേ സമയം, അതേ ജില്ലയിൽ ഞാൻ എന്റെ ബില്ല് സബ്ട്രഷറിയിലേയ്ക്ക് അയച്ചു. ആയത് ജില്ലാ ട്രഷറിയിലേയ്ക്കാണ് അയയ്ക്കേണ്ടതെന്ന് അവർ പറഞ്ഞു. ഇപ്പോൾ ശ്രീ. കെ. ശിവദാസൻ നായരോട് പറഞ്ഞിരിക്കുന്നത് മാത്യൂ റ്റി. തോമസിന്റെ ബില്ല് ജില്ലാട്രഷറിയിൽ അയച്ച അങ്ങും അങ്ങോട്ടേയ്ക്ക് അയയ്ക്കണം. എന്നോടുപറഞ്ഞു ശ്രീ. കെ. ശിവദാസൻ നായരുടെ ബില്ല് സബ്ട്രഷറിയിലാണ് അയച്ചത് ഇതും അങ്ങോട്ടയയ്ക്കാൻ. മൂന്ന് നാല് മാസമായി ഞങ്ങളുടെ ബില്ലുകൾ  അങ്ങോട്ടുമിങ്ങോട്ടും അടിക്കുകയാണ്. ശ്രീ. കെ. ശിവദാസൻ

നായർ ഇവിടെയുണ്ടായിരുന്നെങ്കിൽ ഇപ്പോൾ ഇത് പറയുമായിരുന്നു. ആസ്തി വികസനഫണ്ടിൽ അദ്ദേഹം തറക്കല്ലിട്ടൊരു പദ്ധതി.... ഒരു വികസനപ്രവർത്തനവും ഇവിടെ നടക്കുന്നില്ല. പേപ്പട്ടി വാക്സിൻ ലഭ്യമാക്കിക്കൊടുക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. ഇന്നലെ ശ്രീ. രാജേഷ് ഇക്കാര്യം ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞതാണ് വാക്സിൻ കൊടുക്കുമെന്ന്. കല്യാശ്ശേരി മണ്ഡലത്തിൽ ഒരു വീട്ടമ്മയേയും ഒരു പെൺകുട്ടിയേയും പട്ടി കടിച്ചു. ആയതിനുള്ള വാക്സിൻ ഇല്ലാത്തതുകൊണ്ട് മംഗലാപുരത്ത് പോയി അവിടേയും ആ മരുന്നില്ല. മരുന്ന് കൊണ്ടുവരുന്നതിന് കോയമ്പത്തൂരിലേയ്ക്ക് ഇന്ന് യാത്രചെയ്തുകൊണ്ടിരിക്കുകയാണ്. മൂന്ന് ദിവസമായി. ഇവിടെ പക്ഷിപ്പനി വന്ന് താറാവുകൾ ചത്തൊടുങ്ങിയപ്പോൾ എല്ലാത്തിനേയും കൊന്നൊടുക്കിയിട്ട് നഷ്ടപരിഹാരം കൊടുത്തതുപോലെ പേപ്പട്ടി കടിച്ചാൽ നഷ്ടപരിഹാരം കൊടുക്കാനാണോ ഈ ഗവൺമെന്റ്. ഈ വാക്സിൻ ലഭ്യമാക്കികൊടുക്കാൻ എന്താണ് നടപടിയെടുക്കാത്തത്? ഏത് മേഖലയിലാണ് നേട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്? കാർഷികമേഖല തകർന്നുപോയില്ലേ? നെല്ലിന്റെ സംഭരണവില കൂട്ടാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണവില വെറും 7 രൂപ 20 പൈസ

ആയിരുന്നത്; അത് ഗവൺമെന്റ് പുറത്തുപോകുമ്പോൾ 14 രൂപയായി, അന്ന് അത് ഇരട്ടിയോളം വർദ്ധിപ്പിച്ചെങ്കിൽ ഇന്ന് 19 രൂപയിൽ നിൽക്കുകയാണ്. 25 രൂപയെങ്കിലും കിട്ടാതെ കർഷകർക്ക് നെല്ലിന്റെ സംഭരണവില ലാഭകരമാകില്ല. അവിടെ കേന്ദ്ര ഗവൺമെന്റ് പുതിയ നയം കൊണ്ടുവരുന്നു. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച തറവിലയേക്കാൾ ഒരുപൈസയെങ്കിലും കൂടുതൽ കൊടുത്താൽ ഞങ്ങൾ സംഭരണത്തിൽ നിന്നും പിൻമാറും. കാർഷികമേഖലയെ ഉദ്ധരിക്കാൻ ഇവിടെ എന്തു നടപടിയെടുത്തു? കാർഷിക നയം പ്രഖ്യാപിച്ചു, ഒരു കമ്മീഷനെവച്ച് അത് നടപ്പിലാക്കാൻ തയ്യാറുണ്ടോ? കുളമ്പ് രോഗം വന്നിട്ട് മൂന്ന് വർഷമായി. കുളമ്പ് രോഗം മൂലം ചത്തൊടുങ്ങിയ കന്നുകാലികൾക്ക് 40000 രൂപ വച്ച് കൊടുക്കാമെന്ന് പറഞ്ഞ നഷ്ടപരിഹാരം ഇതുവരെ കൊടുത്തില്ല. മൃഗസംരക്ഷണവകുപ്പ് കൊടുക്കാമെന്നേറ്റിരുന്ന 20000 രൂപ, എന്റെ ജില്ലയിൽ പകുതിപോലും കൊടുത്തില്ല. ക്ഷീരവികസന വകുപ്പ് കൊടുക്കുമെന്ന് പറഞ്ഞു, ഒരു പൈസപോലും കൊടുത്തിട്ടില്ല. മിൽമ 10000 രൂപ കൊടുക്കുമെന്ന് പറഞ്ഞു അതും കൊടുത്തിട്ടില്ല. നികുതി പരിവിൽ വൻ അഴിമതി നടന്നുകൊണ്ടിരിക്കുകയാണ്. 14000 കോടി രൂപ കുടിശ്ശിക നികുതി പിരിവ് വന്നിരിക്കുകയാണ്. കുടിശ്ശിക വന്നതിന്റെ കാര്യങ്ങളൊക്കെ അറിയാമല്ലോ? അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ

പോകുന്നില്ല. എക്സൈസ് വകുപ്പാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ കറവപശു. പലരൂപത്തിലാണ് എക്സൈസ് വകുപ്പിൽ അഴിമതി നടന്നുകൊണ്ടിരിക്കുന്നത്. കോടികളുടെ കണക്കൊന്നും ഞാനിവിടെ പറയുന്നില്ല. അതൊക്കെ ഇവിടെ ചർച്ച ചെയ്തതാണ്. ഞാൻ വളരെ നിസാരമായ കേസുകൾ പറയട്ടെ. തിരുവനന്തപുരം റേഞ്ചിൽ രജിസ്റ്റർ ചെയ്ത 21 കേസുകളിൽ 17 കേസും റഫർ ചെയ്തുകളഞ്ഞു. ഒന്നുംരണ്ടുമൊന്നുമല്ല. 2013 ലെ 9, 10, 11, 23, 24, 25, 26, 31, 32, 40, 44, 45, 46, 57, 59, 60, 65 എന്നീ 17 കേസുകളാണ് കോമ്പൗണ്ടിംഗ് ഫീ വാങ്ങാതെ റഫർ ചെയ്ത് കളഞ്ഞത്. കേസ് രജിസ്റ്റർ ചെയ്യുക, കാശ് വാങ്ങിച്ച് റഫർ ചെയ്യുക. ഈ 50000 രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ്കത്ത് മന്ത്രിക്ക് പങ്കുണ്ടെന്നൊന്നും പറയാൻ ഞാൻ തയ്യാറാകുന്നില്ല. പക്ഷേ ആരാണ് സമ്മർദ്ദം ചെലുത്തുന്നത്? ഈ വകുപ്പടക്കം എല്ലാ വകുപ്പിലും അഴിമതിയാണ്. എനിക്ക് ഒരു കാര്യത്തിൽ മുഖ്യമന്ത്രിയോട് ബഹുമാനമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഴിമതിക്കെതിരെ ശബ്ദിക്കുന്നില്ല, ഒരു പ്രസംഗംപോലും നടത്തുന്നില്ല. പ്രസംഗിക്കുന്നത് പ്രാവർത്തികമാക്കണമെന്ന് നിർബന്ധമുള്ള ആളാണ് മുഖ്യമന്ത്രി. അഴിമതിക്കെതിരെ ശബ്ദിച്ചാൽ അഴിമതി അവസാനിപ്പിക്കാൻ കഴിയില്ലായെന്ന് അറിയാവുന്നതുകൊണ്ട് മുഖ്യമന്ത്രി അഴിമതിക്കെതിരെ ശബ്ദിക്കുന്നില്ല. ആ ഒരു

ആത്മാർത്ഥതയെങ്കിലും മുഖ്യമന്ത്രി കാണിക്കുന്നുണ്ട്. ഈ നിയമസഭയുടെ ഒന്നാമത്തെ ദിവസം, ബഹുമാനപ്പെട്ട സ്പീക്കറുടെ നിര്യാണത്തെ തുടർന്ന് സഭകൂടാൻ കഴിഞ്ഞില്ല, അന്ന് ശ്രീ. പുരുഷൻ കടലുണ്ടി ഒരു ചോദ്യം ചോദിക്കുകയുണ്ടായി. നക്ഷത്രചിഹ്നമിടാത്ത 8-ാം മത്തെ ചോദ്യം, ഈ മന്ത്രിസഭയിൽ ആരോപണത്തിന് വിധേയമായ മന്ത്രിമാർ ആരൊക്കെ? അതിന് ഇതുവരെ ഉത്തരം കൊടുത്തിട്ടില്ല. അതിലെ ഏറ്റവും രസകരമായ കാര്യം, ആ ചോദ്യത്തിലെ (ഡി) പിരിവ്, ഇപ്പോൾ മന്ത്രിമാരിൽ അഴിമതി ആരോപത്തിൽ വിധേയരാകാത്തവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ? ഇതിന് മുഖ്യമന്ത്രിക്ക് മറുപടി പറയാനറിയില്ല. ഈ മന്ത്രിസഭയിൽ അഴിമതി ആരോപണത്തിന് വിധേയരാകാത്ത ഏതെങ്കിലും മന്ത്രിയുണ്ടോയെന്ന് ശ്രീ. പുരുഷൻ കടലുണ്ടി നക്ഷത്രചിഹ്നമിടാത്ത ചോദ്യമായി ചോദിച്ചപ്പോൾ, ഇപ്പോൾ ഞാൻ ലൈബ്രറിയിൽ പോയി ചോദ്യത്തിന് ഉത്തരമില്ല. അഴിമതിയെ ഭരണസംവിധാനമാക്കിമാറ്റിയ ഒരു ഗവൺമെന്റാണിത്. ജനങ്ങളുടെ ഒരാവശ്യവും നിർവ്വഹിക്കുന്നില്ല. കാർഷികമേഖലയും വ്യാവസായികമേഖലയും കെ.എസ്.ആർ.ടി.സി യുമൊക്കെ തകരുന്നു. ഒരു യൂണിറ്റ് വൈദ്യുതിപോലും അധികമായി ഉല്പാദിപ്പിക്കുന്നില്ല. നമ്മുടെ ഉല്പാദനമേഖല തകരുന്നു. നമ്മുടെ സമസ്ത മേഖലയിലും മുരടിപ്പുണ്ടായിരിക്കുന്നു. വികസന സ്തംഭനം മാത്രം ഈ നാടിന്

സമ്മാനിച്ച ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തോടുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തേയും അതിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ ശ്രീ. എം.പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെയും അനുകൂലിക്കുന്നു. ഈ നയപ്രഖ്യാപനം യു.ഡി.എഫ്. ഗവൺമെന്റിന്റെ നാല് വർഷക്കാലത്തെ പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തലാണ്, വരാൻ പോകുന്ന കാലഘട്ടത്തിൽ യു.ഡി.എഫ് ഗവൺമെന്റ് ഏറ്റെടുക്കാൻ പോകുന്ന കർമ്മ പദ്ധതികളിലേയ്ക്കുള്ള വിരൽചൂണ്ടലാണ്. ഞങ്ങൾ ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നത് സംതൃപ്തിയോടുകൂടിയാണ്, കാരണം, നാല് വർഷക്കാലത്തെ ഗവൺമെന്റിന്റെ ഭരണത്തെ എൽ.ഡി.എഫ്-ലെ എന്റെ സ്നേഹിതന്മാർ ഒട്ടേറെ വിമർശിച്ചിരുന്നു. എൽ.ഡി.എഫ് അവരുടെ കാലത്ത് പരിഹരിക്കപ്പെടാതിരുന്ന പ്രശ്നങ്ങളും പൂർത്തീകരിക്കാതിരുന്ന പദ്ധതികളും ഏറ്റെടുക്കാൻ ധൈര്യം കാണിക്കാതിരുന്ന പരിപാടികളും ഞങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ച് നടപ്പാക്കിയതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യം ഏറ്റെടുത്ത പ്രശ്നമാണ്

മൂലമ്പള്ളിപ്രശ്നം. നിങ്ങളുടെ കാലഘട്ടത്തിൽ പരിഹരിക്കപ്പെടാതിരുന്ന ഈ പ്രശ്നം ഞങ്ങൾ പരിഹരിച്ചു. നിങ്ങളുടെ കാലഘട്ടത്തിൽ പരിഹരിക്കപ്പെടാതിരുന്ന ചെങ്ങറപ്രശ്നം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ദിവസത്തിനകം പരിഹരിച്ചു. കേരളത്തിൽ ഏറ്റവും കൂടുതൽ വിവാദമായ, വേദനിക്കുന്ന ഒരു പ്രശ്നമായിരുന്നു എൻഡോസൾഫാൻ പ്രശ്നം. ആ പ്രശ്നം ബഹുമാന്യനായ മുഖ്യമന്ത്രി അധികാരമേറ്റെടുത്ത് മൂന്നാം ദിവസം കാസർഗോഡ് പോയി എൻഡോസൾഫാൻ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു. ശ്രീ. ഉമ്മൻചാണ്ടി നേരത്തേ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആശയമായിരുന്നു സ്മാർട്ട് സിറ്റി. തറക്കല്ലിട്ടത് നിങ്ങളാണ്. ഇന്ന് എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. എളമരം കരീം അവിടെ പൂർത്തീകരിച്ച കെട്ടിടത്തിന്റെ സ്ക്വയർ ഫീറ്റ് എടുത്തുകൊണ്ട് ഇത്രയല്ലേ നിങ്ങൾ പൂർത്തീകരിച്ചുവെന്ന് പറഞ്ഞു. നാല് വർഷക്കാലം നിങ്ങൾ കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ ഒരു തറക്കല്ല് മാത്രമാണ് ഇട്ടത്. ഒരു തറക്കല്ല് മാത്രമാണ് ഇട്ടത്. ....(ബഹളം).......ഞാൻ പറയാം. നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലാണ്. ഞാൻ കാണിച്ചുതരാം. സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം പൂർത്തീകരിക്കാൻ പോകുകയാണ്. രണ്ട് രാജേഷുമാരേയും ഞാൻ

ക്ഷണിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലാണ്. നമുക്ക് അവിടെ പോകാം. കാണുകയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യാം. മെട്രോ ഞങ്ങളുടെ കാലഘട്ടതത്തിൽ കൊണ്ടുവന്ന ആശയമാണ്. ഏറ്റെടുക്കാൻ നിങ്ങൾ ആത്മധൈര്യം കാണിച്ചില്ല. ശ്രീ. ഉമ്മൻചാണ്ടി വീണ്ടും മുഖ്യമന്ത്രിയായി ആ പദ്ധതി ഏറ്റെടുത്തു. പറഞ്ഞ സമയത്തുതന്നെ മെട്രോയുടെ പണി പൂർത്തീകരിക്കും. അവിടെ മെട്രോ ട്രെയിൻ ഓടിയിരിക്കും. സംശയമില്ല. കണ്ണൂർ വിമാനത്താവളം ആരുടെ കാലത്താണ്; നിങ്ങൾ ഏറ്റെടുത്തോ; നിങ്ങൾക്ക് തുടങ്ങാൻ കഴിഞ്ഞോ; ഞങ്ങൾ ഏറ്റെടുക്കുകയും പണിയാരംഭിക്കുകയും ചെയ്തു. അവിടെ നിന്നും വിമാനം പറന്നുയരും. ശ്രീ. സി. ദിവാകരൻ, നിങ്ങളുടെ കാലഘട്ടത്തിൽ മൂന്ന് കിലോമീറ്റർ റോഡ് പണിയുന്നതിന് അവിടെ പോയി ഉദ്ഘാടനം നടത്തിയതല്ലാതെ വിഴിഞ്ഞം തുറമുഖത്ത് ഒന്നും നടന്നില്ല. ഞങ്ങളുടെ കാലഘട്ടത്തിൽ ഏറ്റെടുത്തു. ശ്രീ. വി. ശിവൻകുട്ടി, പറയാം. അതുപോലെ തന്നെ ഇവിടെ വലിയ വിവാദങ്ങളുണ്ടായി. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട എല്ലാ സ്നേഹിതന്മാരും നാഷണൽ ഗെയിംസിനെക്കുറിച്ച് പറഞ്ഞു. നിങ്ങളുടെ കാലഘട്ടത്തിൽ തുടക്കം കുറിച്ചതാണ്. നിങ്ങൾക്ക് പൂർത്തീകരിക്കാൻ പറ്റാത്തതാണ്, ഏറ്റെടുക്കാൻ സാധിക്കാത്തതാണ്. ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്.....(ബഹളം)......ഞാൻ പറയാം. 2008-ൽ ഹോസ്റ്റ് സിറ്റി കരാർ

ഒപ്പിട്ടു. 2010-ൽ തുടങ്ങാൻ ആലോചിച്ചു. ശ്രീ. എം വിജയകുമാർ ആയിരുന്നു മന്ത്രി. 2008-ൽ ഹോസ്റ്റ് സിറ്റി കരാർ ഒപ്പിട്ടതും 2010-ൽ തുടങ്ങാൻ ആലോചിച്ചതും ആഗ്രഹിച്ചതും തീരുമാനിച്ചതും നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ വന്നു, ഞങ്ങൾ ഏറ്റെടുത്തു, പരിപാടി നടത്തി, ട്രാക്കുകൾ ഉണ്ടാക്കി, സ്റ്റേഡിയങ്ങൾ നിർമ്മിച്ചു, അത്‌ലറ്റിക്സ് നടത്തി അത് വിജയിപ്പിച്ചു. ഇപ്പോൾ ഇവിടെ പരാതിയെന്താണ്; അതിനെക്കുറിച്ച് എല്ലാവരും അനുമോദനം പറയുന്നു. ഇന്നലെ ആരോ.....സമയം പോകുന്നു.

മി. ചെയർമാൻ: യെസ്...യെസ്.....സമയം പോകില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, നാഷണൽ ഗെയിംസ് യഥാസമയം നടക്കാതിരുന്നതിനുള്ള കാരണം ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡന്റ് ഒരു ക്രിമിനൽ കേസ്സിൽ പ്രതിയായിരുന്നതുകൊണ്ട് ഇന്റർനാഷണൽ ഒളിംപിക് അസോസിയേഷൻ ഇന്ത്യൻ അസോസിയേഷന്റെ അഫിലിയേഷൻ പിൻവലിച്ചു. ബഹുമാന്യനായ മിനിസ്റ്ററോട് ചോദിക്കു. അതാണ് കാരണം. തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. ബെന്നി ബെഹനാൻ: സമ്മതിച്ചു. ഞങ്ങളുടെ കാലഘട്ടത്തിൽ അത് ഏറ്റെടുത്തു. ഇപ്പോൾ ഇവിടെ തർക്കമെന്താണ്; അതിനെക്കുറിച്ച് ഒരുപാട് വിവാദങ്ങളുണ്ടായി. ഞാൻ വിവാദങ്ങൾക്കൊന്നും മറുപടി പറയുന്നില്ല.

അതിനെക്കുറിച്ച് പ്രൈംമിനിസ്റ്ററും പ്രസിഡന്റും ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡന്റും അത്‌ലറ്റ്സും ഓർഗനൈസേഴ്സും നന്നായി എന്ന് പറഞ്ഞു. നന്നായി എന്ന് കണ്ടവരൊക്കെ പറഞ്ഞു. ഇന്നലെ എന്റെ ഒരു ബഹുമാന്യ സ്നേഹിതൻ, പഴയ ഒരു സ്പോർട്ട്സ് വകുപ്പുമന്ത്രി പറഞ്ഞത്...(ബഹളം)......ഞാൻ പറയട്ടെ........തുടങ്ങിയിട്ടല്ലേയുള്ളൂ. (ബഹളം)......ഞാൻ പറയട്ടെ........തുടങ്ങിയിട്ടല്ലേയുള്ളൂ. പഴയ സ്പോർട്ട്സ് വകുപ്പുമന്ത്രി പറഞ്ഞത് ഇന്ത്യൻ ഒളിംപിക് അസോസിയേഷന്റെ......ഞാൻ പ്രസിഡന്റ് പറഞ്ഞ അനുമോദനം മാറ്റിനിർത്താം. പ്രധാനമന്ത്രി പറഞ്ഞത് മാറ്റിനിർത്താം. നിങ്ങളെല്ലാവരും പറഞ്ഞത് മാറ്റിനിർത്താം. ആ അത്‌ലറ്റിക്സ്-നെ പ്രോജ്ജ്വലമാക്കുന്നത് മൽസരത്തിൽ കളത്തിലിറങ്ങിയ മലയാളി താരങ്ങളുടെ കഴുത്തിൽ വീണ തങ്കപ്പതക്കങ്ങളാണ്. അതായിരുന്നു അതിന്റെ വിജയം. പലപ്പോഴും നമുക്ക് ….. (ബഹളം)......ഞാൻ ഒന്ന് പറയട്ടെ ശ്രീ. വി. ശിവൻകുട്ടി..... എല്ലാത്തിനും ഒച്ചപ്പാട് വയ്ക്കരുത്. രാജീവയ്പ്പൊക്കെ നടന്നു. നമുക്കറിയാം ഓരോ കാലഘട്ടത്തിലും നമുക്ക് ഒരു അത്‌ലറ്റ്സിന്, ഒരു ഗെയിംസിന് ആതിഥേയത്വം വഹിക്കാൻ നമ്മുടെ സംസ്ഥാനം തയ്യാറായപ്പോൾ നാം ആഗ്രഹിച്ചത് നമ്മുടെ കുട്ടികൾക്ക് പ്രോൽസാഹനം കൊടുക്കുക എന്നതാണ്. ചൈനയിൽ ഒളിംപിക്സ് നടന്നു.

ചൈനയ്ക്ക് അവിടെ മുന്നേറാൻ കഴിഞ്ഞു. കഴിഞ്ഞ പ്രാവശ്യം നമ്മളൊക്കെ പ്രതീക്ഷിച്ചതെന്താണ്; ബ്രസീലിൽ ലോകകപ്പ് നടന്നു. ബ്രസീലിന് മുന്നേറാൻ കഴിഞ്ഞില്ല. ബ്രസീൽ ഫുട്ബോളിന്റെ ഏറ്റവും വലിയ ദുരന്തമായി അവർ കാണുന്നത് അവരുടെ രാജ്യത്തുവച്ച് ലോകകപ്പ് നടന്നിട്ടുപോലും അവർക്ക് മുന്നേറാൻ കഴിഞ്ഞില്ല. കേരളീയരായ നമുക്ക് അഭിമാനിക്കാം. നമ്മുടെ നാട്ടിൽ കുട്ടികൾ കളിക്കാനിറങ്ങിയപ്പോൾ അവർക്ക് വിജയിച്ച് കരകയറ്റാൻ കഴിഞ്ഞുവെന്നുള്ള ആത്മവിശ്വാസം നമ്മുടെ സ്പോർട്ട്സ് രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞു. അതിന് ശ്രീ. വി. ശിവൻകുട്ടിയുടെ സർട്ടിഫിക്കറ്റ് വേണ്ട. അതിനെ ഞങ്ങൾ ജനകീയമാക്കി. ഒരു കോടിയോളം ആളുകൾ പങ്കെടുത്ത് ഞങ്ങൾ അതിനെ ജനകീയമാക്കി. ഇവിടെ എന്നും വിവാദങ്ങളാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഇത്തരം വിവാദങ്ങളുടെ പിന്നാലെ പോകാൻ ഇനിയില്ല. ഞങ്ങൾ വികസനവുമായി മുന്നോട്ടുപോകും. ഇവിടെ എന്ത് പരാതിയാണുള്ളത്; വിമർശിക്കാൻ അധികാരമുണ്ട്. ഇവിടെ എത്ര താലൂക്കുകളുണ്ടായി; എത്ര വില്ലേജുകളുണ്ടായി; എത്ര മെഡിക്കൽ കോളേജുകളുണ്ടായി; എത്ര റോഡുകളും പാലങ്ങളുമുണ്ടായി; ഞാൻ ഇതിന്റെയൊക്കെ കണക്ക് ആവർത്തിക്കുന്നില്ല. റോഡുകളും പാലങ്ങളും മെഡിക്കൽ കോളേജുകളും താലൂക്കുകളും വില്ലേജ്

ഓഫീസുകൾ ഉണ്ടായതിനെക്കാൾ കൂടുതൽ ഈ ഗവൺമെന്റിന്റെ ഒരു മനുഷ്യമുഖമുണ്ട്. അത് ഈ ഗവൺമെന്റ് രോഗികളോട് കാണിക്കുന്ന പരിഗണനയാണ്. എന്റെ കയ്യിൽ കടലാസ്സുണ്ട്. അംഗപരിമിതിയുള്ളവർക്ക് ഉപകരണവിതരണം, സ്നേഹപൂർവ്വം പദ്ധതി, ആശ്വാസകിരണം പദ്ധതി, അച്ഛനോ അമ്മയോ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം, രോഗികളെ പരിചരിക്കുന്നവർക്കുള്ള ധനസഹായം, ഡയാലിസിസിന് വിധേയമായിട്ടുള്ളവർക്കുള്ള ധനസഹായം, വൃക്ക-കരൾ മാറ്റിവച്ചവർക്കുള്ള ധനസഹായം, ഹീമോഫീലിയ ബാധിച്ചവർക്കുള്ള ധനസഹായം, കോക്ലിയർ ഇംപ്ലാന്റേഷൻ ഇങ്ങനെയുള്ള എത്ര പദ്ധതികൾ, രോഗം കൊണ്ട് കഷ്ടപ്പെടുന്നവർക്ക് കാരുണ്യത്തിന്റെ ഒരു കണികപോലും കണ്ടെത്താതെ ജീവിതയാഥാർത്ഥ്യങ്ങളുടെ കാർക്കശ്യം ഘനീഭവിച്ച പാതയിലൂടെ കടന്നുപോയ പാവപ്പെട്ട രോഗികൾക്ക് സാന്ത്വനമെത്തിക്കാൻ കഴിഞ്ഞ മനുഷ്യമുഖമുള്ള ഒരു ഗവൺമെന്റാണിത്. നമ്മുടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിനെക്കുറിച്ച് അപ്പുറത്തിരിക്കുന്നവരോട് ഞാൻ ചോദിക്കട്ടെ, നിങ്ങൾ മുഖ്യമന്ത്രിക്ക് പരാതി കൊണ്ടുപോയി കൊടുക്കുമ്പോൾ എത്ര രൂപ വേണമെന്ന് അദ്ദേഹം നിങ്ങളോട് ചോദിക്കുകയാണ് ചെയ്യുന്നത്. ലഭിച്ചിട്ടില്ല; ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 400 കോടി രൂപയിലധികം മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ ഫണ്ടിൽ നിന്നും കേരളത്തിലെ രോഗികൾക്ക് വിതരണം ചെയ്തുവെന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഈ നിയമസഭയിൽ ഇരിക്കുന്ന മുഖ്യമന്ത്രി ഒഴികെ 140 പേരും നമ്മുടെ നിയോജകമണ്ഡലങ്ങളിൽ ചെന്ന് ഒരു രോഗിയെ കണ്ട് ഞങ്ങളെ സഹായിക്കണമെന്ന് പറയുമ്പോൾ ഒരു വെള്ളക്കടലാസ്സിൽ എഴുതിത്തരാൻ പറയാൻ കഴിയും. കാരണം ആ വെള്ളക്കടലാസ് കൊണ്ടുപോയി മുഖ്യമന്ത്രിയുടെ അടുത്ത് കൊടുത്താൽ പണം ലഭിക്കുമെന്നുള്ള വിശ്വാസം നമുക്കുള്ളതുകൊണ്ടാണ്. ഏത് കാലഘട്ടത്തിൽ ഇങ്ങനെ ഉണ്ടായി; ഈ ഗവൺമെന്റിനെ നിങ്ങൾ എതിർത്തോളൂ. ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. പക്ഷേ ഗവൺമെന്റിന്റെ നല്ല കാര്യങ്ങൾ പറയണം. ഇപ്പോൾ നിങ്ങൾ പറയുന്നതെന്താണ്; ഇവിടെ വിവാദങ്ങൾ ഉണ്ടാക്കുകയാണ്. ഒരു കാര്യം ഞാൻ പറയാം. ഒരുപാട് ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്. കേരളത്തിന് രാഷ്ട്രീയ പക്വതയും രാഷ്ട്രീയ പ്രബുദ്ധതയുമുണ്ട്. നമ്മുടെ നിയമസഭയിൽ പണ്ടുകാലങ്ങളിൽ അഴിമതിയാരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അന്ന് ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്കൊക്കെ അടിസ്ഥാനപരമായ, വസ്തുതാപരമായ ചില പിൻബലങ്ങളുണ്ടായിരുന്നു. ആ പിൻബലത്തിന്റെയടിസ്ഥാനത്തിലാണ് ഉന്നയിച്ചിരുന്നത്. ഇന്ന് എന്ത് പിൻബലമാണുള്ളത്; ഇന്ന് സമൂഹത്തിൽ

യാതൊരു പ്രാധാന്യവുമില്ലാത്ത ചിലയാളുകൾ നടത്തുന്ന സംഭാഷണങ്ങൾ ടേപ്പ് ചെയ്തുകൊണ്ട് ആ ടേപ്പ് സി.ഡി.യാക്കി മാറ്റുകയും അതിന്റെയടിസ്ഥാനത്തിൽ ആക്ഷേപങ്ങൾ ഉന്നയിക്കുകയുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ മത്തായിയുടെ സുവിശേഷം അദ്ധ്യായങ്ങൾ ക്വാട്ട് ചെയ്തുകൊണ്ട് പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ബൈബിൾ വായിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ അങ്ങ് ഉദ്ധരിച്ച മത്തായിയുടെ സുവിശേഷത്തിൽ നിന്നുതന്നെ മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ പറയുന്നുണ്ടല്ലോ; നിങ്ങൾ ആരെക്കുറിച്ചാണ് പറയുന്നത്. ശ്രീ. കെ. എം. മാണിക്കെതിരെ ആക്ഷേപം, മറ്റുള്ളവർക്കെതിരെ ആക്ഷേപം, ഏതൊക്കെയോ കള്ളുകച്ചവടക്കാരുടെ ആക്ഷേപവും വർത്തമാനവും കേട്ടാണ് പ്രിയപ്പെട്ട സി. ദിവാകരാ, നിങ്ങൾ പോകുകയാണെങ്കിൽ മത്തായിയുടെ സുവിശേഷം....(ബഹളം)......ഞാൻ എല്ലാവരോടും പറയുന്നു. ശ്രീ. പി.സി. ജോർജ്ജെങ്കിൽ അദ്ദേഹത്തോടും ശ്രീ. സി. ദിവാകരനെങ്കിൽ അങ്ങയോടും പറയുന്നു. ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആണെങ്കിൽ അദ്ദേഹത്തോടും പറയുകയാണ്. ആരോടും ഞാൻ പറയുന്നു. മത്തായിയുടെ സുവിശേഷം അദ്ധ്യായം ഏഴിൽ 15, 16 വാക്യങ്ങളുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് 'കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ

വരുന്ന വ്യാജ പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ. അകമോ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു.' നിങ്ങളുടെ അടുത്ത് വരുന്നവരോടാണ് പറയുന്നത്. തീർന്നില്ല. 'അവരുടെ ഫലങ്ങൾകൊണ്ട് അറിഞ്ഞുകൊൾവിൻ. മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴങ്ങളോ ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴങ്ങളോ പറിക്കാൻ ആകുമോ;' സി.ഡി.യുടെ കോപ്പിയുമായി നിങ്ങളുടെ അടുത്ത് വന്ന് ബഹുമാന്യരായ ചിലയാളുകളുണ്ടല്ലോ, സി.ഡി.യുടെ കോപ്പിയുമായി നിങ്ങളുടെയടുത്ത് രാത്രികാലങ്ങളിൽ വന്ന് മുഖ്യമന്ത്രിക്കെതിരെ, മന്ത്രിമാർക്കെതിരെ, ശ്രീ. കെ. എം. മാണിക്കെതിരെ ആരോപണമുന്നയിക്കാൻ തെളിവുകൾ ഞങ്ങളുടെ കയ്യിലുണ്ട് എന്നുപറഞ്ഞുപോകുന്ന ബഹുമാന്യരായ ആളുകൾ അവരെക്കുറിച്ചാണ് മത്തായിയുടെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത്. അവരെ തിരിച്ചറിയുവിൻ. അവരെ തിരിച്ചറിയാനുള്ള വിവേകമെങ്കിലും ശ്രീ. മാത്യു ടി. തോമസേ, നിങ്ങളെപ്പോലുള്ള ആളുകൾക്ക് ഉണ്ടാകണമെന്ന് പറയുന്നു. ഇപ്പോൾ ഇവിടെ എന്താണ്; നിങ്ങൾ പറയുന്ന സമരം......

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ, മത്തായിയുടെ സുവിശേഷത്തിൽ 5 : 44 -ൽ ശത്രുക്കളെ സ്നേഹിപ്പിൻ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്തെന്നാൽ സ്വർഗ്ഗസ്ഥനായ നമ്മുടെ

പിതാവ് നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴ വർഷിപ്പിക്കുകയും നല്ലവരുടെമേലും ചീത്തവരുടെമേലും തന്റെ ..........

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ മാണി സാർ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനെതിരെ സമരം ചെയ്യുകയാണ്. മാണി സാറിനോടുള്ള വിരോധം എന്ന് തുടങ്ങി. ഒരു തെറ്റിദ്ധാരണയും വേണ്ട, മാണി സാർ ബഡ്ജറ്റ് അവതരിപ്പിക്കും. നേരത്തെ ഇവിടെ പറഞ്ഞതുപോലെ, പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ പതിമൂന്നാം തീയതി മാണി സാറിന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കും. ദു:ശകുനമായി ഒന്നും പറയണ്ട. മാണി സാറിന് 17,240 ദിവസത്തെ നിയമസഭാ പാരമ്പര്യമുള്ള വ്യക്തിയാണ്. മാണി സാർ തന്നെ പതിമൂന്നാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ച് വീരനായി, വില്ലാളി വീരനായി, വീര മണികണ്ഠനായി ഈ നിയമസഭയിൽ ബഡ്ജറ്റ് അതരിപ്പിച്ചുകൊണ്ട് മാണിസാർ നിറഞ്ഞാടും. ഒരു സംശയവും വേണ്ട. നിങ്ങൾക്ക് സമരം ചെയ്യാനുള്ള കഴിവില്ല. സമരം ചെയ്യാൻ കഴിവുണ്ടോയെന്ന് ചോദിച്ചപ്പോൾ ഇവിടെ ഏതോ സി.പി.ഐ.ക്കാർ പറഞ്ഞു, ഞങ്ങളങ്ങനെ പറഞ്ഞില്ലെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ പാർട്ടി നേതാക്കൾക്ക് ഒരു കത്ത് കൊടുത്തു. ആ കത്തിൽ പറഞ്ഞിരിക്കുന്നത്,

യു.ഡി.എഫ്. സർക്കാരിനെതിരെ നടത്തിയ സമരങ്ങളിൽ പിഴവ് സംഭവിച്ചു. സമരങ്ങൾ വിജയിപ്പിക്കാത്തതിനെക്കുറിച്ച് ജില്ലാ സമ്മേളനങ്ങളിൽ ചോദ്യങ്ങൾ ഉയർന്നപ്പോഴുള്ള മറുപടി പുലഭ്യമായിരുന്നു. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ നിങ്ങളുടെ പാർട്ടി സമ്മേളനത്തിൽ പാർട്ടി നേതാവിന് കൊടുത്ത കത്തിൽ ഈ സമരങ്ങൾ പരാജയമായിരുന്നുവെന്ന് പറഞ്ഞിരിക്കുന്നു. ഈ സമരം പരാജയമായിരുന്നുവെന്ന് സി.പി.ഐ.യുടെ ശ്രീ. പന്ന്യൻ രവീന്ദ്രൻ പറഞ്ഞു. ആരോപണം ഉദ്ധരിച്ചപ്പോൾ നിങ്ങൾ എഴുന്നേറ്റുനിന്നു പറഞ്ഞു. ശ്രീ. ജി. സുധാകരൻ ഇവിടെ ഇല്ലേ; മാണി സാറിനെക്കുറിച്ച് ശ്രീ. ജി. സുധാകരൻ പണ്ട് ഇവിടെ എന്തെല്ലാമാണ് പറഞ്ഞത്; മാണി സാറിനെക്കുറിച്ച് വള്ളത്തോളിന്റെ കവിത പാടിക്കൊണ്ട് അദ്ദേഹം പറഞ്ഞില്ലേ, 'ബന്ധനം കാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനംതന്നെ പാരിൽ', മാണി സാറേ ആ കൂട്ടിൽക്കിടന്ന് ചിറകടിച്ച് ചാകാതിരിക്കാൻ ഈ ആകാശത്തിന്റെ അനന്തയിലേയ്ക്ക് നിങ്ങൾ പറന്നുയരുവെന്ന്. അന്ന് പറന്നുയരാൻ ക്ഷണിച്ചപ്പോൾ നിങ്ങളുടെ കൈകളിൽ മാണി സാറിനെ വെടിവയ്ക്കാനുള്ള തോക്ക് ഉണ്ടായിരുന്നോയെന്ന് ഞങ്ങൾ ഇപ്പോൾ സംശയിക്കുന്നു. മാണിസാറിനെ മുഖ്യമന്ത്രിയാക്കാൻ ഞങ്ങൾ ഇടപെട്ടില്ലായിരുന്നുവെങ്കിൽ മാർക്സിസ്റ്റ് പാർട്ടി ശ്രമിക്കുമെന്ന് പറഞ്ഞത് ഞാനോ ശ്രീ. ഉമ്മൻ ചാണ്ടിയോ അല്ല, ശ്രീ.

പന്ന്യൻ രവീന്ദ്രനാണ്. അപ്പോൾ നിങ്ങളുടെ ഉദ്ദേശമെന്താ, നിങ്ങൾക്ക് അർത്ഥമെന്താ; രണ്ട് പാർട്ടിയും സംസ്ഥാന സമ്മേളനം നടത്തി. മാർക്സിസ്റ്റ് പാർട്ടിയുടെ സമ്മേളനത്തിൽ പണ്ട് ചർച്ച ചെയ്യപ്പെട്ടിരുന്നത് അടിസ്ഥാന വർഗ്ഗത്തിന്റെയും കയർത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയുമൊക്കെ പ്രശ്നങ്ങളാണ്. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ ചർച്ച ചെയ്തത് എന്താണ്; ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ കൊടുത്ത കത്തിന് ബഹുമാനപ്പെട്ട പിണറായി വിജയൻ കൊടുത്ത വിരുദ്ധ മാനസികാവസ്ഥയുള്ള അച്ചുതാനന്ദനെക്കുറിച്ചാണ്. ഒരു അടിസ്ഥാന വർഗ്ഗത്തിന്റെയും പ്രശ്നങ്ങൾ ചർച്ച ചെയ്തില്ല. ആലപ്പുഴ വിപ്ലവത്തിന്റെ നാടാണ്. ആലപ്പുഴയിൽ ഏത് സമ്മേളനം നടത്തിയാലും സഖാക്കൾ അന്തിയുറങ്ങുന്ന രക്തസാക്ഷിമണ്ഡപത്തിൽപ്പോയി പുഷ്പാർച്ചന നടത്തിയാണ് നിങ്ങൾ സമ്മേളനം ആരംഭിക്കുന്നത്. ആലപ്പുഴയിലെ രക്തസാക്ഷിമണ്ഡപത്തിൽ കിടക്കുന്ന രക്തസാക്ഷികൾക്ക് ജീവനുണ്ടായിരുന്നെങ്കിൽ സംസ്ഥാന സമ്മേളനത്തിൽ കയറിവന്ന് ചൂലെടുത്ത് നിങ്ങളെ അടിച്ചോടിക്കുമായിരുന്നു. കാരണമെന്താ, നിങ്ങൾ അവിടെ ചർച്ച ചെയ്തത് ആരുടെ പ്രശ്നമാണ്. ഞങ്ങളാരും അച്ചുതാനന്ദനുവേണ്ടി പറയുന്നില്ല. അച്ചുതാനന്ദൻ പാലായനം നടത്തി. ചില

രാജ്യങ്ങളിലൊക്കെ തീവ്രവാദികൾ അധികാരം പിടിച്ചെടുക്കുമ്പോൾ ഭരണകർത്താക്കൾ പാലായനം നടത്തി മറ്റു രാജ്യങ്ങളിൽ അഭയം പ്രാപിക്കുന്നതുപോലെ, ഒരു ദിവസം വെളുപ്പിന് നാലുമണിക്ക് വേലിയ്ക്കകത്ത് വീട്ടിൽ നിന്ന് ബഹുമാനപ്പെട്ട അച്ചുതാനന്ദൻ പാലായനം നടത്തി. പിന്നെ അദ്ദേഹം പൊങ്ങിയത് മാർക്സിസ്റ്റ് പാർട്ടിയുടെ വേദിയിലല്ല, സി.പി.ഐ.യുടെ കോട്ടയം സമ്മേളനത്തിലാണ്. അച്ചുതാനന്ദന് ഒരു വേദി കൊടുക്കാൻ തയ്യാറായതിന് ഞാൻ സി.പി.ഐ.ക്കാരോട് നന്ദിരേഖപ്പെടുത്തുന്നു. ഇവിടെ ശ്രീ. എ. കെ. ബാലൻ പറഞ്ഞു, ശ്രീ. വി. എം. സുധീരനെ വിമർശിച്ചപ്പോൾ നിങ്ങൾ എന്താ ഇളകാഞ്ഞതെന്ന്. പാർട്ടിയുടെ സ്ഥാപകനേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദനെ പടിയടച്ച് പുറത്തിറക്കിയിട്ട് ശ്രീ. എ. കെ. ബാലനെപ്പോലുള്ള ആളുകൾ ഒരക്ഷരംപോലും സംസാരിച്ചില്ല. ആരാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ വിമർശിച്ചത്, ശ്രീ. ബാബു എം. പാലിശ്ശേരി. മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദനെ വിമർശിക്കുന്നതിനുവേണ്ടി........ മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ആയതിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനെ ഞാൻ പരസ്യമായി അനുമോദിക്കുന്നു. അതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ശ്രീ. എ. കെ.

ബാലനോട് ഞാൻ പറയുകയാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഒരഭ്യർത്ഥനയുണ്ട്, ശ്രീ. വി. എസ്. അച്ചുതാനന്ദനെ നിങ്ങൾക്ക് വിമർശിക്കാം. പക്ഷെ ശ്രീ. വി. എസ്. അച്ചുതാനന്ദനെ വിമർശിക്കാൻ ശ്രീ. ബാബു എം. പാലിശ്ശേരിയെപ്പോലുള്ള ആളുകളെ ഉപയോഗിക്കുന്ന അധാർമ്മികമായ രാഷ്ട്രീയ തന്ത്രം നിങ്ങൾ ഉപയോഗിക്കരുത്. ശ്രീ. ബാബു എം. പാലിശ്ശേരിക്ക് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്ന പേര് പറയാൻ അർഹതയുണ്ടോ; നിങ്ങൾ എന്താണ് വിചാരിച്ചിരിക്കുന്നത്; സമയക്കുറവുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. പാർലമെന്റ് ഇലക്ഷനിലും ഡെൽഹി നിയമസഭാ തെരഞ്ഞെടുപ്പിലും സംസ്ഥാന തെരഞ്ഞെടുപ്പുകളിലും കോൺഗ്രസ് തോറ്റു, കോൺഗ്രസ് തോറ്റതിനുശേഷം ബി.ജെ.പി. അധികാരത്തിൽ വന്നു. എങ്ങനെയുണ്ട് ബി.ജെ.പി.; ബി.ജെ.പി. ഡൽഹി തെരഞ്ഞെടുപ്പിൽ തോറ്റു. ഞങ്ങളും തോറ്റു, സമ്മതിച്ചു. ഇപ്പോൾ കോൺഗ്രസിന് ഒരു ബദൽ വന്നിരിക്കുന്നു - ആം ആദ്മി പാർട്ടി. മൂന്ന് മാസക്കാലംകൊണ്ട് മൂന്ന് തട്ടിലായി ആം ആദ്മി പാർട്ടി. മറ്റൊരു പരീക്ഷണം നമ്മൾ കണ്ടു, ജമ്മു കാശ്മീരിൽ ബി.ജെ.പി.യും പി.ഡി.പി.യും തമ്മിൽ ഒരുമിച്ച - മുഫ്തി മുഹമ്മദ് സയ്ദ് മുഖ്യമന്ത്രിയായി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ അഭിപ്രായ വ്യത്യാസം. ദേശീയ രാഷ്ട്രീയത്തിൽ, സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനെ

തോൽപ്പിച്ച് അധികാരത്തിൽ വന്ന പാർട്ടികൾക്ക് പിടിച്ചുനിൽക്കാൻ പറ്റാതെ ഗതികിട്ടാപ്രേതങ്ങളെപ്പോലെ അലയുമ്പോൾ ഒരു കാര്യം സത്യമാണ്, ഇന്ത്യൻ രാഷ്ട്രീയത്തിൽ പിടിച്ചുനിൽക്കാൻ പോകുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാത്രമാണ്. ആർക്കും സംശയംവേണ്ട. കാരണം, കോൺഗ്രസ് ഇൻഡ്യയുടെ പര്യായമാണ്. അങ്ങനെ ഒരു പാർട്ടിക്കേ നിലനിൽക്കാൻ കഴിയൂ. ഇവിടെ ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ബാലൻ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് എന്ത് പറയുന്നു; നിങ്ങൾ മഹാത്മാ ഗാന്ധിയെ എതിർത്തവരാണ്. മഹാത്മാ ഗാന്ധി ഇന്ത്യ മാന്തിപ്പുണ്ണാക്കിയെന്ന് മുദ്രാവാക്യം വിളിച്ചവരാണ് നിങ്ങൾ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുനെ എതിർത്തവരാണ് നിങ്ങൾ. ഇപ്പോൾ ഡി.വൈ.എഫ്.ഐ.യുടെ സംസ്ഥാന സമ്മേളനത്തിൽ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും പടമൊക്കെയുണ്ട്. പണ്ട് നിങ്ങളുടെ സമ്മേളനങ്ങളിൽ കാറൽ മാർക്സിന്റെയും ഏംഗൽസിന്റെയും സ്റ്റാലിന്റെയും ലെനിന്റെയും പടങ്ങളായിരുന്നു. ഈ പടങ്ങളൊക്കെ വച്ചാൽ ഇന്ത്യാ മഹാരാജ്യത്ത് പിടിച്ചുനിൽക്കാൻ കഴിയാതെ വരുമെന്ന് മനസ്സിലാക്കിയപ്പോൾ നിങ്ങളിപ്പോൾ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും പടം വയ്ക്കുന്നു. നാളെ നിങ്ങൾ ഇന്ദിരാ ഗാന്ധിയുടെയും പടം വയ്ക്കും. കേരളത്തിൽ കുറെ നാളുകൾ കഴിഞ്ഞാൽ ശ്രീ. ഉമ്മൻ

ചാണ്ടിയുടെയും പടം വച്ചും പാർട്ടി സമ്മേളനങ്ങൾ നടത്തേണ്ട ഗതികേടിലേയ്ക്ക് നിങ്ങളുടെ പാർട്ടി നീങ്ങുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് നിങ്ങൾ ഈ ഗവൺമെന്റിനെ എതിർക്കുന്നത്, വിവാദങ്ങൾ സൃഷ്ടിച്ച് അപവാദങ്ങൾ ഉണ്ടാക്കി ഈ ഗവൺമെന്റിന്റെ പിന്നാലെ പോകുന്നതിനേക്കാൾ നല്ലത് കേരളത്തിൽ ഇന്നേവരെയും ഇത്രയും നല്ല നിലയിൽ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന..... സ്റ്റാർട്ട് അപ് വില്ലേജിനെക്കുറിച്ച് പലരും ഇവിടെ പുച്ഛമായി പറഞ്ഞു. അറിവിന്റെ കാലഘട്ടമാണിത്. പണ്ട് വ്യവസായം തുടങ്ങണമെങ്കിൽ മുതൽ മുടക്കും അസംസ്കൃതവസ്തുക്കളും മതിയായിരുന്നു. ഇപ്പോൾ അത് പോരാ. ഇന്ന് രാജ്യം പുരോഗമിക്കണമെങ്കിൽ അറിവ് വേണം, ആ അറിവ് എങ്ങനെ പ്രയോജനപ്പെടുത്താം, ചെറുപ്പക്കാരുടെ കർമ്മശേഷിയെയും ഇച്ഛാശക്തിയെയും കഴിവിനെയും അറിവിനെയും എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ചാണ് നമ്മൾ സ്റ്റാർട്ട് അപ് വില്ലേജിലൂടെ ആലോചിക്കുന്നത്. അതാണ് ഇന്ന് ഇന്ത്യ കടമെടുത്തിരിക്കുന്നത്. അതുകൊണ്ട് സർവ്വ മേഖലയെയും മുന്നോട്ട് നയിക്കുന്ന കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന് അതിന്റെ നയപരിപാടികളിലെ ഉള്ളടക്കത്തെ മുൻനിർത്തിക്കൊണ്ട് ബഹുമാന്യനായ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിന് എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. എം.

പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദി പ്രമേയത്തെ അഭിമാനത്തോടുകൂടി ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, റിട്ടയേർഡ് സുപ്രീം കോടതി ചീഫ് ജസ്റ്റീസായ ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. പി. സദാശിവത്തെപറ്റി നമുക്കെല്ലാം വലിയ ബഹുമാനമാണ്. ചരിത്രപ്രാധാന്യമുള്ള വിധിപ്രസ്താവനകൾ നടത്തിയിട്ടുള്ള ന്യായാധിപനാണ് അദ്ദേഹം. ഗവർണ്ണർ പദവിയിൽ സജീവ സാന്നിദ്ധ്യവുമാണല്ലോ അദ്ദേഹം. അങ്ങനെയുള്ള അദ്ദേഹത്തെകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയുമൊക്കെ ചേർന്ന് നയപ്രഖ്യാപനമെന്ന പേരിൽ ഇത്തരം പൊള്ളവാക്കുകൾ പറയിപ്പിക്കാമോ; ശ്രീ ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയുമൊക്കെ കള്ളങ്ങൾ പറയുക മാത്രമല്ല കള്ളത്തരങ്ങൾ കാട്ടുന്നതും അതൊക്കെ ഒളിപ്പിക്കാൻ പാടുപെടുന്നതും നാമൊക്കെ കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതൊക്കെ ഗവർണ്ണറെകൊണ്ട് പറയിച്ച് അദ്ദേഹത്തെക്കൂടി നിങ്ങളുടെ ഗണത്തിൽപ്പെടുത്തണമായിരുന്നോ; അങ്ങനെ നയവും പരിപാടിയുമൊന്നുമില്ലാതെ വെറുമൊരു ഉപന്യാസമായി നയപ്രഖ്യാപനത്തെ നിങ്ങൾ കൈകാര്യം ചെയ്യുകയാണുണ്ടായത്. ഞാനതിനെ ശക്തിയായി എതിർക്കുന്നു. ഒരു ജനതയുടെ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും വേണ്ടി

സർക്കാർ ചില തത്വങ്ങളുടെയും കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ രൂപം നൽകുന്ന ദർശനരേഖയായിരിക്കണം നയപ്രഖ്യാപനം. അങ്ങനെ വല്ലതുമുണ്ടോ ഈ നയപ്രഖ്യാപനത്തിൽ; രാജ്യത്തെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ മാറ്റിയെന്നാണ് നയപ്രഖ്യാപനത്തിന്റെ ആമുഖത്തിൽ പറയുന്നത്. വളർന്നുകൊണ്ടിരിക്കുന്നത് മന്ത്രിമാരും അവരുടെ സിൽബന്ധികളുമാണെന്നേയുള്ളൂ. മന്ത്രിമാരടക്കമുള്ളവരുടെ കൊടിയ അഴിമതിയിലും വിലക്കയറ്റത്തിലും ജനവിരുദ്ധ നടപടികളിലും പൊറുതിമുട്ടുന്ന ജനങ്ങൾക്ക് എന്ത് വികസനം ഉണ്ടായി എന്നാണ് പറയുന്നത്; വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്നുപറയുന്നതുപോലെ എന്ത് അസംബന്ധവും ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കാമെന്നാണോ; ദേശീയ ഗെയിംസിനെകുറിച്ച് വല്ലാതെ മേനി നടിക്കുന്നുണ്ടല്ലോ. എന്നാൽ അതിലും ചില അഴിമതികളുണ്ടായി. രാജ്യാന്തരങ്ങളിൽപോലും കേരളത്തിന് നാണക്കേടുണ്ടാക്കിയ നാറിയ അഴിമതിയല്ലേ ദേശീയ ഗെയിംസിൽ അരങ്ങേറിയത്. കേരളത്തിന്റെ ചുണക്കുട്ടികൾ ദേശീയ ഗെയിംസിൽ അരങ്ങുവാണ് മെഡലുകൾ വാങ്ങിക്കൂട്ടിയതിന്റെ പേരിൽ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ വേറുതേ നെഞ്ചുവിരിച്ച് ഉളുക്ക് വീഴ്ത്തേണ്ട. വടക്കുള്ള ആ സി.ബി.ഐ. ക്കാർ ഏതാണ്ട് കണക്കൊക്കെ

എടുക്കുന്നുണ്ടെന്ന് കേട്ടു. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും മുകളിൽ ഒരു നേതാവുണ്ടല്ലോ, ശ്രീ. സുരേഷ് കൽമാഡി. ആ വിദ്വാന് എന്തു സംഭവിച്ചു എന്നുള്ളത് ഞാൻ പറയേണ്ടതില്ലല്ലോ. കാര്യങ്ങളൊക്കെ നല്ല നിലയിൽ നീങ്ങിയാൽ ചിലപ്പോൾ കേരളത്തിലും ചില കൽമാഡിമാർ ഉണ്ടായെന്നുവരാം. പുതുപ്പള്ളി കൽമാഡിയും തിരുവഞ്ചൂർ കൽമാഡിയുമൊക്കെ.

ഗവർണ്ണറെക്കൊണ്ട് അബദ്ധ പഞ്ചാംഗവും വസ്തുതാ വിരുദ്ധമായ കാര്യങ്ങളും പറയിപ്പിച്ചുവെന്ന് ഞാൻ വെറുതെ പറയുന്നതല്ല. എത്ര ഉദാഹരണം വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. എല്ലാ ക്ഷേമപെൻഷനുകളും യഥാസമയം വിതരണം ചെയ്യുന്നു എന്നാണ് നയപ്രഖ്യാപനത്തിന്റെ നാലാം ഖണ്ഡികയിൽ പറയുന്നത്. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയ ക്ഷേമപെൻഷനുകളെല്ലാം 8 മാസം കുടിശ്ശികയാണ്. എന്നിട്ടാണ് എല്ലാം യഥാസമയം നൽകുന്നുവെന്ന് നട്ടാൽ കുരുക്കാത്ത നുണ ഗവർണ്ണറെക്കൊണ്ട് പറയിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയുമൊക്കെ നുണകളിൽ ഉണ്ണുകയും നുണകളിൽ ഉറങ്ങുകയും ചെയ്യുന്നവരാണെന്ന് നമുക്കറിയാം. എന്നുവച്ച് ഗവർണ്ണറേയും അക്കൂട്ടത്തിൽ പെടുത്താമോ; ഗവർണ്ണറുടെ പ്രസംഗത്തിന്റെ 5-ാം ഖണ്ഡികയിൽ വിപണിയിടപെടൽ നടത്തിയെന്ന് പറയുന്നുണ്ട്. സപ്ലൈ-കോ 20

മുതൽ 35 ശതമാനം വരെ വില കുറച്ച് വിൽക്കുന്നുവെന്ന് പിന്നീടൊരിടത്ത് പറയുന്നു. സത്യത്തിൽ ഇത് വായിച്ച് ഞാൻ ചിരിച്ചുപോയി. ഇപ്പോഴും ഇതോർക്കുമ്പോൾ ചിരിയടക്കാൻ കഴിയുന്നില്ല. എവിടെ ഇടപെടൽ നടത്തിയെന്നാണ് പറയുന്നത്. സപ്ലൈ-കോയുടെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട്‌ലെറ്റുകളിൽ വല്ല സാധനവും കിട്ടാനുണ്ടോ? വിപണിയിടപെടലിന്റെ കൊണവതിയാരം കഴിഞ്ഞ ഓണക്കാലത്ത് നമ്മൾ കണ്ടതല്ലേ. ഇപ്പോഴും കണ്ടുകൊണ്ടിരിക്കുകയല്ലേ. ചുക്കേത് ചുണ്ണാമ്പേതെന്നുപോലും അറിയാത്ത ഒരു മന്ത്രി എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണ്. ഇതിന്റെ പേരിലാണ് വിപണിയിടപെടലെന്ന് പറയുന്നതിന് ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഒരു നല്ല നമസ്കാരം പറയേണ്ടതാണ്. കഴിഞ്ഞ മൂന്നുനാല് വർഷമായി വായിൽക്കൊള്ളാത്ത എന്തെല്ലാം പേരുകൾ പറഞ്ഞാണ് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ.എം. മാണിയുമൊക്കെ കേരളീയരെ പറ്റിച്ചുകൊണ്ടിരിക്കുന്നത്. GIM, Emerging Kerala, Mission 676. ഇതൊക്കെ ആഘോഷിച്ചിട്ട് വല്ലതും എമർജ് ചെയ്തോ? എന്തോ ചിലതൊക്കെ ചെയ്യുമെന്ന് നയപ്രഖ്യാപനത്തിൽ ഭീഷണി മുഴക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമ്മാണ പാക്കേജ് നടപ്പിലാക്കുമെന്ന് പറയുന്ന സർക്കാർ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ ഫലമായി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷമതകൾ സംബന്ധിച്ച്

എന്തേ ഓർക്കുന്നില്ല? ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിധവകൾക്കും അശരണർക്കും പുതിയ പാർപ്പിട പദ്ധതിയെപ്പറ്റി വാചാലമാകുന്നുണ്ട്. പക്ഷേ അവരുടെ തുച്ഛമായ പെൻഷനിൽപ്പോലും സർക്കാർ കയ്യിട്ട് വാരുകയല്ലേ ചെയ്യുന്നത്?

എൽ.എൻ.ജി. ക്ക് സഹായം നൽകുമെന്നും സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുമെന്നും വീമ്പിളക്കുന്ന സർക്കാർ അതിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ. കെ.എസ്.ആർ.ടി.സി. ക്ക് കൂടുതൽ ബസ്സുകൾ വാങ്ങാൻ തിടുക്കം കാട്ടുന്ന സർക്കാർ ഇരുന്നിട്ട് കാൽനീട്ടിയാൽ പോരെ. ആദ്യം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനുമൊക്കെ മര്യാദയ്ക്ക് കൊടുക്കുവാൻ നോക്ക്. പിന്നീടാകാം ബാക്കിയുള്ള കാര്യം. പോലീസ് സയൻസിനും ആഭ്യന്തര സുരക്ഷയ്ക്കും ദേശീയ സർവ്വകലാശാല ആരംഭിക്കുമെന്നാണ് മറ്റൊരു അവകാശവാദം. നിലവിലുള്ള സർവ്വകലാശാലകളുടെ കാര്യം ശരിയാക്കിയിട്ട് പോരെ പുതിയ സർവ്വകലാശാല; ആൽബർട്ട് ഐൻസ്റ്റീനെപ്പോലെയുള്ളവരെ വി.സി. യാക്കാൻ ശ്രമിച്ച സർവ്വകലാശാലകളുടെ തലപ്പത്ത് ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും ആരെയൊക്കെയാണോ പ്രതിഷ്ഠിച്ചിരിക്കുന്നത്? യോഗ്യതയില്ലാത്തവർ, കള്ളസർട്ടിഫിക്കറ്റുകൾ ഒപ്പിച്ചെടുത്തവർ, സർക്കാരിനെയും ജനങ്ങളെയും കബളിപ്പിച്ച് ഇരട്ട ശമ്പളം വാങ്ങുന്നവർ, സ്വന്തം സർട്ടിഫിക്കറ്റുകൾ ചോദിക്കുമ്പോൾ

അമ്ലേഷിയ ബാധിക്കുന്നവർ. എന്താണാവോ ശ്രീ. ഉമ്മൻ ചാണ്ടി നിയമിച്ച വി.സി. മാർക്ക് സ്വന്തം സർട്ടിഫിക്കറ്റിന്റെ കാര്യം വരുമ്പോൾ മറവിരോഗം ബാധിക്കുന്നത്; എന്തൊരു നാണക്കേടാണിത്?

മിനിമം ഗ്യാരണ്ടി വേജസ് ബിൽ കൊണ്ടുവരുമെന്നതാണ് അടുത്ത പ്രഖ്യാപനം. അഞ്ചാം വർഷത്തിലേയ്ക്ക് കടക്കുമ്പോഴാണ് പലയിടങ്ങളിലും മിനിമം വേജ് കൊടുക്കുന്നില്ലെന്ന് ശ്രീ. ഉമ്മൻ ചാണ്ടി അറിഞ്ഞത്. ശാന്തം പാവം.

7693 ഹെക്ടർ ഭൂമി ഭൂരഹിതരായ ഗോത്ര വർഗ്ഗക്കാർക്ക് വിതരണം ചെയ്യുമെന്നുപോലും. ശ്രീ. ഉമ്മൻ ചാണ്ടി ഭരണമേറ്റെടുത്ത നാൾ മുതൽ തുടങ്ങിയതാണ് അരിപ്പയിലെ ആദിവാസികളുടെ ഭൂസമരം. ശ്രീ. ഉമ്മൻ ചാണ്ടിയുടെ മൂക്കിനുതാഴെ വന്നും അവർ സമരം നടത്തി. അന്നൊന്നും ശ്രീ. ഉമ്മൻ ചാണ്ടി ഇതൊന്നും കണ്ടില്ലേ; കയർ മേഖലയിൽ എന്തൊക്കെ ചെയ്തു; കയറ്റുമതി വർദ്ധിപ്പിച്ചതിനെ സംബന്ധിച്ച് പറയുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾ കൊടും പട്ടിണിയിലാണ്. ഈ സഭയിലെ അംഗം കൂടിയായ ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ വൈക്കത്തുനിന്നും കയർ തൊഴിലാളികൾ കാൽനടയായി തിരുവനന്തപുരത്തേയ്ക്ക് സമരയാത്ര നടത്തുന്നത് സർക്കാർ അറിഞ്ഞില്ലേ? ആ ജാഥ തലസ്ഥാന നഗരിയിൽ എത്തിച്ചേർന്നിട്ടുണ്ട്.

നയപ്രഖ്യാപനത്തിലെ ഓരോന്നും ഇങ്ങനെ എണ്ണിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സർക്കാരിന് എന്തിനെപ്പറ്റി ഓർത്താണ് അഭിമാനിക്കാൻ വകയുള്ളത്; അഴിമതി, തട്ടിപ്പ്, വെട്ടിപ്പ്, ഖജനാവ് കൊള്ളയടി, കേരളത്തെ നാണം കെടുത്തൽ എന്നിവയൊക്കെ സുകുമാര കലകളായി വികസിപ്പിച്ചെടുത്ത കാര്യത്തിലല്ലേ ഇക്കൂട്ടർക്ക് അഭിമാനിക്കാൻ കഴിയുക. ഈ വക കാര്യങ്ങളിൽ മുൻകാല യു.ഡി.എഫ്. സർക്കാരുകളെപ്പോലും ശ്രീ. ഉമ്മൻ ചാണ്ടി അതിവേഗം പിന്നിലാക്കിയിരിക്കുകയാണ്. കൂടെയുള്ള ആരെന്ത് അഴിമതിയും കൊള്ളരുതായ്മയും കാട്ടിയാലും മുഖ്യമന്ത്രി സ്ഥിരം പറയുന്നൊരു കാര്യമുണ്ട്. എല്ലാറ്റിന്റെയും ഉത്തരവാദിത്തം ഞാൻ ഏൽക്കുന്നു. ശ്രീ. കെ.എം. മാണി കൊള്ള ചെയ്താലും ശ്രീ. പി.കെ. അബ്ദുറബ്ബ് അഴിമതി കാട്ടിയാലും ചീഫ് സെക്രട്ടറി ക്രമക്കേട് നടത്തിയാലും എല്ലാത്തിന്റെയും ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നു എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി പറയുക. ശ്രീ. ഉമ്മൻ ചാണ്ടി ഉത്തരവാദിത്തം ഏറ്റെടുത്താൽ പിന്നെ കാട്ടിക്കൂട്ടിയ അഴിമതികളിലൊന്നും ഒരു കാര്യവുമില്ല എന്നു തോന്നിപ്പോകുന്ന വിധമാണ് അദ്ദേഹത്തിന്റെ നിലപാട്. അദ്ദേഹം ഉത്തരവാദിത്തം ഏറ്റെടുത്തതുകൊണ്ട് അഴിമതി അഴിമതിയല്ലാതാകുമോ; ഏത് മന്ത്രിയുടെയും ഉന്നതോദ്യോഗസ്ഥന്റെയും പേരിൽ അഴിമതിക്കേസുണ്ടായാലും ശ്രീ. ഉമ്മൻ ചാണ്ടി

മറ്റൊരു അടവുകൂടി പ്രയോഗിക്കും. നിയമം നിയമത്തിന്റെ വഴിക്ക് പോകും. ഇതാണ് അദ്ദേഹത്തിന്റെ വായ്ത്താരി. ഇതാണ് ഉമ്മൻ ചാണ്ടിയുടെ വായ്ത്താരി, ചെയ്യുന്നതോ അഴിമതിക്കാർക്ക് ആദ്യമേ തന്നെ ഗുഡ്സർട്ടിഫിക്കറ്റ് നൽകും. സകലമാന അഴിമതിക്കാരും നന്മകളുടെ കേളീ കേദാരമാണെന്ന് വച്ച് കാച്ചിക്കളയും. ആർക്കൊക്കെയാണ് ഉമ്മൻചാണ്ടി ഗുഡ്സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്, നമ്മൾ കണ്ടതല്ലേ? സരിത എന്ന ഒരു മാന്യ വനിതയുണ്ടല്ലോ, അവരെ ഉമ്മൻചാണ്ടിക്ക് നല്ല വിശ്വാസമാണ്, മറ്റൊരാൾ ബിജു രാധാകൃഷ്ണനാണ്, സോളാർ കേസ്സിൽ സരിതയുടെ കൂട്ടുപ്രതി. സ്വന്തം ഭാര്യയെ കൊലപ്പെടുത്തിയ കേസ്സിൽ ആളിപ്പോൾ അകത്താണ്. ആ കക്ഷിയുമായാണ് പണ്ട് മുഖ്യമന്ത്രി എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ അടച്ചിട്ടിരുന്ന മുറിയിൽ ഒരു മണിക്കൂർ ചർച്ച നടത്തിയത്. അപ്പോൾ പിന്നെ അയാളെ ഉമ്മൻചാണ്ടിക്ക് പെരുത്ത വിശ്വാസം തന്നെയാണല്ലോ? 480 കോടി രൂപയുടെ ഭൂമി തട്ടിപ്പു നടത്തിയ ഒരു സലീം രാജ് ഉണ്ടല്ലോ? ആ വിദ്വാന്റെ ലീലാ വിലാസങ്ങളെപ്പറ്റി ഞാൻ ഏറെ പറയേണ്ടതുണ്ടോ? അയാളെ ഉമ്മൻചാണ്ടിക്ക് വെറും വിശ്വാസമല്ല, പരമ വിശ്വാസമാണ്. കൈക്കൂലി ചോദിച്ച് വാങ്ങി സ്വന്തം വീട്ടിൽ വാങ്ങി വച്ചിട്ടുള്ള നോട്ട് എണ്ണൽ യന്ത്രത്തിൽ എണ്ണി, എണ്ണി തിട്ടപ്പെടുത്തുക എന്ന ആരോപണത്തിന് വിധേയമാകുക വഴി, ലോക ചരിത്രത്തിൽ

തന്നെ റിക്കാർഡ് കരസ്ഥമാക്കിയ ശ്രീ. കെ. എം. മാണിയേയും ഉമ്മൻചാണ്ടിക്ക് നല്ല വിശ്വാസമാണ്. ഉമ്മൻചാണ്ടി ഗുഡ്സർട്ടിഫിക്കറ്റ് നൽകിയ മാണിയെ എങ്ങനെയാണ് ചെന്നിത്തലയുടെ പോലീസ് പിടികൂടുന്നത്? ഏറ്റവും ഒടുവിൽ ആരോപണമുയർന്നത് ഡി.ജി.പി. ക്കെതിരെയാണ്, ആരാണ് ആരോപണം ഉന്നയിച്ചത്, ഗവൺമെന്റ് ചീഫ് വിപ്പ്. അദ്ദേഹം ചില്ലറക്കാരനാണോ? സത്യങ്ങൾ മാത്രം പറയുന്ന ആളല്ലേ? ഗവൺമെന്റിന്റെ ഔദ്യോഗിക വക്താവല്ലേ? കേസ്സു കൊടുത്ത വാദിയുടെ പക്കൽ നിന്ന് കാശ് വാങ്ങിയതിനുശേഷം പ്രതിക്കു വേണ്ടി വാദിക്കുന്നതുപോലെയല്ലേ, സർക്കാരിനുവേണ്ടി വാദിക്കാൻ ശമ്പളം പറ്റുന്ന ചീഫ് വിപ്പ് സർക്കാരിന്റെ ഏറ്റവും ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെപ്പറ്റി ആരോപണം ഉന്നയിച്ചത്. അങ്ങനെ അദ്ദേഹം ഉന്നയിച്ച ആരോപണം അടിസ്ഥാനമില്ലാത്തതാകില്ലല്ലോ? പക്ഷേ അഴിമതി ആരോപണത്തിന് വിധേയമായ ഡി.ജി.പി. യേയും ഉമ്മൻചാണ്ടിക്ക് നല്ല വിശ്വാസമാണ്. ഈ വക കാര്യങ്ങളൊക്കെ പകൽ വെളിച്ചം പോലെ പച്ച പരമാർത്ഥമായി നിൽക്കുമ്പോൾ ഈ നയപ്രഖ്യാപനത്തെ ആർക്കെങ്കിലും പിൻതുണയ്ക്കുവാൻ ആകുമോ, ഇതിനെ അനുകൂലിച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സ്നേഹിതൻമാർ സംസാരിച്ചതുകേട്ടപ്പോൾ എനിയ്ക്ക് വല്ലാത്ത കഷ്ടം തോന്നി. സ്വന്തം മന:സ്സാക്ഷി

പണയപ്പെടുത്തിയും നട്ടെല്ല് ഊരി വച്ചിട്ടുമല്ലേ ഇവർ ഇങ്ങനെ പിൻതാങ്ങി സംസാരിച്ചത്. കഷ്ടമേ കഷ്ടാൽ കഷ്ടതരം, എന്നല്ലാതെ എന്തു പറയാൻ. പി.സി. വിഷ്ണുനാഥ് ഇന്നലെ സഭയ്ക്ക് അകത്തും പുറത്തും കള്ളത്തരങ്ങൾ പറയുകയുണ്ടായി. ആ കള്ളങ്ങൾ പ്രചരിപ്പിക്കുന്നുമുണ്ട്. കോൺഗ്രസ്സിന്റെ കള്ളം പറയുന്ന സെല്ലിന്റെ സ്വയം പ്രഖ്യാപിത കൺവീനറാണ് വിഷ്ണുനാഥ്. ഭൂമി ദാന കേസ്സിൽ എഫ്.ഐ.ആർ. റദ്ദാക്കുന്നതിന് ഞാൻ ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും പോയിട്ടും ഒഴിവാക്കിയില്ല എന്നാണ് പ്രചരിപ്പിക്കുന്നത്. പ്രായേണ ചെറുപ്പക്കാരനായ ആ സാമജികന്റെ അജ്ഞത മാത്രമായേ ഞാൻ അത് കാണുന്നുള്ളൂ. ഹൈക്കോടതി സിംഗിൾ ബഞ്ച് പറഞ്ഞതെന്താണ്? ഉറപ്പില്ലാത്ത തടിയിൽ കുരിശുണ്ടാക്കി അതിൽ എന്നെ തറയ്ക്കാൻ സർക്കാർ ശ്രമിക്കുകയായിരുന്നു എന്നാണ്, എന്നുമാത്രമല്ല നിലനിൽക്കാത്ത എഫ്.ഐ.ആർ. റദ്ദാക്കുന്നുവെന്നും ഹൈക്കോടതി പറഞ്ഞു. ഈ വിധികേട്ട് സർക്കാർ പരിഭ്രാന്തിയോടുകൂടി ഓട്ടം തുടങ്ങി, അന്നുതന്നെ മണിക്കൂറുകൾക്കകം എ.ജി. യെക്കൊണ്ട് ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഫയൽ ചെയ്യിച്ച് വിധി സ്റ്റേ ചെയ്ത് സർക്കാർ മുഖം രക്ഷിക്കുകയായിരുന്നു. എന്നാൽ കോടതി പറഞ്ഞു, കേസ് തീരുന്നതുവരെ യാതൊരു നടപടിയും സ്വീകരിക്കരുതെന്ന്. ആ വിധി വന്നിട്ട് വർഷങ്ങൾ പലത് പിന്നിട്ടു, ഡിവിഷൻ

ബഞ്ചിനു മുൻപിൽ പോയിട്ടേ ഇല്ല. ഇതാണ് നടന്നത്, ഇത് വളച്ചൊടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള വിഷ്ണുനാഥിന്റെ ദു:ഷ്ടലാക്ക് ജനങ്ങൾ പുച്ഛിച്ചു തള്ളും. വിഷ്ണുനാഥ് പിള്ളേരു കളി നിർത്തേണ്ട പ്രായം കഴിഞ്ഞുവെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം. അതല്ല കള്ളത്തരങ്ങൾ മാത്രം ഭക്ഷിച്ച് ഉമ്മൻചാണ്ടിയുടെ ഉത്തമ ശിഷ്യനാകാനാണ് ഭാവമെങ്കിൽ പിന്നെ പറഞ്ഞിട്ടു കാര്യമില്ല. വിഷ്ണുനാഥിനെ ഉമ്മൻചാണ്ടി തന്നെ രക്ഷിക്കട്ടേ. അഴിമതിയും കൊള്ളയും നടത്തുന്നവർ കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ വീണുപോകുമെന്ന് ഇന്നലെ ഞാൻ സഭയിൽ പറഞ്ഞിരുന്നു. അത് ബൈബിളിൽ നിന്ന് ഉദ്ധരിച്ചതാണ്. അല്ലാതെ എന്റെ വാക്കുകളല്ല. അതുകേട്ടപ്പോൾ മാണി പറഞ്ഞു, ഞാൻ അന്തിക്രിസ്തുവാണുപോലും, ചെകുത്താൻ വേദമോതുന്നതുപോലെ ആണ് എന്റെ വാക്കുകളെന്നും അദ്ദേഹം പറയുകയുണ്ടായി. കഷ്ടം എന്നല്ലാതെ എന്താണ് പറയുക? മാണിയുടെ ചിന്തകളിലും സ്വപ്നങ്ങളിലും പോലും ഇപ്പോഴും ചെകുത്താൻ, അന്തിക്രിസ്തു തുടങ്ങിയവരുടെ രൂപങ്ങളാണ് തെളിയുന്നത്. കാരണമെന്താണ്? കഴിഞ്ഞ നാലഞ്ച് മാസങ്ങളായി മാണിയ്ക്ക് സ്വസ്ഥതയില്ല, ഊണില്ല, ഉറക്കംപോലുമില്ല. ഊണില്ലാത്ത അവസ്ഥ, കുറഞ്ഞ നിദ്ര, ഈ പറയുന്നതുപോലെയാണ് മാണിയുടെ അവസ്ഥ. അതുമാത്രമാണോ, ഇംഗ്ലീഷിൽ ഒരു

ചൊല്ലുണ്ട്. നമ്മൾ എങ്ങനെയാണോ, അതുപോലെയാണ് നമ്മൾ മറ്റുള്ളവരേയും കാണുന്നത് എന്ന അർത്ഥത്തിൽ ഉള്ളതാണ് ആ ചൊല്ല്. അതുകൊണ്ടാണ് ചെകുത്താനേയും അന്തിക്രസ്തുവിനേയും പറ്റിയൊക്കെ മാണി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന് എന്റെ കൈയ്യിൽ ഒരു മറുമരുന്ന് ഇല്ല. ഒരു മരുന്നും ഇല്ല. മറ്റൊന്നുകൂടി ഞാൻ പറയാം, വിനാശകാലത്താണല്ലോ അന്തിക്രസ്തു അവതരിക്കുന്നത്. ശരിയാണ്, മാണിയും അദ്ദേഹത്തിന്റെ പാർട്ടിയും നാശത്തിന്റെ വക്കിലാണെന്ന് അദ്ദേഹത്തിന് നല്ല ഉറപ്പാണ്. അതുകൊണ്ടു കൂടിയാണ് അദ്ദേഹം അന്തിക്രസ്തുവിനെക്കുറിച്ച് പേർത്തും പേർത്തും പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസവും വന്നില്ലേ, മിസ്റ്റർ മാണിയുടെ കോഴ സംബന്ധിച്ച് ചില വെളിപ്പെടുത്തലുകൾ. എന്നാലും മാണി ചടഞ്ഞുകൂടി ഇരിക്കും പോലും, അവസാനം കോഴവാങ്ങുന്ന സമയത്ത് മാണി നടത്തിയ സംഭാഷണത്തിന്റെ ശബ്ദരേഖ കൂടി പുറത്തു വന്നാലേ മാണിയ്ക്ക് തൃപ്തിയാകൂ എന്ന് തോന്നുന്നു. ഉമ്മൻചാണ്ടിയും മറ്റും ആഗ്രഹിക്കുന്നതും അതുതന്നെയായിരിക്കും. ഒരു നിമിഷമെങ്കിലും നേരത്തേ രാജിവെച്ചാൽ അത്രയും നാണക്കേട് കുറയും, അതേ എനിയ്ക്ക് പറയാനുള്ളൂ. ഞാൻ അവസാനിപ്പിക്കുവാൻ ശ്രമിക്കുകയാണ്. നയപ്രഖ്യാപനത്തിന്റെ 89 മത് ഖണ്ഡിക വായിച്ച് ഞാൻ ചിരിച്ചു മണ്ണുകപ്പി. സുതാര്യതയും, പൗരകേന്ദ്രീകൃത ഭരണവും,

അഴിമതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത മനോഭാവവുമാണ് സർക്കാരിന്റെ മുഖമുദ്ര എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഈ വാചകം വായിച്ച് ഈ സർക്കാരിന്റെ കാര്യങ്ങൾ ചിന്തിച്ചാൽ അരി ആഹാരം കഴിക്കുന്നവർ മാത്രമല്ല, ഗോതമ്പ് ആഹാരം കഴിക്കുന്നവർ പോലും ചിരിച്ചു പോകും. ഞാൻ ഇതിനെപ്പറ്റി കൂടുതൽ ഒന്നും പറയുന്നില്ല, അല്ലെങ്കിൽ തന്നെ എന്തു പറയാനാണ് ? ഇതല്ലാം കൊണ്ട് ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ അവസാനത്തെ വാക്ക് ഞാൻ എടുക്കുകയാണ്. ഞാൻ അരി ആഹാരം കഴിക്കുന്നതുകൊണ്ട് അങ്ങയുടെ പ്രസംഗം കേട്ടു ചിരിച്ചു പോയി. ഇവിടെ അങ്ങ് തമാശയായിട്ടാണെങ്കിലും ഒരു വാക്ക് പറഞ്ഞു. കൽമാഡിയിൽ തുടങ്ങി രണ്ടുമൂന്ന് പദപ്രയോഗങ്ങൾ നടത്തി. അതിൽ നിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിട്ടേക്കൂ. വേണമെങ്കിൽ എന്നെ പിടിച്ചോളൂ. ശ്രീ. സുരേഷ് കൽമാഡിയുമായി ആദ്യത്തെ എഗ്രിമെന്റ് ഒപ്പിട്ടത് അങ്ങാണ്. 07.11.2008-ൽ കേരള ഗവൺമെന്റിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രി അങ്ങാണ്. രണ്ടു പേരും കൂടി ആണ് ആ കരാറിൽ ഒപ്പിട്ടത്. അപ്പോൾ ശ്രീ. സുരേഷ് കൽമാഡിയുടെ പേര് പറഞ്ഞ് വിളിക്കേണ്ടത് ആരെയൊക്കെയാണ്? ഏതായാലും

ഞങ്ങളെ വിളിക്കുന്നതിൽ കഥയില്ല അതവിടെ നിൽക്കട്ടെ. 2009 ഫെബ്രുവരി മാസത്തിൽ നമ്മൾ കേന്ദ്ര ടീമിന് നൽകിയ ഒരു ഡോക്യുമെന്റ് ഉണ്ട്. ആ ഡോക്യുമെന്റാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. ആ ഡോക്യുമെന്റിനകത്ത് നമ്മൾ ആവശ്യപ്പെട്ടിരുന്നത് 681 കോടി രൂപയ്ക്ക് നാഷണൽ ഗെയിംസ് 2010-ൽ നടത്താമെന്നായിരുന്നു. 2015-ൽ അതിലും കുറഞ്ഞ ചെലവിൽ ഞങ്ങൾ നടത്തി. ഒരു കാര്യം ഞാൻ പറയാം 2015-ൽ ഞങ്ങൾ നടത്തിയ ഈ നാഷണൽ ഗെയിംസിന്റെ ഫൈനൽ അക്കൗണ്ട് വരുമ്പോൾ അത് 599 കോടി രൂപയിൽ താഴെ ആയിരിക്കും. നേരത്തെ നിങ്ങൾ അത് 681 കോടി രൂപയ്ക്ക് നടത്തണം എന്ന് പറഞ്ഞ് 2009-ൽ സമർപ്പിച്ച കണക്കിന്റെ രേഖയാണ്. ഞങ്ങൾ അതിൽ നിന്ന് എത്രയോ കുറച്ചു. അതുമാത്രമല്ല ഇൻഡ്യയിൽ നടത്തിയ നാഷണൽ ഗെയിംസുകളിൽ വച്ചും 34-ാം ദേശീയ ഗയിംസിനെക്കാൾ, അന്ന് 641 കോടി രൂപ ആയിരുന്നു അവരുടെ മൊത്തം ബഡ്ജറ്റ്. ഞങ്ങൾ ആ ബഡ്ജറ്റിനേക്കാൾ കുറച്ചു 600 കോടി രൂപയിലും കുറഞ്ഞ തുകയിൽ ഇതിന്റെ മൊത്തം എക്സ്പെൻഡിച്ചർ തീർന്നു. എന്നു പറഞ്ഞാൽ ഇൻഡ്യയിൽ ഇന്നേവരെ നടന്നതിൽ ഏറ്റവും ചെലവ് കുറഞ്ഞ നാഷണൽ ഗെയിംസ് ആയിരിക്കും 2015- ൽ കേരളത്തിൽ വച്ച് നടന്ന നാഷണൽ ഗെയിംസ്. രണ്ടാമത്തെ ഭാഗം ഇൻഡ്യയിൽ നടന്ന നാഷണൽ

ഗെയിംസുകളിൽ വച്ച്  ഏറ്റവും കൂടുതൽ മെഡൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടിയത് ഈ നാഷണൽ ഗെയിംസിലൂടെയാണ്. 162 മെഡലുകളാണ് നമ്മുടെ കുട്ടികളെല്ലാം കൂടി കേരളത്തിനുവേണ്ടി മത്സരിച്ച് നേടിയത്.  ശ്രീ. കോടിയേരി ബാലകൃഷ്ണനോടും ശ്രീ. വി. ശിവൻകുട്ടിയോടും മെഡൽ വിതരണത്തിൽ പങ്കെടുത്ത് പ്രോത്സാഹിപ്പി ച്ചതിന് ഞാൻ നന്ദി പറയുന്നു.  പക്ഷേ 300-ൽ അധികം ആളുകൾ ജയിച്ചിട്ടുള്ള ഗെയിംസിൽ അവരെ പ്രോൽസാഹിപ്പിക്കാൻ  ഒരു നിമിഷം പോലും മെനക്കെടാതെ മാറിനിന്നത് കഷ്ടമായിപ്പോയി. അങ്ങനെയുള്ള ആളുകളെക്കുറിച്ച് മാത്രമെ ഞാൻ പറയുന്നുള്ളൂ. അതേസമയം ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. ശിവൻകുട്ടിയും മെഡൽ ദാനം ചെയ്ത പരിപാടിയിൽ പങ്കെടുത്തു കൊണ്ട് പരിപാടിക്ക് പ്രോൽസാഹനം ചെയ്തു. പക്ഷേ അതുപോലും ചെയ്യാതെ നാഷണൽ ഗെയിംസിൽ ഇത്രയും വലിയ നേട്ടം നമ്മുടെ കുട്ടികൾ ഉണ്ടാക്കി, ആ കുട്ടികളെ  ഇൻഡ്യൻ പ്രസിഡന്റും പ്രധാനമന്ത്രിയും അഭിനന്ദിക്കുമ്പോൾ, ഇവരെല്ലാം അഭിനന്ദിച്ച കത്തുകളെല്ലാം എന്റെ കയ്യിലുണ്ട്  ഇവരെല്ലാം അഭിനന്ദിക്കുമ്പോൾ ഈ  host city കരാറിനകത്ത് ഒപ്പിട്ട അങ്ങ് അഭിനന്ദിക്കുന്നതിനുവേണ്ടി ഒരു വാക്ക് പറയാതിരുന്നതിൽ എനിയ്ക്ക് ദുഖമുണ്ട് ഞാൻ ആ ദുഖം രേഖപ്പെടുത്തുന്നു. അന്നുണ്ടാക്കിയ ഒറിജിനൽ പ്രൊപ്പോസൽ എന്റെ കയ്യിലുണ്ട്. ഇപ്പോൾ പല

കാര്യങ്ങളെപ്പറ്റിയും നിങ്ങൾ ആക്ഷേപം പറഞ്ഞതുകൊണ്ട്, ആ ഒറിജിനൽ പ്രൊപ്പോസൽ 2009-ൽ കൊടുത്ത പ്രൊപ്പോസൽ ആണ്. ആ പ്രൊപ്പോസലിനകത്ത് നമ്മുടെ ഗെയിംസ് വില്ലേജിന് സപ്പോർട്ടിംഗ് ആയിട്ട് 50 കോടി രൂപ കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഞങ്ങൾ ആ ഗെയിംസ് വില്ലേജ് നിർമ്മിച്ചിരിക്കുന്നത് 60 കോടി രൂപയ്ക്കാണ്. സപ്പോർട്ടിംഗ് എന്ന് പറഞ്ഞാൽ മറ്റാരെങ്കിലും അത് ചെയ്തതിനുശേഷം ഗ്രാന്റായി അവർക്ക് 50 കോടി രൂപ കൊടുക്കുക. ഞങ്ങൾ ആ സ്കീം മാറ്റി എന്നുമാത്രമല്ല മൊത്തത്തിൽ ഇതിനുണ്ടായ ചെലവ് 60 കോടി രൂപമാത്രമാണ്. ഗെയിംസ് വില്ലേജ് വിറ്റ് കഴിഞ്ഞാൽ അതിന്റെ പണം കൂടി നാഷണൽ ഗെയിംസിന്റെ അക്കൗണ്ടിൽ വരികയാണ്. അപ്പോൾ ഇതിനേക്കാൾ ചെലവ് കുറയ്ക്കാൻ കഴിയും. പക്ഷേ 2009-ൽ ഗവൺമെന്റ് കൊടുത്ത ഒറിജിനൽ സ്കീമിനകത്ത് ഈ ഗെയിംസ് വില്ലേജ് നിർമ്മിക്കാൻ ഒരു ഏജൻസിയെ ഏൽപ്പിക്കുകയും ആ ഏജൻസി നിർമ്മിച്ചുകഴിഞ്ഞാൽ അവർക്ക് 50 കോടി രൂപ ഗ്രാന്റായി കൊടുക്കുമെന്നുള്ള നിലയിലാണ് എഴുതിയത്. ഇവിടെ മറ്റ് ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞല്ലോ, കണ്ണൂരിൽ നിന്നുള്ള നമ്മുടെ സഹോദരങ്ങൾ അവർ സ്പോർട്സിലൊക്കെ താൽപര്യം കാണിക്കുന്നതിൽ സന്തോഷമുണ്ട്. മുണ്ടയാട് സ്റ്റേഡിയം ലോകോത്തരമാണ് എന്ന്

പൊതുവെ പറഞ്ഞിട്ടുള്ള അസെസ്മെന്റാണ്. നിങ്ങൾ പറഞ്ഞത് മുണ്ടയാട് സ്റ്റേഡിയമേ വേണ്ട കക്കാടാണ് ഇതിനേക്കാൾ ബെറ്റർ എന്നാണ് നിങ്ങൾ അന്നൊരു തീരുമാനമെടുത്തത്. അത് വളരെ കഷ്ടമായിപ്പോയി. കാരണം മുണ്ടയാട് സ്റ്റേഡിയത്തെക്കുറിച്ച് നമ്മുടെ അത്ലറ്റ്സുകൾ പറഞ്ഞിട്ടുള്ള അഭിപ്രായം വളരെ വ്യത്യസ്തമാണ്. അവർ പറഞ്ഞത് ഈ സ്റ്റേഡിയം ഏറ്റവും പ്രയോജനകരമാണ്, ഇൻഡ്യയിൽ ഏറ്റവും പ്രശസ്തമാണ്. ആ രൂപത്തിലാണ് അവർ ആ സ്റ്റേഡിയത്തിന് പ്രാധാന്യം നൽകിയത്. അവിടെ ഒരു സ്റ്റേഡിയം നിർമ്മിക്കുകയേ വേണ്ട കക്കാട് നിർമ്മിച്ചാൽ മതിയെന്ന് നിങ്ങൾ പറഞ്ഞതിന്റെ രേഖയാണ് എന്റെ കൈവശമുള്ളത്.

ശ്രീ. റ്റി. വി. രാജേഷ് : കക്കാട് സ്റ്റേഡിയത്തിന്റെ സ്ഥലം ഞാൻ.....

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: അത് ഞാൻ പിന്നീട് പറയാം, ദയവായി എന്നെ സംസാരിക്കുന്നതിന്റെ ഇടയ്ക്ക് കയറി ഉപദ്രവിക്കരുത്. ഞാൻ അങ്ങേയ്ക്ക് പ്രസംഗത്തിന്റെ അവസാനം വഴങ്ങാം. മുണ്ടയാടും അങ്ങയുമായി എന്തു ബന്ധമാണുള്ളത്? അങ്ങ് നന്നായി സഹായിച്ചിട്ടുണ്ട് അതിന് നന്ദിയുണ്ട്. ഈ പ്രോഗ്രാം ഞങ്ങളുടെ ഗവൺമെന്റിന്റേതു മാത്രമാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ. ഈ പറഞ്ഞത് 2009-ൽ അങ്ങ് മന്ത്രിയായിരിക്കുന്ന കാലത്ത് തുടങ്ങിയതാണ്.

അതാണ് ഞാൻ പറഞ്ഞത്. Host city കരാർ ഉണ്ടാക്കിയത് ആ കാലത്താണ്. ശ്രീ സുരേഷ് കൽമാഡിയുമായി കരാർ ഒപ്പിട്ടത് അക്കാലത്താണ്. ഞാനത് അംഗീകരിക്കുകയാണ്. ഇവയെല്ലാം അന്ന് ആ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. ഒരു ചെറിയ മാറ്റം മാത്രമെ ഉണ്ടായിട്ടുള്ളൂ. അത് തീർക്കുന്നതിന് 2010-ലെ കോമൺവെൽത്ത് ഗെയിംസിന്റെ മുന്നോടിയായി കേരളത്തിൽ വച്ച് നാഷണൽ ഗെയിംസ് നടത്തി കോമൺവെൽത്ത് ഗെയിംസിലേയ്ക്ക് പോകണം എന്നുള്ളതായിരുന്നു നിങ്ങളുടെ ഒറിജിനൽ പ്ലാൻ. ഞങ്ങളുടെ പദ്ധതിയനുസരിച്ച് അത് നടന്നില്ല. 2010-ൽ അത് നടത്താൻ പറ്റിയില്ല. 2010-ൽ നടത്താൻ പറ്റാത്തതിനെക്കുറിച്ച് ശ്രീ. രാജേഷ് പറഞ്ഞതിനെ ഞാൻ തർക്കിക്കാനും പോകുന്നില്ല. ഏതായാലും അന്ന് നടക്കാത്തത് 2015-ൽ നടന്നു. ഈ പ്രോഗ്രാമിന്റെ നടത്തിപ്പിനെപ്പറ്റി ഒരു പരാതിയോ, ആക്ഷേപമോ ഈ പ്രോഗ്രാമിൽ പങ്കെടുത്തിട്ടുള്ള ഒരു അത്ലറ്റ്സും പറഞ്ഞിട്ടില്ല. ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനായി ഇൻഡ്യയിലെ 3000-ത്തോളം വരുന്ന പത്ര പ്രതിനിധികൾ കേരളത്തിൽ വന്നിട്ടുണ്ടായിരുന്നു.

<u>മി. ചെയർമാൻ</u>: ശിവൻകുട്ടീ പ്ലീസ് ഇരിക്കൂ മന്ത്രി മറുപടി പറയണ്ടേ ? നിങ്ങൾ ഒരിക്കൽ സംസാരിച്ചതല്ലേ? പ്ലീസ്...മന്ത്രി പറയുന്നത് കേൾക്കണ്ടേ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അവരാരും ഒരു പരാതിയും സർക്കാരിനെതിരെ ഉന്നയിച്ചിട്ടില്ല. എല്ലാപേരും ഈ പ്രോഗ്രാമിന്റെ വിജയകരമായ നടത്തിപ്പിനെ അഭിനന്ദിച്ചുവെന്ന യാഥാർത്ഥ്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് ചെയ്ത തെറ്റ് എന്താണ്? ആ ഗവൺമെന്റ് ചെയ്തത് നടപ്പിലാകില്ലായെന്ന് കരുതി ഉപേക്ഷിച്ച പോയ ഒരു നാഷണൽ ഗെയിംസ് അത് കേരളത്തിൽ അഭിമാനകരമായി നടത്തിയെന്ന് ഇതിൽ പങ്കെടുത്ത മുഴുവൻ അത്ലറ്റ്സുകളും ഒരു പോലെ സമ്മതിച്ച കാര്യമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ മൂന്ന് റെക്കോർഡുകൾ ഈ ഗെയിംസിലുണ്ടായിട്ടുണ്ട്. 2016-ൽ ഒളിംപിക്സ് വരികയാണ്. ആ ഒളിംപിക്സിൽ പങ്കെടുക്കുന്നതിനുള്ള ക്വാളിഫയിംഗ് മാർക്ക് കടന്ന നാല് കുട്ടികൾ ഈ നാഷണൽ ഗെയിംസിൽ ജയിച്ചിരിക്കുകയാണ്. അവർക്ക് ഈ ചാൻസ് കിട്ടിയത് എങ്ങനെയാണ്? അവർക്ക് ഈ ചാൻസ് കിട്ടിയത് നാഷണൽ ഗെയിംസ് നടന്നതുകൊണ്ടാണ്. നാഷണൽ ഗെയിംസ് നടന്നില്ലെങ്കിൽ അവർക്ക് ഈ സാദ്ധ്യതയുണ്ടാകുമോ? 263 കുട്ടികൾക്ക് ജോലികൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ച് ഉത്തരവുമിറക്കി. അതോടൊപ്പംതന്നെ ഈ നാഷണൽ ഗെയിംസിൽ പങ്കെടുത്ത മുഴുവൻ ആളുകൾക്കും (.......ബഹളം........) എന്തിനാണ് ഇവർ ബഹളമുണ്ടാക്കുന്നത്? (.......ബഹളം.......)

മി. പ്രോടെം സ്പീക്കർ: ഇത് ശരിയല്ല. ഇത് ശരിയാണോ? വഴങ്ങേണ്ടത് മന്ത്രിയുടെ ഇഷ്ടമാണ്. ചെയറിന് പറയാൻ സാധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: രണ്ടു ദിവസമായി നിങ്ങൾ സംസാരിച്ചപ്പോൾ ഒരു വാക്ക് ഞാൻ തിരിച്ചു ചോദിച്ചിട്ടുണ്ടോ? അപ്പോൾ ദയവായി എന്നെ സംസാരിക്കാൻ അനുവദിക്കണം. ഞാൻ ഒരു വാക്ക് പോലും ചോദിച്ചില്ലല്ലോ. ഞാൻ നിങ്ങളെ ഇന്റർഫിയർ ചെയ്തില്ലല്ലോ. എന്നിട്ടും എന്തിനാണ് ഇങ്ങനെ ചോദിക്കുന്നത്? ഞാൻ എങ്ങനെയെങ്കിലും ഇന്റർഫിയർ ചെയ്തിരുന്നെങ്കിൽ ഒരു ന്യായമുണ്ടായിരുന്നു. ഞാനൊന്നും ഇന്റർഫിയർ ചെയ്തില്ല. നിങ്ങൾ പറഞ്ഞതെല്ലാം കേട്ടു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി,...... സജൻ പ്രകാശ്, നീന്തൽ കുളത്തിലെ രാജാവ് എന്നാണ് ആ കുട്ടിയെക്കുറിച്ച് നാട്ടുകാർ പറയുന്നത്. സജൻ പ്രകാശ് പങ്കെടുത്ത മുഴുവൻ ഇനത്തിലും മെഡൽ കിട്ടി. ഉമ്മൻചാണ്ടി ഗവൺമെന്റ് കഴിഞ്ഞയാഴ്ച കോട്ടയത്തുവച്ച് ആ കുട്ടിക്ക് മുപ്പത്തിമൂന്നര ലക്ഷം രൂപയുടെ ചെക്ക് കൊടുത്തു. ഞങ്ങൾ ഇവർക്ക് എട്ടു കോടി രൂപയുടെ പ്രൈസ്മണി കൊടുത്തു, ജോലി കൊടുത്തു, ക്വാളിഫൈയിംഗ് മാർക്കിലേയ്ക്ക് എത്തിയവർക്ക് ഒളിമ്പിക്സിൽ എത്താനുള്ള സാധ്യതകൾ ഉണ്ടാക്കിക്കൊടുത്തു. നാഷണൽ ഗെയിംസിനെക്കുറിച്ച് ലോകത്തുള്ള മുഴുവൻ മലയാളികളും ഒരുപോലെ നല്ല വാക്കുകൊണ്ടാണ്

പ്രോത്സാഹിപ്പിച്ചിട്ടുള്ളത്. ഇവിടെ തെറ്റുകളെക്കുറിച്ച് പറഞ്ഞു. ഞാൻ ആരേയും കുറ്റപ്പെടുത്താൻ ശ്രമിക്കുന്നില്ല. (…..........ബഹളം.............) ഇത് എന്തൊരന്യായമാണ്?

ശ്രീ. വി. ശിവൻകുട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവകാശമില്ലേ?

മി. പ്രോടെം സ്പീക്കർ: അങ്ങനെ അവകാശമൊന്നുമില്ല. ശ്രീ. ശിവൻകുട്ടി സീറ്റിൽ പോയി ഇരിക്കൂ...സീറ്റിൽ പോയി ഇരിക്കൂ. (........ബഹളം........) അവകാശമല്ല. മിനിസ്റ്റർ സംസാരിക്കൂ.

(പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവസരം നൽകിയില്ലെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽനിന്നെഴുന്നേറ്റ് ഡയസ്സിനുമുൻപിൽ വന്നുനിന്ന് ബഹളം വച്ചു.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതെന്താണ്? ബോധപൂർവ്വമായി ഇങ്ങനെ ചെയ്താൽ എന്തുചെയ്യും?

മി. പ്രോടെം സ്പീക്കർ: ശ്രീ. ശിവൻ കുട്ടി, സീറ്റിൽ പോയി ഇരിക്കൂ. സീറ്റിൽ പോയി ഇരുന്നാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, നിരവധി മെമ്പർമാർ ചോദ്യങ്ങൾക്കുവേണ്ടി എഴുന്നേറ്റാൽ ഒരാൾക്കെങ്കിലുമുള്ള ചോദ്യത്തിന് മന്ത്രി വഴങ്ങേണ്ടതാണ്. ഒരാൾക്കെങ്കിലും വഴങ്ങണ്ടേ.

<u>മി. പ്രോടെം സ്പീക്കർ</u>: അദ്ദേഹം വഴങ്ങാമെന്ന് പറഞ്ഞതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാഷണൽ ഗെയിംസിനെക്കുറിച്ച് ഇവിടെ കൂടുതൽ തർക്കം വന്നത് ഓപ്പണിംഗ് സെറിമണിയിലെ കലാപരിപാടിയെക്കുറിച്ചാണ്. ഈ കാര്യത്തെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിലും ശ്രീ. പി. സി. വിഷ്ണുനാഥും ഉൾപ്പെടെയുള്ള അംഗങ്ങൾ സംസാരിച്ചിട്ടുണ്ട്. 2009-ൽ ഇവർ അംഗീകരിച്ച റെക്കോർഡിൽ കലാ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>Mr. Protem Speaker:</u> What is your point of order? ഏത് റൂളാണ്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, റൂൾ 307. ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി ഇവിടെപ്പറഞ്ഞ കാര്യങ്ങളോടൊന്നും എനിക്ക് ഒരു വിയോജിപ്പുമില്ല. അതിൽ ഏകദേശം പറഞ്ഞ കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. ഒരു വിഷയത്തിൽ മാത്രമേ യോജിക്കാതുള്ളൂ. കായികതാരങ്ങൾ അവാർഡുവാങ്ങിയതും ശ്രദ്ധയാകർഷിക്കുന്ന

രൂപത്തിൽ സമ്മാനങ്ങൾ നേടിയതൊന്നും ഈ സർക്കാരിന്റെ പ്രത്യേക കഴിവായി ഇവിടെ കാണാൻ കഴിയില്ല. ഇവിടത്തെ പ്രശ്നം നാഷണൽ ഗെയിംസിന്റെ സ്റ്റേഡിയം നിർമ്മാണം, കലാപരിപാടികൾ നടത്തിയത്, കാറ്ററിംഗ് സർവ്വീസ്, ഉപകരണങ്ങൾ, ലാപ്ടോപ്പ്, വോളന്റിയേഴ്സിനുള്ള സാധനങ്ങൾ മുതലായവ വാങ്ങിയത് എന്നിവയെ സംബന്ധിച്ചാണ്. അങ്ങനെ 611 കോടി രൂപയിൽ ഏതാണ്ട് 120 കോടി രൂപയുടെ അഴിമതി ആരോപണങ്ങൾ നടന്നു എന്ന് പറഞ്ഞുകൊണ്ട് സി.ബി. ഐ. അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അത് മറച്ചുവച്ചിരിക്കുന്നു. ഇക്കാര്യം സഭയിൽ നിന്നും മറച്ചുവച്ചിരിക്കുന്നത് ഓർഡറിലല്ല. അത് നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. അതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

<u>മി. പ്രോടെം സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് റൂൾ 307 എന്നല്ലേ. റൂൾ 307 അല്ല പോയിന്റ് ഓഫ് ഓർഡർ. റൂൾ 303 ആണ്. അപ്പോൾ റൂളെങ്കിലും ശരിയായി നോക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ശ്രീ. ശിവൻകുട്ടി പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി ഒരുകാര്യം പറയുവാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. അത്ലറ്റുകൾക്ക് മെഡൽ കിട്ടിയതിൽ നമുക്കെല്ലാവർക്കും

അഭിമാനമുണ്ട്. പക്ഷേ, അതെന്തോ ഒരു നേട്ടമായി പറയുമ്പോൾ നമ്മുടെ സ്പോർട്സ് വകുപ്പും സ്പോർട്സ് കൗൺസിലും അത്‌ലറ്റുകൾക്ക് ഈ ഗെയിംസിൽ സ്വർണ്ണവും മറ്റും കിട്ടുന്നതിനാവശ്യമായ പരിശീലനം കൊടുക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. ആ വസ്തുതകൾ അങ്ങ് മറച്ചുവയ്ക്കുകയാണ്. മാത്രമല്ല, എന്റെ മണ്ഡലത്തിൽ അംഗിത എന്നുപറയുന്ന കുട്ടി സൈക്ലിംഗിൽ സ്വർണ്ണം നേടി. ആ കുട്ടിക്ക് സ്വന്തമായി ഒരു സൈക്കിളുപോലുമില്ല.

മി. പ്രോടെം സ്പീക്കർ: അങ്ങ് പ്രസംഗിക്കാൻ ശ്രമിക്കണ്ട. അത് ശരിയല്ല. Minister, you can continue.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഉന്നയിച്ച കാര്യത്തിന് ശ്രീ. ശിവൻ കുട്ടി കോടതിയിൽ പോയിരുന്നു. അദ്ദേഹം കോടതിയിൽ നിന്നും വാങ്ങിച്ച ഒരു ഓർഡറാണ് എന്റെ കൈവശമുള്ളത്. " On the perusal of the complaint I find that the complaint is not in fact definite........" എന്നു പറഞ്ഞ് കോടതി അതിന്റെ observation നടത്തിയിരിക്കുകയാണ്. എന്നാൽ പോലും.......

മി. പ്രോടെം സ്പീക്കർ: ശ്രീ. ശിവൻകുട്ടി ഇവിടെ ഉന്നയിച്ചത് റൂൾ 307 ആണ്. റൂൾ 307-ൽ പറഞ്ഞിരിക്കുന്നത് " If the Speaker is of opinion that a word or words has or have been used in debate which is or are defamatory or

indecent or unparliamentary......" എന്നാണ്. മിനിസ്റ്റർ ഉപയോഗിച്ച വാക്ക് ഇതിൽ വരുന്നതല്ല. അതുകൊണ്ട് ഈ പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ല. മിനിസ്റ്റർക്ക് തുടരാവുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ശ്രീ. ശിവൻകുട്ടി പറഞ്ഞതിനെക്കുറിച്ച് ഏതു രൂപത്തിലുള്ള അന്വേഷണത്തെയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അതിനെക്കുറിച്ച് ഒരു തർക്കവുമില്ല. ശ്രീ. ശിവൻകുട്ടി, ഒരു കാര്യം കൂടി ഞാൻ ഓർമ്മിപ്പിച്ചേക്കാം. ഇക്കാര്യത്തിൽ ഞാൻ വ്യക്തിപരമായി അവിഹിതമായി ഒരു വ്യക്തിക്ക് എന്തെങ്കിലും ആനുകൂല്യം കൊടുത്തിട്ടുണ്ടെന്ന് തെളിയിക്കാൻ സാധിച്ചാൽ ഞാൻ എന്റെ പൊതുജീവിതം അവസാനിപ്പിക്കാൻപോലും ഒരുക്കമാണ് എന്ന് ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് എനിക്ക് രണ്ടു രേഖമാത്രമാണ് ഇവിടെ വയ്ക്കാനുള്ളത്. നാഷണൽ ഗെയിംസിന്റെ ഫണ്ടിനകത്തുനിന്ന് വകമാറ്റി ചെലവഴിച്ച സംഭവത്തെക്കുറിച്ച് ശ്രീ. ശിവൻകുട്ടി പറഞ്ഞു. വകമാറ്റി ചെലവഴിച്ച രണ്ട് കാര്യങ്ങളുടെ രേഖകൾ എന്റെ കയ്യിലുണ്ട്. ഒന്ന്, ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിനുവേണ്ടി 5 കോടി രൂപ നാഷണൽ ഗെയിംസിന്റെ ഫണ്ടിൽനിന്നും വകമാറ്റി ചെലവഴിച്ചു. അത് സംബന്ധിച്ച രേഖ ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്. രണ്ട്, തങ്കമ്മ സ്റ്റേഡിയത്തിനുവേണ്ടി നാഷണൽ ഗെയിംസിന്റെ ഫണ്ടിൽനിന്നും

പണം കൊടുക്കുന്നതിന് 23-07-2010-ൽ തീരുമാനം എടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് 29-06-2010-ലെടുത്ത മറ്റൊരു തീരുമാനവും എന്റെ കയ്യിലുണ്ട്. ഈ രണ്ട് കാര്യങ്ങളുടെയും ഓർഡർ എന്റെ കയ്യിലുണ്ട്. (ആ രണ്ട് ഓർഡറുകളും സഭയിൽ ഉയർത്തിക്കാട്ടി.) ഇതുസംബന്ധിച്ചൊക്കെ അന്വേഷിക്കട്ടെ. എന്റെ കയ്യിലിരിക്കുന്നത് രേഖയാണ്. എന്തിനാണ് ശ്രീ. വി. ശിവൻകുട്ടി വേറെ തപ്പുന്നത്? ഏതു രൂപത്തിലുള്ള അന്വേഷണവും നേരിടാൻ ഞാൻ തയ്യാറാണ്. പക്ഷേ ഒരു കാര്യത്തിൽ എനിക്ക് ആയിരം മടങ്ങ് ആത്മാഭിമാനമുണ്ട്. കാരണം 2010 മുതൽ ഇങ്ങോട്ട് നാഷണൽ ഗെയിംസ് നടക്കുമെന്ന് കരുതിയിട്ടും ഒരിക്കലും നടക്കാതെ എറിഞ്ഞുതള്ളി പോയൊരു ഗെയിംസ് കേരളത്തിന് അഭിമാനമുയർത്തിക്കൊണ്ട് ഈ മണ്ണിൽ നടത്തി എന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും വലിയ വിജയം. ആ കുട്ടികൾക്ക് മെഡൽ ഞങ്ങൾ സമ്മാനിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ ഒരുമിച്ച് അഭിമാനത്തോടൊപ്പം ഉയരുകയാണ്. ആ അഭിമാനത്തോടൊപ്പം ഉയരുന്നുവെന്നുള്ളതാണ് ഞങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ശ്രീ. വി. ശിവൻകുട്ടി, അന്വേഷണം നടത്തുന്ന കൂട്ടത്തിൽ സ്പോർട്സ് കൗൺസിലിൽ പണ്ട് നടത്തിയ ലോട്ടറിയെക്കുറിച്ചുംകൂടി അന്വേഷിച്ചാൽ ഗുണകരമായിരി ക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതിന്റെ എല്ലാ രേഖയും ഞാൻ നൽകാം. സ്പോർട്സ്

കൗൺസിൽ നടത്തിയിട്ടുള്ള ലോട്ടറിയെക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെടാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ഗവൺമെന്റ് അന്വേഷണം നടത്താം. അതുകൊണ്ട് ദയവായി അതുവേണ്ട. ഇതെല്ലാം ഈ രൂപത്തിൽ പോകട്ടെ. അത് അന്വേഷിച്ചോ എന്ന് പറയുന്നത് ശ്രീ. എം. വിയജകുമാറിനെ അകത്തോട്ട് വിടാനുള്ള പണിയാണെന്നുള്ള കാര്യം എനിക്ക് അറിയാം. അങ്ങനെ അന്വേഷിക്കണമെങ്കിൽ ലോട്ടറിയുടെ അന്വേഷണവും നടന്നോട്ടെ. 2007 മുതലുള്ള എല്ലാ നടപടിയും വരട്ടെ. അവിടെനടന്ന സംഭവങ്ങളെക്കുറിച്ച് എല്ലാവർക്കും അറിയാമല്ലോ. ഞാൻ അതിലെ വ്യക്തികളുടെ പേര് പറയുന്നില്ല. പേര് പറഞ്ഞാൽ അതിലെ ചില കഥാപാത്രങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ അവരെക്കുറിച്ചൊന്നും പറയുന്നില്ല. ഈ പറയുന്ന വിമർശകരായിട്ടുള്ള ആളുകൾ അറിയാതെ ആർക്കും നാഷണൽ ഗെയിംസിന്റെ ഓർഗനൈസിംഗ് കമ്മിറ്റിക്കകത്ത് കടക്കാൻ സാധിക്കില്ല. ആ കമ്മിറ്റി ഉണ്ടാക്കിയതും സൊസൈറ്റി രൂപീകരിച്ചതും ആളുകളെ അപ്പോയിന്റ് ചെയ്തതും ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ്. 14 ജില്ലാ സ്പോർട്സ് കൗൺസിലും ഇടതുപക്ഷത്തിന്റെ കയ്യിലാണ്. ഈ മുൾമുനയിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് നാഷണൽ ഗെയിംസ് നടത്തിയത്. അതാണ് വെല്ലുവിളി. ആ

വെല്ലുവിളി ഞങ്ങൾ ഏറ്റെടുത്തു. സ്പോർട്സ് കൗൺസിലോ 14 ജില്ലാ കമ്മിറ്റികളോ എന്തെങ്കിലും പരാതി പറഞ്ഞോ, ഒന്നും പറഞ്ഞിട്ടില്ല. നിങ്ങൾ അതിൽനിന്നും എപ്പോഴാണ് രാജിവച്ചത്? 7 വർഷമായി ഈ കമ്മിറ്റിയിലിരുന്ന ആളുകൾ ഗെയിംസ് തുടങ്ങി 5 ദിവസം കഴിഞ്ഞപ്പോൾ രാജി വച്ചു. അതിൽ കുഴപ്പമില്ല. അത് അതിന്റെ വഴിക്ക് പോകട്ടെ. അതുകൊണ്ട് ദയവായി ഇനിയെങ്കിലും നാഷണൽ ഗെയിംസിൽ ജയിച്ച കുട്ടികളോടുള്ള ആദരവ് കാണിച്ചുകൊണ്ട് ഈ നടപടി ഇവിടെവച്ച് അവസാനിപ്പിക്കണമെന്ന് മാത്രം ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇന്നലെ നന്ദിപ്രമേയ ചർച്ചയിൽ സപ്ലൈകോ സാധനങ്ങളുടെ വില വർദ്ധിപ്പിച്ച് സർക്കാർ ഒരു ഉത്തരവ് നൽകി എന്ന് ശ്രീ. സി. ദിവാകരൻ പരാമർശിക്കുകയുണ്ടായി. സപ്ലൈകോയിൽ സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടില്ല. അത്തരത്തിലുള്ള ഒരു തീരുമാനവും ഗവൺമെന്റ് ആർക്കും നൽകിയിട്ടുമില്ല. 'Concentrate on increasing the non Maveli sales through Maveli store' എന്ന് പറഞ്ഞ ഒരു സർക്കുലർ ഇറങ്ങിയതായി അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി.

നോൺ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നത് കോർപ്പറേഷന്റെ നിലനിൽപ്പിന് ഏറ്റവും അനിവാര്യമാണ്. അതിൽ നിന്നും ലഭ്യമാകുന്ന ലാഭം വീണ്ടും സബ്സിഡിയായി ജനങ്ങൾക്കുതന്നെയാണ് നൽകുന്നത്. സബ്സിഡി സാധനങ്ങളുടെ വിലയിൽ യാതൊരു മാറ്റവും ഈ ഗവൺമെന്റ് വരുത്താൻ ഉദ്ദേശിച്ചിട്ടില്ല. അത്തരത്തിലുള്ള പ്രചരണങ്ങൾ ശരിയല്ല എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സാധങ്ങൾ ലഭ്യമല്ല എന്ന് പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അത് ഏത് സ്റ്റോറിലാണെന്നും ഏത് മേഖലയിലാണെന്നും പറഞ്ഞാൽ തീർച്ചയായും പരിശോധിക്കുന്നതാണ്. ഇക്കാര്യങ്ങൾ ഇതിനുമുമ്പും സഭയിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്. എല്ലാ സാധനങ്ങളും എല്ലാ സമയങ്ങളിലും ഉണ്ടാകുമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ സാധനങ്ങളുടെ ലഭ്യതയുണ്ട്. ഒരു സാധനവും ഇല്ലാത്ത ഒരു സാഹചര്യം ഒരു സ്റ്റോറിലും ഉണ്ടാവുകയില്ല. അങ്ങനെ ഏതെങ്കിലും സ്റ്റോറിൽ സാധനങ്ങൾ ഇല്ലായെന്ന് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എല്ലാ സബ്സിഡി സാധനങ്ങൾക്കും 20 ശതമാനം മുതൽ 30 ശതമാനം വിലക്കുറവ് എല്ലാ സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലും ലഭ്യമാണ്. അദ്ദേഹം കലാപരമായി പറയുന്ന

മറ്റ് പരാമർശങ്ങൾക്ക് ഞാൻ ആ ഭാഷയിൽ മറുപടി നൽകുന്നില്ല. കാരണം അദ്ദേഹത്തിന്റെ പ്രായത്തെ ഞാൻ ബഹുമാനിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നന്ദിപ്രമേയത്തെ സംബന്ധിച്ചുള്ള ചർച്ചകൾക്കിടയിൽ മൂന്ന് അംഗങ്ങൾ ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി.

അടുത്ത കാലത്ത് ആലപ്പുഴ ജില്ലയിൽ കഞ്ചാവ് സംബന്ധിച്ച് പരാതി നൽകിയ വ്യക്തിയെ കഞ്ചാവ് വിൽപ്പനക്കാർ ആക്രമിച്ച് പരിക്കേൽപ്പിച്ച പരാതികളെ സംബന്ധിച്ചാണ് ശ്രീ. ജി. സുധാകരൻ പരാമർശം നടത്തുകയുണ്ടായത്. അതിനെ സംബന്ധിച്ച് ഒരു പരാതിയും ലഭിച്ചില്ല. എന്നാൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സനാതനപുരം വാർഡിൽ ശങ്കരശ്ശേരി വിളയിൽ മധുവിന്റെ മക്കളായ മനുശങ്കർ, വിനുശങ്കർ എന്നിവർ മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിച്ച് ഇവരുടെ മോട്ടോർ സൈക്കിൾ ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കിക്കൊണ്ട് ഇടവഴികളിലൂടെ അമിത വേഗത്തിൽ വാഹനമോടിച്ച് കുട്ടികളെയും മുതിർന്നവരെയും ഭയപ്പെടുത്തുന്നുവെന്നും ആയതിനെ തടഞ്ഞവരെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും ആയതിനാൽ പ്രദേശവാസികളെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പരാതി 23-

02-2015-ൽ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതാണ്. ഇത് ഗൗരവമായി കണക്കിലെടുത്തുകൊണ്ട് പോലീസ് നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. മനശങ്കർ, വിനശങ്കർ എന്നിവർ പ്രദേശവാസികളുമായി നിരന്തരം പ്രശ്നങ്ങളുണ്ടാക്കുകയും പരസ്പരം സംഘർഷ ത്തിൽ ഏർപ്പെടുകയും ചെയ്യുന്നത് പതിവാണ്. 22-02-2015-ൽ പ്രദേശവാസി കളും മനശങ്കർ, വിനശങ്കർ എന്നിവരും തമ്മിൽ തർക്കമുണ്ടാകുകയും സംഘർഷത്തിൽ ഏർപ്പെടുകയും പോലീസ് പാർട്ടി സമയത്ത് എത്തി മറ്റ് അനിഷ്ടസംഭവങ്ങളുണ്ടാകാതെ നോക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവരെ 25-02-2015-ന് രാത്രിയിൽ മനശങ്കർ, വിനശങ്കർ എന്നിവർ സുഹൃത്തുക്കളുമായി ചേർന്ന് ആ പ്രദേശത്ത് നടത്തിയ അക്രമങ്ങൾ അനുസരിച്ച് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 208/15, 209/15, 210/15 എന്നീ വകുപ്പുപ്രകാരം മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങൾ വച്ച് മനശങ്കർ, വിവേക്, പുന്നമട അഭിലാഷ്, മന സതീഷ് എന്നീ നാല് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഇവർ ഇന്ന് റിമാന്റിൽ കഴിഞ്ഞുവരികയുമാണ്. പുന്നമട അഭിലാഷിന്റെ പേരിൽ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കാപ്പ ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ആറ് മാസത്തെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. ഈ കേസിലെ വിനശങ്കർ,

വിഷ്ണു, ഉദീപ് എന്നീ മൂന്ന് പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഈ പ്രദേശത്തെ ക്രമസമാധാനം നിലനിർത്താൻ പോലീസ് നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ കേസ്സന്വേഷണം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അനിൽകുമാർ നിർവ്വഹിച്ചുവരികയുമാണ്.

ശ്രീ. എ. പ്രദീപ്കുമാർ നടത്തിയ പരാമർശത്തോട് ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. കോഴിക്കോട് സിറ്റി ഫറൂഖ് പോലീസ് സ്റ്റേഷൻ പരിധിയിൽ കെ. പി. സുധാകരൻ എന്ന ആളുടെ പെരിമുഖം പുല്ലാലയിൽ പറമ്പിൽ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്ന ബേപ്പൂർ സ്വദേശിനി വിബിന തൂങ്ങി മരിച്ചതിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഫറൂഖ് പോലീസ് സ്റ്റേഷൻ 830/2014, 174 സി.ആർ.പി.സി. ആയി കേസ് ഫയൽ ചെയ്തു. സ്ത്രീയുടെ ആത്മഹത്യാക്കുറിപ്പിൽ ആത്മഹത്യക്ക് കാരണക്കാരനായ പ്രജീഷ് എന്ന ആളുടെ പേര് പ്രതിപാദിച്ചിട്ടുണ്ട്. മരണപ്പെട്ട സ്ത്രീയുടെ അച്ഛൻ ലോഹിതാക്ഷൻ എന്ന ആളെയും മറ്റുസാക്ഷികളെയും ചോദ്യം ചെയ്തതിൽ മരണപ്പെട്ട സ്ത്രീ ഭർത്താവായ സുരസൻ എന്ന ആളുമായി നിയമപരമായി വിവാഹബന്ധം വേർപിരിഞ്ഞതിനുശേഷം പ്രജീഷ് എന്ന ആളെ പരിചയപ്പെടുകയും അയാളോടൊപ്പം വാടകവീട്ടിൽ താമസിക്കുകയാണെന്നുമാണ് അറിഞ്ഞത്. പ്രജീഷ്

വിവാഹം കഴിക്കാത്തതുകൊണ്ടാണ് ആത്മഹത്യ ചെയ്തതെന്നാണ് ആത്മഹത്യാക്കുറിപ്പിൽ പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ സി.ആർ.പി.സി. 174 ഒഴിവാക്കി ഐ.പി.സി. 306 വകുപ്പുപ്രകാരം കേസ്സെടുത്ത് അന്വേഷിച്ച് വരികയാണ്. ഒളിവിലായ പ്രതിയെപ്പിടിക്കാൻ ഊർജ്ജിത ശ്രമം നടത്തുകയാണ്. ഈ കേസിനകത്ത് പോലീസിന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. ശ്രീമതി കെ. കെ. ലതിക പാറക്കടവ് സ്കൂളിലെ സംഭവവുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ പറഞ്ഞു. ആ കേസിനെ സംബന്ധിച്ച് ക്രൈം ബ്രാഞ്ചിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത്, " The above case could not be find out any incriminatory evidence against the two persons already arrested and accused in this case. Therefore the Investigating Officer approached before the court on 06.02.2015 for filing the report to delete the names of two accused persons" എന്നാണ്. ഇത് സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ രൂപപ്പെട്ട സാഹചര്യത്തിലാണ് കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചത്. ക്രൈംബ്രാഞ്ചിന്റെ നിഗമനം ഇതാണ്. ഈ കേസിനെ സംബന്ധിച്ച് ഡിവൈ.എസ്.പി. സന്തോഷ് ഇപ്പോഴും അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഒരു ഫൈനൽ തീരുമാനത്തിലേയ്ക്ക് എത്താനായിട്ടില്ല എന്നാണ് എനിക്ക്

സൂചിപ്പിക്കാനുള്ളത്. മെഡിക്കൽ റിപ്പോർട്ടുൾപ്പെടെ യുള്ളവയുടെ അടിസ്ഥാനത്തിൽ അന്വേഷിക്കുകയാണ്. അന്നുതന്നെ ആരാണ് പ്രതി എന്നത് സംബന്ധിച്ച് തർക്കങ്ങളുണ്ടായിരുന്നുവെന്നത് ബഹുമാനപ്പെട്ട കെ. കെ. ലതികയ്ക്ക് അറിയാമല്ലോ. ആ തർക്കങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചത്.

ശ്രീമതി കെ. കെ. ലതിക: സർ, ഒരു പ്രതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ക്രൈംബ്രാഞ്ചിനെ അന്വേഷണം ഏൽപ്പിക്കുന്നത്. ആ പ്രതി പറഞ്ഞ രീതിയിലാണല്ലോ പുതിയ റിപ്പോർട്ട് വന്നിരിക്കുന്നത്. .......(മൈക്ക് ഓഫ്)....... അവരെത്തന്നെ പ്രതിയാക്കുന്ന രൂപത്തിലേക്ക് കൊണ്ടുവരുന്ന സമീപനം ഒരു കാരണവശാലും ശരിയല്ല. ഇത് അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. രമേശ് ചെന്നിത്തല: ഈ കേസുണ്ടായ സന്ദർഭത്തിൽത്തന്നെ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നു. ഒരു ഡിവൈ.എസ്.പി. അന്വേഷിച്ചപ്പോൾ ഇവരല്ല മറ്റൊരാളാണ് ചെയ്തതെന്ന് പറഞ്ഞു. അപ്പോൾ നാട്ടുകാരെല്ലാം കൂടി അവിടെ ബഹളമായി, രണ്ടുപേരെ പിടിച്ചു. ശ്രീ. ഇ. കെ. വിജയനും ശ്രീമതി കെ. കെ. ലതിക ഉൾപ്പെടെയുള്ളവർ അവിടെയുണ്ടായിരുന്നു. ഇങ്ങനെ കോൺഫ്ലിക്റ്റിംഗായിട്ടുള്ള റിപ്പോർട്ട് വന്നപ്പോഴാണ് കേസ് ക്രൈം ബ്രാഞ്ചിന്

വിടാൻ തീരുമാനിച്ചത്. അല്ലാതെ ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയും. ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിലുള്ള ഫൈൻഡിംഗാണ് ഞാൻ പറഞ്ഞത്. അന്വേഷണം ഇപ്പോഴും തുടരുകയാണ്. 4 വയസ്സുള്ള കുട്ടിയെ പീഡിപ്പിക്കുന്നത് ഹീന കൃത്യമാണ്. ആ കുറ്റവാളിയെ തീർച്ചയായും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, എക്സൈസ് ഡിപ്പാർട്ടുമെന്റിൽ തിരുവനന്തപുരം റേഞ്ചിൽ 21 കേസുകൾ എടുക്കുകയും അതിൽ 17 കേസുകൾ റഫർ ചെയ്യുകയും ചെയ്തതായി ഒരു ആരോപണം ശ്രീ. മാത്യു റ്റി. തോമസ് എഴുതിക്കൊടുത്ത് ഉന്നയിച്ചിരുന്നു. തെറ്റിദ്ധാരണ മൂലമാണ് അദ്ദേഹം അത് ഉന്നയിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. അബ്കാരി ആക്ട് 67 (എ) അനുസരിച്ച് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ നിർവ്വഹിക്കുന്ന ജോലിയാണത്. ഇത് ഗവൺമെന്റിൽ വരുന്ന കാര്യമോ മന്ത്രി കാണുന്ന ഫയലോ അല്ല. മുൻകാലങ്ങളിലും ഇത്തരത്തിൽ കേസുകൾ റഫർ ചെയ്തിട്ടുണ്ട്. ഇതിലുള്ള പ്രശ്നം, ഒക്കറൻസിട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചതിനാൽ കോമ്പൗണ്ട് ചെയ്തശേഷം നിയമാനുസരണം റഫർ ചാർജ് സമർപ്പിച്ച് രേഖകളിൽനിന്ന് കുറവുചെയ്യേണ്ടതാണ്. അതുകൊണ്ട് കോടതിയിൽ റഫർ ചാർജ് കൊടുത്തിട്ടുണ്ട്. 67

(എ) അനുസരിച്ച് 17 കേസുകളിലും പിഴ ഒടുക്കിയിട്ടുണ്ട്. 17 കേസുകളിലും ചെലാൻ അടച്ചതിന്റെ രസീതുകളാണ് എന്റെ കൈയിലുള്ളത്. ഞാൻ അത് മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, നികുതി വകുപ്പ് സെക്രട്ടറി ഒപ്പിട്ട രേഖ പ്രകാരം ഞാൻ പറഞ്ഞ 17 കേസുകളിലും ഫൈൻ കളക്ട് ചെയ്തിട്ടില്ല. 67 (എ) അനുസരിച്ചല്ല, 56 (ബി) പ്രകാരമാണ് 21 കേസെടുത്തത്. അതിൽ 17 കേസിനും ഒരു പൈസപോലും ഫൈൻ കളക്ട് ചെയ്തിട്ടില്ലെന്ന് നികുതി വകുപ്പ് സെക്രട്ടറി ഒപ്പിട്ട രേഖയാണിത് (ഉയർത്തി കാണിക്കുന്നു). അങ്ങ് ആവശ്യപ്പെട്ടാൽ ഞാനിത് മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. കെ. ബാബു: സർ, 17 കേസിൽ 50000 രൂപ വീതം ട്രഷറിയിൽ അടച്ച ചെലാൻ-ന്റെ കോപ്പിയാണിത്. അങ്ങേയ്ക്ക് കൂടുതൽ ഡിറ്റെയിൽസ് തരാം. എക്സൈസ് ചട്ടപ്രകാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ അധികാരപ്പെടുത്തിയിട്ടുള്ള കാര്യമാണിത്. അങ്ങ് ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വീണ്ടും പരിശോധിച്ച് മറുപടി എഴുതിനൽകാം.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി അവതാളത്തിലായി എന്ന് സൂചിപ്പിക്കുകയുണ്ടായി. അത്

ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് വർഷത്തിനിടയിൽ 9173 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകി. എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് 5 വർഷം കൊണ്ട് 4000 വീടുകളാണ് നൽകിയത്. മാത്രമല്ല, എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു വീടിന് 50000 രൂപയാണ് നൽകിയിരുന്നത്. ഈ ഗവൺമെന്റ് ഒരു വീടിന് 2 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. നിങ്ങൾ 4000 വീടുകൾ കൊടുത്ത സ്ഥാനത്ത് ഞങ്ങൾ 9173 വീടുകൾ കൊടുത്തിട്ടുണ്ട്. അതുപോലെ ഈ ഗവൺമെന്റ് നടപ്പിലാക്കിയ വീട് റിപ്പെയർ സ്കീമിൽ 50000 രൂപ വീതം 2000 മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകിയിട്ടുണ്ട്. ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി 12000 മത്സ്യത്തൊഴിലാളികൾക്ക് 17500 രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്. ഇത്രയുമാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നലെയും ഇന്നുമായി നടന്ന നന്ദി പ്രമേയ ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ ഗവൺമെന്റ് വിമർശനങ്ങളെ ഭയപ്പെടുന്നില്ല, സ്വാഗതം ചെയ്യുകയാണ്, കുറവുകളുണ്ടെങ്കിൽ ഞങ്ങളത് പരിഹരിക്കും, എല്ലാം തികഞ്ഞാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത് എന്നൊരു സമീപനം ഞങ്ങൾക്കാർക്കുമില്ല. കുറവുകളും

പോരായ്മകളും സാമ്പത്തിക ബുദ്ധിമുട്ടുകളുമുണ്ടെങ്കിലും അതിനുള്ളിൽനിന്നുകൊണ്ട് ചിലതൊക്കെ ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇവിടെ നടന്ന ക്രിയാത്മകമായ വിമർശനങ്ങൾ ഞങ്ങൾക്ക് കൂടുതൽ പ്രചോദനം നൽകും, കുറവുകൾ തിരുത്തി മുന്നോട്ട് പോകാൻ ഞങ്ങൾക്ക് സാധിക്കും. പക്ഷേ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് പലരും എല്ലാ കാര്യങ്ങളെയും എതിർക്കുന്നത് കണ്ടപ്പോൾ, പ്രത്യേകിച്ച് പ്രതിപക്ഷനേതാവിന്റെ പ്രസംഗം, കണ്ണടച്ച് ഇരുട്ടാക്കുകയാണ് എന്ന് തോന്നിപ്പോയി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെ, അരിയാഹാരം കഴിക്കുന്നവരാരും വിശ്വസിക്കില്ല എന്ന് പറഞ്ഞാൽ അരിയാഹാരം കഴിക്കുന്നവർ വോട്ട് ചെയ്തിട്ടാണ് നിങ്ങളെ അവിടെ ഇരുത്തിയതും ഞങ്ങളെ ഇവിടെ ഇരുത്തിയതും. ജനങ്ങൾ എല്ലാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. 2006-ലെ തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിൽ കഷ്ടിച്ച് ഭൂരിപക്ഷത്തിൽ ജയിച്ചതിനുശേഷം അരിയാഹാരം കഴിച്ചവരാരും നിങ്ങൾക്ക് വോട്ട് ചെയ്ത് ജയിപ്പിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം മറക്കരുത്. .......... ഇന്ന് നടന്ന തെരഞ്ഞെടുപ്പുകളിലൊക്കെ യു.ഡി.എഫ്-ന് മുൻതൂക്കം. ........ ആ ചെറിയ വ്യത്യാസം മതിയല്ലോ ഇവിടെ ഇരിക്കാൻ. അരിയാഹാരം കഴിച്ചവരാരും ഞങ്ങൾക്ക് വോട്ട് ചെയ്യില്ല എന്ന് പറഞ്ഞാൽ ......... ഈയൊരു നിഷേധാത്മകമായ സമീപനം നിങ്ങൾ

ഉപേക്ഷിക്കണം. യാഥാർത്ഥ്യം ഉൾക്കൊള്ളണം. സമരത്തിൽ വന്ന ആൾക്കൂട്ടത്തെ കണ്ടുകൊണ്ട് നിങ്ങൾ എന്തെല്ലാം അവകാശ വാദങ്ങളാണ് പറഞ്ഞത്. എന്നിട്ട് പാർലമെന്റ് തെരഞ്ഞെടുപ്പിൽ എന്തായി? സമരത്തിന് മാർക്സിസ്റ്റ് പാർട്ടി ആഹ്വാനം ചെയ്താൽ ആൾക്കാർ കൂടും. മാർക്സിസ്റ്റ് പാർട്ടി അണികളുള്ള പാർട്ടിയാണ്. പക്ഷേ സമരത്തിൽ വരുന്നവരല്ല ജനങ്ങൾ എന്ന് മനസ്സിലാക്കണം. അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി ഞങ്ങളുടെ കുറ്റവും കുറവും പോരായ്മകളും തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ട് പോകും. അതിന് ഇവിടെ നടന്ന ചർച്ച പ്രയോജനകരമാണ്. പോരായ്മകളും വീഴ്ചകളും ഉണ്ടായിട്ടുള്ള മേഖലകളുണ്ടെന്ന് ഞങ്ങൾ സമ്മതിക്കുന്നു. അതിൽ പ്രധാനമായി ഞങ്ങളെ അലട്ടുന്ന ഒരു പ്രശ്നം വിലക്കയറ്റമാണ്. വിലക്കയറ്റംമൂലം ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ പല ശ്രമങ്ങൾ നടത്തിയിട്ടും വിലക്കയറ്റത്തിന്റെ കാര്യത്തിൽ നമുക്ക് തൃപ്തികരമായ പുരോഗതിയിലേക്ക് പോകാൻ സാധിക്കുന്നില്ല.

റബ്ബറിന്റെ വിലയിടിവ് ഈ കേരളത്തെ തളർത്തുന്ന ഒരു സംഭവമാണ്. എല്ലാ മാർഗ്ഗങ്ങളും നോക്കി. റബ്ബറിന്റെ വിലയിടിവിൽനിന്ന് കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് ഒരു വർഷം 130 കോടി രൂപ നഷ്ടപ്പെടത്തക്കവിധത്തിലുള്ള ഒരു ഫോർമുല ഈ മാർച്ച് 31 വരെ നമ്മൾ എഗ്രി

ചെയ്തു നോക്കി. സാധിക്കുന്നില്ല. അപ്പോൾ പോരായ്മകളുണ്ട്. അത് ഞങ്ങൾ തിരുത്തും.

വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. അക്ഷരാർത്ഥത്തിൽ ആ രണ്ട് കാര്യങ്ങളും ഒരുപോലെ ഉയർത്തിപ്പിടിച്ചുകൊണ്ട് മുമ്പോട്ടു പോകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഇവിടെ ഭരണകക്ഷിയിൽനിന്ന് പ്രസംഗിച്ചവരൊക്കെ ഇവിടത്തെ വികസന പരിപാടികളെക്കുറിച്ച് പറഞ്ഞു. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. കൊച്ചിൻ മെട്രോ, സ്മാർട്ട്സിറ്റി, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം, കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഇവയൊക്കെ സമയബന്ധിതമായി യാഥാർത്ഥ്യമാകുകയാണ്. അതുസംബന്ധിച്ച് ഉണ്ടായിരുന്ന എല്ലാ ബുദ്ധിമുട്ടുകളും മാറ്റി മുമ്പോട്ടു പോകും.

ഇവിടെയൊരു ചെറിയ സംശയം പ്രകടിപ്പിച്ചു. ഞാനതിനെ കുറ്റം പറയുന്നില്ല. തിരുവനന്തപുരം കോഴിക്കോട് മോണോ റയിൽ പദ്ധതി ആദ്യം നമ്മൾ പ്ലാൻ ചെയ്തു. പക്ഷെ അത് ടെണ്ടർ സ്റ്റേജിൽ വന്നപ്പോൾ അതിന്റെ പ്രതികരണം നമുക്ക് ഗുണകരമായിരുന്നില്ല. അപ്പോൾത്തന്നെ നമ്മൾ യോഗം ചേർന്നു. കാരണം, നമുക്ക് റിസൾട്ട് വരണം. തർക്കിച്ചിട്ട് കാര്യമില്ല. ബന്ധപ്പെട്ട എക്സ്പേർട്ട്സിനെയെല്ലാം വിളിച്ച് ഡോ. ഇ. ശ്രീധരന്റെയും വിദഗ്ദ്ധരുടെയും അഭിപ്രായം കേട്ട് ലൈറ്റ്

മെട്രോയിലേയ്ക്കുള്ള സ്വിച്ച് ഓൺ ചെയ്തു. അതുകൊണ്ട് കുറച്ച് സമയനഷ്ടമുണ്ടായി. എന്നാലും അത് കവർ ചെയ്ത് പോകത്തക്കവിധത്തിലുള്ള പരിപാടികളുമായിട്ടാണ് നമ്മൾ മുന്നോട്ട് പോകുന്നത്. നമുക്ക് പുതിയ ഇൻവെസ്റ്റ്മെന്റും പുതിയ ഡെവലപ്പ്മെന്റും വേണം, പുതിയ പദ്ധതികൾ വേണം. കാരണം, ലോകം മുഴുവൻ മാറുകയാണ്. ആ മാറ്റത്തിനനുസരിച്ച് വികസന പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകണം. അതിന് വ്യക്തമായ പരിപാടിയുണ്ട്. ആ പരിപാടി അനുസരിച്ചുതന്നെ നമ്മൾ മുമ്പോട്ടു പോകും.

'കരുതൽ' എന്നതുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിലെ മാറ്റം അറിയണമെങ്കിൽ നമ്മൾ കാണേണ്ടത് ലോട്ടറിയാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ അഭിനന്ദിക്കും. ഈ ഗവൺമെന്റിന് ഏറ്റവും കൂടുതൽ മുതൽക്കൂട്ടുണ്ടാക്കിയ നേതാവാണ് ശ്രീ. കെ. എം. മാണി. യാഥാർത്ഥ്യം നിങ്ങളുൾക്കൊള്ളണം. ഞാൻ ഇതിനകത്തെ അഴിമതിയെക്കുറിച്ചോ രൂപ വാങ്ങിയതിനെക്കുറിച്ചോ ഒന്നും പറയുകയില്ല, പക്ഷെ നിങ്ങളുടെ ഭരണത്തിന്റെ അഞ്ചു വർഷക്കാലവും ലോട്ടറി ഒരു വിവാദ പ്രശ്നമായിരുന്നു. ഞങ്ങളുടെ ഭരണത്തിന്റെ ഈ നാലുവർഷക്കാലം കൊണ്ട് ശ്രീ. കെ. എം. മാണി ലോട്ടറി പാവപ്പെട്ടവന്റെ ആശാ കേന്ദ്രമാക്കി മാറ്റി. 650.37 കോടി രൂപയാണ് ഈ നാലു

വർഷത്തിനുള്ളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ഇവിടത്തെ പാവപ്പെട്ട രോഗികൾക്ക് നൽകിയത്. നിസ്സാരമാണോ; നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ, ഇന്നീ നാട്ടിൽ പാവപ്പെട്ടവന് ഒരസുഖം വന്നാൽ ഒരു പ്രതീക്ഷയോടുകൂടി ലോട്ടറി ഓഫീസിലേയ്ക്ക് ഓടിയെത്താം. 2 ലക്ഷം രൂപവരെ ചികിത്സാ സഹായമായി കിട്ടുമെന്നുള്ളത് അവർക്കൊരാശ്വാസമാണ്. നിസ്സാര കാര്യമാണോ; നിങ്ങളാലോചിക്കണം. അതിൽത്തന്നെ ചില മാറ്റങ്ങൾ ഞങ്ങൾ കൊണ്ടുവരും. ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ രീതിയിൽ ഇതുസംബന്ധിച്ച് പ്രായോഗികമായ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് മാറ്റങ്ങളുണ്ടാകും.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 412 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു. നിങ്ങൾ അഞ്ചുവർഷം ഭരിച്ചപ്പോൾ നൽകിയത് 120.24 കോടി രൂപയാണ്. ഞാനാരെയും കുറ്റപ്പെടുത്തുകയല്ല. നമ്മൾ കാലത്തിനൊത്ത് മാറുകയാണ്. 20 കൊല്ലം മുമ്പ് ഇവിടെ ഭരിച്ച ഗവൺമെന്റിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിപോലുമുണ്ടായിരുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വന്നു. അതിലൊരു പുതിയ പ്രതീക്ഷ. ആ കാര്യത്തിൽ ഒരാൾക്കുപോലും ഒരു പരാതിയുണ്ടാകാത്ത വിധത്തിൽ ഒരു മാറ്റവുമില്ലാതെ സഹായം നൽകുന്നു. തനിക്കൊരാപത്തുണ്ടായാൽ, ഒരു പ്രശ്നമുണ്ടായാൽ ഒരാളുടെയും സഹായവുംകൂടാതെ

ചെന്നാൽ കാരുണ്യ ലോട്ടറിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും വഴി സഹായം ലഭിക്കുമെന്ന് ഇന്നൊരു പ്രതീക്ഷയുണ്ട്. ഒരു അപകടമരണമുണ്ടായാൽ അവിടെ അവർക്ക് സഹായം ലഭിക്കും. ഒരുപക്ഷെ ഇതിനെ നിസ്സാരമായി കാണുന്നവർ കാണും. പക്ഷെ, ഞങ്ങളെ സംബന്ധിച്ചിടത്തോളവും ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളവും ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട് ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഈ ഗവൺമെന്റ് വരുമാനമുണ്ടാക്കി, സമ്പത്തുണ്ടാക്കി ആ വരുമാനം ഖജനാവിലിട്ട് അതിന് കാവലിരിക്കാനല്ല ആഗ്രഹിക്കുന്നത്. കടം വാങ്ങും. ഒരു വികസിത രാജ്യത്ത് കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി കടം വാങ്ങും. ആ കടം ധൂർത്തടിക്കരുത്. ആ കടം ഉപയോഗിക്കേണ്ട വിധത്തിൽ ഉപയോഗിക്കണം. ഞങ്ങൾ അതാണ് ചെയ്യുന്നത്. ഒരു സംതൃപ്തി, ജീവിതത്തിൽ, അതാണ് ഏറ്റവും വലുതായി കാണുന്നത്. ആ സംതൃപ്തിക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് നിലകൊള്ളുന്നതും അതിനുവേണ്ടിയാണ്.

ഈ കാലഘട്ടത്തിൽ ഈ പ്രയാസങ്ങളൊക്കെ ഉണ്ടായിട്ടും ഞങ്ങൾ 22058 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ആരോഗ്യ മേഖല, വിദ്യാഭ്യാസ മേഖല, പോലീസ് എന്നിങ്ങനെ എവിടെയൊക്കെ ആവശ്യമുണ്ടോ അവിടെയെല്ലാം പുതിയ തസ്തികകൾ

സൃഷ്ടിച്ചു. ഇവിടെ നിയമന നിരോധനമാണെന്ന് പറഞ്ഞ് സമരം നടക്കുകയാണ്. എന്നാൽ ഞങ്ങൾ പുതിയ തസ്തികകൾ ഉണ്ടാക്കുന്നു. നിയമനവുമായി ബന്ധപ്പെട്ട് പറഞ്ഞാൽ 1,20,316 പേരെ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇവിടെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്. അതിനു പുറമേയാണ് പുതിയ തസ്തികകൾ സൃഷ്ടിച്ചത്. ഈ കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് 2677 ഫിസിക്കലി ചലഞ്ച്ഡ് ആയിട്ടുള്ള ആളുകളെ പ്രത്യേകമായി നിയമിച്ചിട്ടുള്ളത്. നമ്മുടെ നിയമമനുസരിച്ച് ഇവിടെ ഉണ്ടാകുന്ന ഒഴിവുകളുടെ 3 % അവർക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ട്,അതു കൊടുക്കുന്നുണ്ട്, ചിലപ്പോൾ അതിന് കുടിശ്ശികവരും എന്നുള്ളത് മാത്രമെയുള്ളൂ. കൊടുക്കുന്നുണ്ട്. അതിനപ്പുറത്താണ്. എന്തുകൊണ്ടാണ് ഇത്രയുംപേരെ ഒന്നിച്ച് നിയമിക്കാൻ തീരുമാനിച്ചത്, അവരോടുള്ള കമ്മിറ്റ്മെന്റ് കൊണ്ടാണ്. അതിലൂടെ നമുക്ക് ലഭിക്കുന്ന സംതൃപ്തിയാണ് മറ്റെന്തിനെക്കാളും വലുത് എന്നുള്ള കാര്യം കൊണ്ടാണ്.

ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പറയുമ്പോൾ പ്രധാന കാര്യം സാമ്പത്തിക ബുദ്ധിമുട്ടാണ്. പക്ഷെ, ഒരു ഡി.എ. പോലും പെൻഡിംഗില്ല. മാണി സാർ കുടിശ്ശിക തീർത്തുകൊടുത്തു. ശമ്പള കമ്മീഷന്റെ കാര്യം, ശമ്പളകമ്മീഷനെ ക്കുറിച്ച് പറഞ്ഞിട്ടില്ലായെന്ന് ഇവിടെയാരോ പറയുന്നത് കേട്ടു. ശമ്പളകമ്മീഷനെ

കുറിച്ച് പറയേണ്ടത് ബഡ്ജറ്റിലാണ്. ശമ്പളകമ്മീഷന്റെ റിപ്പോർട്ട് സമയബന്ധിതമായി വാങ്ങുകയും സമയബന്ധിതമായിത്തന്നെ ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും ചെയ്യും. കാരണം, ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ടുള്ള ഒരു സമീപനമാണ് നടത്തുന്നത്. അപ്പോൾ ചിലർക്കൊക്കെ സംശയം, സാമ്പത്തിക പ്രതിസന്ധിയൊക്കെയുള്ള സമയത്ത് ഇതൊക്കെ ഈ ഗവൺമെന്റ് ചെയ്യുന്നതെങ്ങനെയാണെന്ന്? ഉടനെ അവർ സ്വയം ഒരു തീരുമാനത്തിലെത്തി പെൻഷൻ പ്രായം വർദ്ധിപ്പിച്ചാണ് ഇതിന് പണം കണ്ടെത്താൻ പോകുന്നത്, അങ്ങ് പ്രചരണങ്ങളായി. ഞാനൊരുകാര്യം അസന്നിദ്ധമായി പറയുന്നു, പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയില്ല. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് ചെറുപ്പക്കാരെക്കൂടി വിശ്വാസത്തിലെടുത്ത് അവരുടെയും അവരുടെ സംഘടനകളുടെയും അഭിപ്രായങ്ങൾ കൂടി അറിഞ്ഞ് അവരുടെകൂടി സമ്മതത്തോടുകൂടി വേണമെങ്കിൽ ആകാം. അല്ലാതെ ഗവൺമെന്റ് അത് ചെയ്യുന്ന പ്രശ്നമേയില്ല. ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് പെൻഷൻ പ്രായം കൂട്ടണമെന്ന് പറയുന്നത് വലിയ തെറ്റായി ഞാൻ കാണുന്നില്ല. പക്ഷെ, കേരളത്തിലെ ജോലിക്കുവേണ്ടി കാത്തിരിക്കുന്ന ചെറുപ്പക്കാർക്ക് മുമ്പിൽ നമുക്കങ്ങനെയൊരു സമീപനമെടുക്കാൻ സാധിക്കില്ല. ആശാവഹമായിട്ടുള്ള ചില മാറ്റങ്ങൾ നമ്മുടെ കാർഷികമേഖലയിൽ

കണ്ടുതുടങ്ങിയിരിക്കുന്നു. കാർഷിക മേഖലയിൽ തുടർച്ചയായി നെഗറ്റീവ് ഗ്രോത്തായിരുന്നു റിപ്പോർട്ട് ചെയ്തുകൊണ്ടിരുന്നത്. ഇന്നിപ്പോൾ മൈനസ് മാറി പ്ലസ്സിലേയ്ക്ക് വന്നിരിക്കുന്നു. അത് കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. കേരളത്തിൽ കാർഷിക മേഖലയ്ക്കുതന്നെയാണ് പ്രാധാന്യം. അതിന് യാതൊരു സംശയവുമില്ല. നമുക്ക് വൻകിട ഇൻവെസ്റ്റുമെന്റും പ്രോജക്ടുമൊക്കെ വേണമെന്നത് ശരിയാണ്. പക്ഷെ കാർഷിക മേഖലയിലെ വളർച്ചയിലൂടെമാത്രമേ നമുക്ക് വിജയിക്കാൻ സാധിക്കുകയുള്ളൂ.

'നീര' - കാർഷിക മേഖലയിലെ വലിയൊരു മാറ്റത്തിന്റെ തുടക്കമാണ്. കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 'നീര' സംഘവുമായി ബന്ധപ്പെട്ട് ഏറ്റവും മെച്ചപ്പെട്ട കർഷകന് അവാർഡ് കൊടുക്കുന്ന ഒരു ചടങ്ങിൽ ഞാൻ പങ്കെടുത്തു. പാലക്കാട് ജില്ലയിൽനിന്നുള്ള കർഷകന് ഒന്നാം സമ്മാനം കൊടുത്തിട്ട് ഞാൻ ചോദിച്ചു നിങ്ങളുടെ വരുമാനം എത്രയാണെന്ന്. അദ്ദേഹത്തിന്റെ മറുപടി കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ഒരു തെങ്ങിൽനിന്ന് ഒരു മാസം മൂവായിരം രൂപയുടെ വരുമാനമാണുള്ളത് എന്നാണ് അദ്ദേഹം പറഞ്ഞത്. അതിനുമുമ്പ് ഞാൻ പോയ സ്ഥലങ്ങളിൽ ചിലരോടൊക്കെ ചോദിച്ചപ്പോൾ 900 രൂപ ആവറേജ് കിട്ടുമെന്നു പറഞ്ഞു. അതുതന്നെ വലിയൊരു തുകയായിട്ടാണ് ഞാൻ കണക്കാക്കിയിരുന്നത്.

118 കൊല്ലക്കാലത്തെ പഴക്കമുള്ള എക്സൈസ് റൂളിൽ മാറ്റം വരുത്തിയാണ് നീര ഇന്ന് നടപ്പാക്കിയിട്ടുള്ളത്. ഞാൻ എക്സൈസ് വകുപ്പിനേയും കൃഷി വകുപ്പിനേയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നമ്മുടെ കാർഷിക മേഖലയിൽ വലിയൊരു മാറ്റത്തിന് തുടക്കംകുറിച്ച പ്രവർത്തനമാണ് അതെന്ന കാര്യത്തിൽ സംശയമില്ല. ഒരു ഫാക്ടറിയിൽ പ്രൊഡക്ഷന്റെ പ്രവർത്തനം ആരംഭിച്ചു. 13 ഫാക്ടറികൾ നിർമ്മാണ രംഗത്താണ്. വൻതോതിൽ കർഷകർക്ക് പ്രയോജനം ലഭിക്കുന്ന, വിദേശത്തേയ്ക്കുപോലും കയറ്റുമതി ചെയ്യാൻ സാധിക്കുന്ന ഒന്നാണ് നീര.

നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു. ഇന്നിപ്പോൾ നെല്ലിന് 19 രൂപ കൊടുക്കുന്നു. കൂട്ടിയാൽ കൊള്ളാമെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്. പക്ഷെ 19 രൂപയിൽ അഞ്ചര രൂപയും സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡിയാണ്. പതിമൂന്നര രൂപ കേന്ദ്ര ഗവൺമെന്റ് തരും. അരി അങ്ങോട്ട് കൊടുത്തിട്ടാണ് കേന്ദ്ര ഗവൺമെന്റ് തരുന്നത്. ഇതൊന്നും കിട്ടാതെ  കർഷകർക്കുവേണ്ടി അഞ്ചര രൂപ നമ്മൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുത്തിരിക്കുന്നു സ്റ്റേറ്റ് ഗവൺമെന്റിന്റെ സബ്സിഡി ഇതിനകത്ത് പാടില്ല, അവർ തരുന്ന വിലയ്ക്കുമാത്രമേ കൊടുക്കാവുവെന്ന്. അതിനോട് ഗവൺമെന്റിന് ഒരുവിധത്തിലും യോജിക്കാൻ കഴിയില്ല.

കാർഷിക മേഖലയിൽ നമ്മൾ നേരിടുന്ന ഒരു ചലഞ്ച് എന്നുപറയുന്നത് റബ്ബർതന്നെയാണ്. അതിന് പരിഹാരമാർഗ്ഗങ്ങൾ ഒന്നിനുമീതെ ഒന്നായി പലതും ഞങ്ങൾ പരീക്ഷിക്കുന്നുണ്ട്. ഇനിയും ആ കാര്യത്തെ സംബന്ധിച്ചിടത്തോളം പരിശ്രമിക്കും എന്നകാര്യത്തിൽ സംശയമില്ല.

വ്യവസായ മേഖല - Medium and Small Scale മേഖലയിൽ നാഷണൽ ആവറേജിനെക്കാൾ നമ്മൾ മുന്നിലേയ്ക്കെത്തിയിരിക്കുന്നു. നാഷണൽ ആവറേജ് 9.94 % വളർച്ചയാണെങ്കിൽ കേരളത്തിൽ 12 % വളർച്ച നേടിയിരിക്കുകയാണ്. ഇത് നമ്മുടെ പ്രൊഡക്ഷൻ മേഖലയിൽ വന്ന പ്രയോജനകരമായ വലിയൊരു മാറ്റമാണ്.

ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും നമ്മുടെ നേട്ടങ്ങൾ നിലനിറുത്തിക്കൊണ്ട് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻവേണ്ടിയുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഐ.ഐ.റ്റി. കേരളത്തിന്റെ സ്വപ്നമായിരുന്നു. അത് യാഥാർത്ഥ്യമായിരിക്കുന്നു. ഈ വർഷംതന്നെ പാലക്കാട് ഐ.ഐ.റ്റി.യുടെ അഡ്മിഷൻ ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. മലയാളം യൂണിവേഴ്സിറ്റിയും കേരള സാങ്കേതിക യൂണിവേഴ്സിറ്റിയുമൊക്കെ നമുക്ക് ആരംഭിക്കാൻ സാധിച്ചു. നിങ്ങൾ സ്വകാര്യ

മേഖലയ്ക്കാണ് എപ്പോഴും പ്രാധാന്യം കൊടുക്കുന്നത്. പക്ഷെ പൊതുമേഖല ഞങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. 24 കോളേജ് കൊടുത്തതിൽ 20 കോളേജുകളും ഗവൺമെന്റ് മേഖലയിലാണ്. യാതൊരു വ്യത്യസ്ത സമീപനവുമില്ലാതെ സ്വന്തമായി കോളേജില്ലാത്ത സ്ഥലത്തൊക്കെ ഗവൺമെന്റ് മേഖലയിലാണ് കോളേജുകൾ കൊടുത്തിരിക്കുന്നത്. 4 എയ്ഡഡ് കോളേജുകളിൽ മൂന്നെണ്ണവും കൊടുത്തത് ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ്. കാരണം, കേരളത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒറ്റ സ്ഥാപനം പോലുമില്ലാത്തത് ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ്. ഒരു വിദ്യാഭ്യാസ സ്ഥാപനവും ഇല്ലാത്ത കൊച്ചുകൊച്ചു സമുദായങ്ങളുണ്ട്. അവർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണമെന്ന് അവർ ആഗ്രഹിക്കുന്നുണ്ട്. അങ്ങനെയുള്ളവർ മുമ്പോട്ടുവന്നാൽ അവരെ സഹായിക്കുന്ന സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, കഴിഞ്ഞ ഒക്ടോബർ മാസം യുവജന സംഘടനകളുമായി നടത്തിയ ചർച്ചയിൽ അഡ്വൈസ് മെമ്മോ കിട്ടിയിട്ട് മൂന്നുമാസം കഴിഞ്ഞിട്ടും നിയമനം കൊടുക്കാത്ത വിഷയം ഞങ്ങൾ സൂചിപ്പിച്ചു. മലപ്പുറം

ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ 49 ഉദ്യോഗാർത്ഥികൾക്ക് എൽ.പി./യു.പി. സ്കൂൾ നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരേയും നിയമനം ലഭിച്ചിട്ടില്ല. ഇത് എൻ.സി.എ. നിയമനമാണ്. നേരത്തെ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ മറ്റ് വിഭാഗങ്ങൾക്ക് നൽകിയതാണ്. ഈ കഴിഞ്ഞദിവസം അവർ സമരം നടത്തി. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഉറപ്പുനൽകിയതാണ്. അതുകൊണ്ട് അവർക്ക് എത്രയും വേഗം നിയമനം നടത്താൻ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, അത് തീർച്ചയായും ഉണ്ടാകും. യാതൊരു സംശയവുമില്ല. ആകെക്കൂടി ഗവൺമെന്റ് ബുദ്ധിമുട്ടുന്നൊരു പ്രശ്നം കെ.എസ്.ആർ.ടി.സി.യിൽ തെറ്റായ രീതിയിൽ റിപ്പോർട്ട് ചെയ്ത ഒരു കാര്യമാണ്. അവിടെയും നമ്മൾ പോസിറ്റീവായിട്ടുതന്നെയാണ് നീങ്ങുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) : സർ, ഒൻപതിനായിരത്തി മുന്നൂറ്റിമുപ്പത് ആയിരുന്നത് ഇപ്പോൾ ഏഴായിരത്തിനടുത്തുവരെ പേരെ എടുത്തിട്ടുണ്ട്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, വളരെ ബുദ്ധിമുട്ടേറിയ രംഗത്ത് ഒൻപതിനായിരത്തോളം പേരെയാണ് വച്ചിരുന്നത്. അതിൽ 7000

പേർവരെയെത്തിയെന്നാണ് അറിയുന്നത്.

ഈ കാലഘട്ടത്തിലുണ്ടായ നേട്ടങ്ങളെക്കുറിച്ച് ഞാൻ ചുരുക്കിപ്പറയാം. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നേടിയെടുത്തു. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ പ്രവർത്തനമാണ്. ഇതിൽ നമുക്ക് തിരിച്ചടികൾ പലപ്രാവശ്യമുണ്ടായി. പക്ഷെ അതിൽനിന്ന് പിറകോട്ടുമാറാതെ ഉറച്ചുനിന്നുകൊണ്ട് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്തുതന്നെ ശ്രേഷ്ഠഭാഷാ പദവി നേടിയെടുത്തു. ഐ.ഐ.റ്റി ഇപ്പോൾ നമുക്ക് കിട്ടി. സന്തോഷമുള്ള കാര്യമാണ്. പക്ഷെ All India Institute of Medical Science (AIIMS) - അത് നമുക്ക് അർഹതപ്പെട്ടതാണ്, അതിനുവേണ്ടി അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. മൂന്നോ നാലോ സ്ഥലങ്ങൾ അതിനുവേണ്ടി ചൂണ്ടിക്കാണിക്കാൻ പറഞ്ഞു. നാല് സ്ഥലങ്ങളുടെ ഡീറ്റെയിൽസ് അയച്ചിട്ടുണ്ട്. അവർ സ്ഥലത്തുവന്ന് പരിശോധനകഴിഞ്ഞ് മടങ്ങിപ്പോയിരിക്കുകയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ ): സർ, അഞ്ച് സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് അതിന്റെ ഡീറ്റെയിൽസ് അടങ്ങുന്ന ഫയലുകളെല്ലാം അവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അവർ സ്ഥലം വിസിറ്റ് ചെയ്തിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇനി അവരാണ് സെലക്ട് ചെയ്യേണ്ടത്. ഏതായാലും അത് നേടിയെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകും. ഡിജിറ്റൽ കേരളയാണ് ഇന്ന് നമ്മളൊരു ചലഞ്ചായിട്ടെടുക്കുന്നത്. ഐ.റ്റി. ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ വളരെയേറെ കാര്യങ്ങൾ നമ്മൾ ചെയ്തിട്ടുണ്ട്. നമ്മുടെ 14 ഡിസ്ട്രിക്ടുകളും ഇ-ഡിസ്ട്രിക്ടായി. കേന്ദ്ര ഗവൺമെന്റ് നമ്മളോട് പറഞ്ഞത് രണ്ട് ഡിസ്ട്രിക്ട് ഒരു പൈലറ്റ് പ്രോജക്ടായി എടുക്കാനാണ്. നമ്മൾ പതിന്നാല് ജില്ലകളുമെടുത്തു. ഇന്ത്യയിൽ ആകെ 50 ഡിസ്ട്രിക്ട് വന്നതിനകത്ത് പതിന്നാലും കേരളത്തിലാണ്. ഡിജിറ്റൽ കേരള പൂർണ്ണതയിലേയ്ക്ക് എത്തുകയാണ്. ഇതിനോടകം റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് 24 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി കൊടുക്കുകയാണ്. 1,21,31,544 സർട്ടിഫിക്കറ്റുകൾ 09.03.2015-നുള്ളിൽ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. വളരെ വേഗത്തിലാണ് ഈ മാറ്റം വന്നുകൊണ്ടിരിക്കുന്നത്. ആരംഭകാലത്ത് ഐ.റ്റി. രംഗത്ത് നമുക്ക് നേട്ടമുണ്ടാക്കാൻ സാധിച്ചില്ല. ലോകം മുഴുവൻ കമ്പ്യൂട്ടറിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയപ്പോൾ നമുക്കത് പ്രയോജനപ്പെടുത്താൻ സാധിച്ചില്ല. അതിന്റെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ ഇന്ത്യയിൽ ആദ്യമാകണം എന്നതാണ് നമ്മുടെ ആഗ്രഹം. ഞാൻ ഒരു കാര്യം ഈ സഭയിൽ

പറയുന്നു, ഡിജിറ്റൽ സ്റ്റേറ്റായി മാറുന്ന ഇന്ത്യയിലെ ആദ്യത്തെ സ്റ്റേറ്റ് കേരളമായിരിക്കും. ആ ലക്ഷ്യത്തിനുവേണ്ടി നമ്മൾ മുന്നോട്ട് നീങ്ങുകയാണ്.

റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇതിനോടകം 1,16,205 പേർക്ക് പട്ടയം കൊടുത്തു. കഴിഞ്ഞ ഗവൺമെന്റ് നടത്തിയ ശ്രമഫലമായി അഞ്ചുകൊല്ലംകൊണ്ട് 84,606 പേർക്ക് പട്ടയം കൊടുത്തു. ഞങ്ങൾ ഇപ്പോൾ നാലുകൊല്ലംകൊണ്ട് 1,16,205 പേർക്ക് പട്ടയം കൊടുത്തു. ഈയൊരു കൊല്ലക്കാലംകൊണ്ട് സംസ്ഥാന ഗവൺമെന്റിന് കൊടുക്കാൻ സാധിക്കുന്ന മുഴുവൻ കർഷകർക്കും പട്ടയം കൊടുക്കുകയെന്ന തീരുമാനത്തോടുകൂടിയാണ് മുന്നോട്ട് പോകുന്നത്.

നാഷണൽ ഗെയിംസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിൽ എന്തെങ്കിലും തെറ്റോ കുറവോ ഉണ്ടായിട്ടുണ്ടെങ്കിൽ അതന്വേഷിക്കുന്നതിൽ ഒരു തെറ്റുമില്ല. പക്ഷെ, നമ്മുടെ സംസ്ഥാനത്തിന് ഏറ്റവുമധികം അഭിമാനിക്കാനുള്ള അവസരമായിരുന്നു നാഷണൽ ഗെയിംസ്. ഇവിടെ വന്ന അത്ലറ്റിക്സിന്റെ മുഴുവൻ ഒപ്പീനിയൻ എഴുതിവാങ്ങി. ഇതുപോലൊരു അനുഭവം അവർക്കുണ്ടായിട്ടില്ലെന്നാണ് എല്ലാവരും പറഞ്ഞത്. കുറവുകൾ ഉണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ വലിയൊരു അച്ചീവ്മെന്റാണ് അക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിനുണ്ടായത്. ഇടതുപക്ഷത്തിന്റെ കാലത്ത് ശ്രീ. എം. വിജയകുമാർ അതിനുവേണ്ടി ശ്രമമാരംഭിച്ചു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ അതിന്റെ തുടർച്ചയായുള്ള പ്രവർത്തനവുമായി മുന്നോട്ടുപോയി. അതുകഴിഞ്ഞ് കുറച്ചുമാസങ്ങൾ എനിക്ക് അതിന്റെ ചുമതലയായിരുന്നു. ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായി. നമുക്കാർക്കും കിട്ടാത്ത ഒരു യോഗം കിട്ടിയത് അദ്ദേഹത്തിനാണ്.

ഒരു ഗവൺമെന്റിനെ ജനങ്ങൾ വിലയിരുത്തുന്നത് ക്രൈസിസ് മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന രീതിയനുസരിച്ചാണ്. നികുതി പിരിവും ശമ്പളം കൊടുക്കലും കിട്ടിയ തുക വിതരണം ചെയ്യലുമെല്ലാം സാധാരണ രീതിയിൽ നടന്നുപോകും. അതിനൊരു ക്രൈസിസ് മാനേജ്മെന്റും വേണ്ട. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുന്നിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പേരിൽ ഇവിടെയുണ്ടായ ഒച്ചപ്പാടുകൾ എന്തെല്ലാമാണ്? ഈ ഗവൺമെന്റ് അതിനെ എങ്ങനെ കൈകാര്യം ചെയ്തുവെന്ന് നിങ്ങൾ ആലോചിക്കാറുണ്ടോ? ഇതാ ഇവിടെ മുഴുവനും ഇ.എസ്.എ. ആയി പ്രഖ്യാപിക്കുന്നു, മുഴുവൻ കർഷകരെയും ഇറക്കിവിടാൻ പോകുന്നു - ഹർത്താൽ, വഴിതടയൽ തുടങ്ങി എന്തെല്ലാം പ്രശ്നങ്ങൾ. ഈ ഗവൺമെന്റ് പതറാതെ നിന്ന് കേന്ദ്ര ഗവൺമെന്റിനോട് പറയാനുള്ള കാര്യങ്ങൾ പറയുകയും ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്തു. കേരളത്തിന് മാത്രമേ അത് ചെയ്യാൻ സാധിച്ചുള്ളൂ. ആറ് സ്റ്റേറ്റുകളിൽ കൂടി പോകുന്നതാണ് പശ്ചിമഘട്ടം. പശ്ചിമഘട്ടത്തിലൂടെ

കടന്നുപോകുന്ന 123 വില്ലേജുകൾ ഇ.എസ്.എ. ആയി പ്രഖ്യാപിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ 123 കമ്മിറ്റിയുണ്ടാക്കി ഒരാഴ്ചയ്ക്കുള്ളിൽ ഫീൽഡ് സർവ്വേ നടത്തി, അതിന്റെ റിപ്പോർട്ട് കൊടുത്ത് അതിന്റെ പ്രിലിമിനറി നോട്ടിഫിക്കേഷനായി. ഇപ്പോളിതാ ഫൈനൽ നോട്ടിഫിക്കേഷൻ നടത്താൻ മറ്റ് അഞ്ച് സ്റ്റേറ്റുകൾക്കുവേണ്ടി കാത്തിരിക്കേണ്ടെന്ന് ഗ്രീൻ ബെഞ്ചും പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച് നമുക്ക് എത്രമാത്രം ആശങ്കയുണ്ടായിരുന്നു. അതിന്റെ പേരിൽ എന്തെല്ലാം തർക്കങ്ങളും പ്രശ്നങ്ങളും വന്നു. നമ്മൾ അതിനെ വളരെ സമചിത്തതയോടുകൂടി നേരിട്ടു. പുതിയ ഡാം എന്നത് കേരളത്തിന്റെ ആവശ്യവും ലക്ഷ്യവുമാണ്. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിൽ നമുക്കൊരു തടസ്സവും എതിർപ്പുമില്ല. പക്ഷെ, നമ്മുടെ ജനങ്ങളുടെ സുരക്ഷ എല്ലാത്തിനെക്കാളും വലുതാണ്. അതിനുവേണ്ടിയുള്ള ശ്രമവുമായി നമ്മൾ മുന്നോട്ട് പോകും. ഇറാഖിൽനിന്ന് നമ്മുടെ ആളുകളെ തിരിച്ചുകൊണ്ടുവരേണ്ടിവന്ന അവസരത്തിൽ, ഇത് കേന്ദ്ര ഗവൺമെന്റിന്റെ ചുമതലയാണ്, ഞങ്ങൾക്കൊന്നും ചെയ്യാനില്ല, ഞങ്ങൾക്കെന്താണ് ചെയ്യാൻ പറ്റുക എന്നുചോദിച്ച് നിന്നില്ല. ഗവൺമെന്റ് ഏറ്റവും സജീവമായി അതിൽ ഇടപെട്ട് മനുഷ്യസാധ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ കൂടി സഹകരണത്തോടെ നമ്മൾ അവരെ

തിരികെ കൊണ്ടുവന്നു. പാവപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികളെ ഇറ്റലി നാവികർ വെടിവച്ച് കൊന്നപ്പോൾ ഗവൺമെന്റ് എന്ത് നിലപാടാണെടുത്തത്; എന്തെല്ലാം രീതിയിലുള്ള വാർത്തകൾ വന്നു - ഇറ്റലിക്ക് കീഴടങ്ങാൻ പോകുന്നു, പ്രതികളെ ഇവിടെ നിന്നിതാ വിട്ടുകൊടുക്കാൻ പോകുന്നു. ഈ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയുമില്ലാതെ ഉറച്ചുനിൽക്കുകയും ഇന്ത്യയുടെ നിയമത്തിന് വിധേയമായി അവരെ ഇവിടെ വിസ്തരിക്കണമെന്ന് പറയുകയും ചെയ്തു. കടലിലാണ് സംഭവം നടന്നതെന്നതിനാൽ ഇന്റർനാഷണൽ കോടതിയിലാണ് വിസ്തരിക്കേണ്ടതെന്നെല്ലാം അവർ പറഞ്ഞെങ്കിലും അത് സമ്മതിക്കാതെ ഉറച്ച നിലപാടെടുപ്പിക്കാൻ നമുക്ക് സാധിച്ചു.

ഈ ഗവൺമെന്റിന് ഏറ്റവും കൂടുതൽ അഭിമാനിക്കാൻ സാധിക്കുന്ന ഒരു കാര്യം ഇവിടത്തെ ചെറുപ്പക്കാരുടെ മനോഭാവത്തിൽ വന്ന മാറ്റമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച എമർജിംഗ് കേരളയിൽ വച്ച് സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പ്രഖ്യാപിച്ചു. അതിന് ലഭിച്ച പ്രതികരണം പ്രതീക്ഷകൾക്കെല്ലാം അപ്പുറത്തായിരുന്നു. ഇന്ന് നമ്മുടെ ചെറുപ്പക്കാർ റിസ്ക് എടുത്തുകൊണ്ട് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കാൻവേണ്ടി മുന്നോട്ടുവരാൻ വ്യഗ്രത കാട്ടുന്നു. വലിയൊരു മാറ്റമാണത്. നമ്മുടെ ചെറുപ്പക്കാരിൽ വന്നിട്ടുള്ള ഈ

മാറ്റത്തെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം സംസ്ഥാന ഗവൺമെന്റ് ചെയ്യും, അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്യും. സ്റ്റാർട്ട്അപ് വില്ലേജ് ഇന്ന് ഇന്ത്യയ്ക്കുതന്നെ മോഡലായി വന്നിരിക്കുകയാണ്. ഇപ്പോൾ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ശ്രീ. നായിഡു അത് സംബന്ധിച്ച് ഉദ്യോഗസ്ഥന്മാരെ വിട്ട് പഠിച്ച് അതുപോലെതന്നെ അവിടെ പകർത്തിക്കഴിഞ്ഞിരിക്കുകയാണ്.

ഇവിടെ അഴിമതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പുതിയ ആക്ഷേപങ്ങളാണ് വരുന്നത്. ആർ.ആർ. സ്റ്റേ കൊടുത്തതിന്റെ പേരിൽ മാണിസാറിനെ പ്രതിക്കൂട്ടിലാക്കാൻ..... സത്യം പറഞ്ഞാൽ എനിക്ക് മാണിസാറിനോട് ഏറ്റവുമധികം സിംപതി തോന്നിയ അവസരമാണ്. കാരണം, ക്യാബിനറ്റ് പാസ്സാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി - ഒരു നിശ്ചിത തുക ആദ്യം കെട്ടണം, പിന്നെ ഗഡുക്കളായി കൊടുക്കണം എന്ന ക്യാബിനറ്റ് അംഗീകരിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്റ്റേ കൊടുത്ത മാണിസാർ പ്രതിക്കൂട്ടിൽ. ഇതൊന്നുമില്ലാതെ, ഒരു നിയമവും നോക്കാതെ ഏറ്റവും വലിയ സ്റ്റേ കൊടുത്ത എന്നെ വെറുതെ വിട്ടിരിക്കുകയാണ്. ഞാൻ 173 കോടി രൂപയ്ക്കാണ് സ്റ്റേ നൽകിയത്. ഒരു രൂപ അടച്ചിട്ടില്ല. നിയമങ്ങളെല്ലാം ലംഘിച്ച് അതുചെയ്ത എന്നെ

വെറുതെ വിട്ടു.

ശ്രീ. എ. കെ. ബാലൻ: സർ, ......(മൈക്ക് ഓഫ്)...... ഞാൻ law abide ചെയ്യുമെന്നുപറഞ്ഞ് സത്യപ്രതിജ്ഞ ചെയ്യുന്ന ഒരു മുഖ്യമന്ത്രി നിയമം ലംഘിച്ച് സ്റ്റേ കൊടുത്തുവെന്ന് പറയാൻ പാടില്ല. അങ്ങനെ പറഞ്ഞത് രേഖയിൽ വരാൻ പാടില്ല. നിയമം ലംഘിച്ചുവെന്ന് ഒരിക്കലും പറയാൻ പാടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അത് അഡ്മിറ്റ് ചെയ്യുകയാണ്. കാരണം, ഈ സ്ഥാനത്ത് ഇരിക്കുമ്പോൾ ചിലപ്പോൾ അറിഞ്ഞുകൊണ്ട് തെറ്റുകൾ ചെയ്യേണ്ടി വരും. അറിഞ്ഞുകൊണ്ട് ചെയ്യേണ്ടി വരും. ......(ബഹളം)......

ശ്രീ. എ. കെ. ബാലൻ: സർ, ......(മൈക്ക് ഓഫ്)...... നിയമവിരുദ്ധമായി ചെയ്തുവെന്ന് പറയുന്നത് രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. വി. ശിവൻകുട്ടി... ഞാൻ ഇരിക്കാം. ഇതൊന്നു പറഞ്ഞ് കഴിഞ്ഞിട്ട് ഞാൻ വഴങ്ങാം. ......(ബഹളം)......പറയട്ടെ....ശരിയെന്ന് തോന്നിയാൽ അറിഞ്ഞുകൊണ്ട് തെറ്റ് ചെയ്തിട്ടുണ്ട്, ആവശ്യമെങ്കിൽ ഇനിയും ചെയ്യും. ഞാൻ 173 കോടി രൂപയുടെ സ്റ്റേ കൊടുത്തത് പരിയാരം മെഡിക്കൽ കോളേജിനുവേണ്ടിയാണ് . ......(ബഹളം)......

ശ്രീ. എ. കെ. ബാലൻ: സർ, ......... (മൈക്ക് ഓഫ് ).

പ്രോട്ടെം സ്പീക്കർ: അദ്ദേഹം പറയട്ടെ....പ്ലീസ്.......(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. ബാലൻ, എനിക്ക് ഒരു സമീപനം ഉണ്ട്. ശരിയെന്ന് തോന്നിയാൽ ചെയ്യും. ശ്രീ. എം. വി. ജയരാജൻ എന്നെവിളിച്ച പറഞ്ഞു, ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു, ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയുന്നില്ലെന്ന്. ജീവനക്കാർക്ക് വേതനം കൊടുക്കാൻ കഴിയാത്ത വിധത്തിൽ അക്കൗണ്ടുകൾ മരവിപ്പിക്കുന്ന ഒരു സാഹചര്യം ഉണ്ടാകരുത്. ഞാൻ തിരിച്ചുവിളിച്ച് കുറച്ചെങ്കിലും അടയ്ക്കാൻ കഴിയുമോ എന്ന് ചോദിച്ചു. അപ്പോൾ പറഞ്ഞു അടച്ചാൽ ശമ്പളം കൊടുക്കാൻ കഴിയില്ലെന്ന്. ഞാൻ ചെയ്തു. അറിഞ്ഞുകൊണ്ട് ചെയ്തു...... (ബഹളം)......ശ്രീ. ഇ. പി. ജയരാജൻ ഞാൻ പറയട്ടെ.

ശ്രീ. ഇ. പി. ജയരാജൻ: സർ, ....(മൈക്ക് ഓഫ്....) ......(ബഹളം).... മുഖ്യമന്ത്രിയെന്ന നിലയിൽ നിങ്ങൾക്ക് അതിന് അധികാരമുണ്ട്. ആ അധികാരമാണ് നിങ്ങൾ ഉപയോഗിച്ചത്. അത് തെറ്റാണെന്ന് പറയാൻ കഴിയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് ശരിയാണ്. പക്ഷേ എനിക്ക് അതിനുള്ള അധികാരം വരുന്നത് ക്യാബിനറ്റിൽപോയി എന്റെ നടപടി റാറ്റിഫൈ ചെയ്യുമ്പോഴാണ്. മാണി സാർ ക്യാബിനറ്റ് തീരുമാനിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് കൊടുത്തത്. ഞാൻ ക്യാബിനറ്റ് പറഞ്ഞിട്ടുള്ള

വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് കൊടുത്തത്. ….(ബഹളം).......

ശ്രീ. വി. ശിവൻകുട്ടി: സർ, ….(ബഹളം)....... അങ്ങ് 173 കോടി രൂപയുടെ സ്റ്റേ നിയമവിരുദ്ധമായി കൊടുത്തിട്ടുണ്ടെങ്കിൽ അത് പരിശോധനാ വിധേയമാക്കേണ്ട കാര്യമാണ്. അങ്ങ് 173 കോടി രൂപയുടെ സ്റ്റേ കൊടുത്തത് ഒരു സ്ഥാപനത്തിനാണ്. അങ്ങ് കേരളത്തിലെ വൻവ്യാപാരികൾക്കും സ്വർണ്ണക്കച്ചവടക്കാർക്കും ബിൽഡേഴ്സിനും സ്റ്റേ കൊടുത്തിട്ട് അതിൽ നിന്ന് കമ്മീഷൻ വാങ്ങിയില്ലല്ലോ. കമ്മീഷൻ വാങ്ങിയവരുടെ കാര്യമാണ് ഇവിടെ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അതാണ് പറഞ്ഞത്, എനിക്ക് അദ്ദേഹത്തോട് സിമ്പതി തോന്നിയെന്ന് പറഞ്ഞത് അതാണ്. ............

......(ബഹളം)......

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ......(ബഹളം)......ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് ശുദ്ധ അനാവശ്യവും അസംബന്ധവുമാണ്. ......(ബഹളം)...... അസംബന്ധമാണ്. ഒരു വിവരവുമില്ലാതെ എന്തും ചന്തയിൽ പറയുന്നതുപോലെയാണ് ഇവിടെ വന്നു പറയുന്നത്....... (ബഹളം)...... യാതൊരു നിലവാരവുമില്ലാത്ത ജനപ്രതിനിധി..........(ബഹളം)......

ഇത് ജനങ്ങൾ കാണുന്നുണ്ട്. ജനപ്രതിനിധിയാകുന്നതിന് ഒരു നിലവാരം വേണം. ഒരു നിലവാരവുമില്ലാതെയാണ് ശ്രീ. ശിവൻകുട്ടി ഇങ്ങനെ സംസാരിക്കുന്നത്....... .............(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ......(ബഹളം)...... ഞാൻ ഇത് പരിശോധിച്ചപ്പോൾ......., ക്യാബിനറ്റിൽ വച്ച വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കാൻ മാണി സാറിന് അധികാരം ഉണ്ട്. മാണി സാറിന് മാത്രമായി അധികാരമുണ്ട്, അതാണ് മാണി സാർ ചെയ്തത്. ഞാൻ ചെയ്തത്, ഇത് ചെയ്തുകൊടുക്കേണ്ടതാണ്, ഇത് ആവശ്യമാണ് എന്ന് എനിക്ക് ബോധ്യമായപ്പോൾ വ്യവസ്ഥകൾക്ക് വിധേയമല്ലാതെ ചെയ്തു. അതിൽ ഏതെങ്കിലും നിയമ പ്രശ്നമുണ്ടെങ്കിൽ ഞാൻ റാറ്റിഫിക്കേഷന് പോകും. ഈ സ്ഥാനത്തിരിക്കുമ്പോൾ ചിലപ്പോൾ നമുക്ക് നമ്മുടെ മനസ്സാക്ഷി അനുസരിച്ച് പ്രവർത്തിക്കേണ്ടി വരും. അത് ചിലപ്പോൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അതീതമായി പോകും. ഞാൻ അറിഞ്ഞുകൊണ്ട് ചെയ്യുന്ന തെറ്റുകൾ തുടരും. അറിയാതെ വരുന്ന തെറ്റുകൾ ആര് ചൂണ്ടിക്കാണിച്ചാലും അപ്പോൾത്തന്നെ തിരുത്തും. കാരണം തിരുത്താൻ നമ്മൾ ബാധ്യസ്ഥരാണ്. മാണി സാറിനെ ഇങ്ങനെ ടാർജറ്റ് ചെയ്യുന്നത് ശരിയാണോ? എനിക്ക് മാണി സാറുമായി വളരെ വർഷക്കാലത്തെ പരിചയമുണ്ട്. മാണിസാറിന്റെ

മരുമകൻ സ്റ്റീഫനെക്കുറിച്ച് ഇന്നലെ പത്രങ്ങളിൽ കണ്ടു. ഞാൻ ഇന്നുവരെ അങ്ങനെയൊരാളെ കേട്ടിട്ടില്ല, കണ്ടിട്ടില്ല. ഞാൻ മാണി സാറിനോട് ചോദിച്ചു, സ്റ്റീഫൻ ഏത് മരുമകനാണെന്ന്. അങ്ങനെയൊരു മരുമകൻ മാണി സാറിന് ഇല്ല.

ശ്രീ. ആർ. രാജേഷ്: സർ, കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള പത്ത് ബി.എഡ്. സെന്ററുകൾ പൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്......(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സ്റ്റീഫൻ എന്നൊരു വ്യക്തിയില്ല. മാണിസാറിനെക്കൊണ്ട് ബഡ്ജറ്റ് അവതരിപ്പിക്കില്ല എന്നതാണ് നിങ്ങളുടെ നിലപാട്. ഞാൻ വീണ്ടും വീണ്ടും നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. അങ്ങനെയൊരു നിലപാട് നിങ്ങൾ സ്വീകരിക്കരുത്. നമ്മൾ ജനാധിപത്യ വ്യവസ്ഥിതിയിൽ ......(ബഹളം)......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രതിപക്ഷം പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളച്ചൊടിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞങ്ങൾ എടുത്ത നിലപാട് അഴിമതിക്കേസിൽപ്പെട്ടിട്ടുള്ള ഒരു മന്ത്രിയെ ബഡ്ജറ്റ് അവതരണത്തിൽ നിന്ന് മുഖ്യമന്ത്രി മാറ്റി നിർത്തണം. അതാണ് കേരളത്തിലെ ജനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്ക് ബഡ്ജറ്റ് അവതരിപ്പിക്കാം. അഴിമതിക്കേസിൽപ്പെട്ട് ജയിലിൽ കിടക്കേണ്ട ആളുതന്നെ ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് എന്താണ് ഇത്ര നിർബന്ധ ബുദ്ധി. അതാണ് ഞങ്ങൾ പറയുന്നത് മുഖ്യമന്ത്രി ഇടപെട്ട് ആ മന്ത്രിയെ ബഡ്ജറ്റ് അവതരണത്തിൽ നിന്ന് മാറ്റി നിർത്തണം. സമാധാന പൂർണ്ണമായ അന്തരീക്ഷം ഉണ്ടാക്കണം. അതാണ് ഞങ്ങൾ അഭ്യർത്ഥിച്ചിരിക്കുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക് എഴുതിക്കൊടുത്തപ്പോൾത്തന്നെ വിജിലൻസ് അന്വേഷണം ആരംഭിച്ചു. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അന്വേഷണം മുന്നോട്ടുപോവുകയാണ്. അന്വേഷണത്തിൽ ഗവൺമെന്റ് ഇടപെടുന്ന പ്രശ്നമില്ല. അതിൽ സാക്ഷിമൊഴികൊടുത്ത എല്ലാവരും പുറത്തിറങ്ങിയാൽ ഉടൻ തന്നെ മീഡിയയോടാണ് സംസാരിക്കുന്നത്. ഞാൻ എല്ലാം കേട്ടു. ഒരാളുപോലും ഇന്നവരെ മാണി സാറിനെതിരായി അഴിമതി ആരോപണം ഉന്നയിച്ച ഒരു കാര്യവും അംഗീകരിച്ചിട്ടില്ല അവർ അതിൽ നിന്ന് വ്യത്യസ്തമായാണ് പറഞ്ഞിരിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. ......(ബഹളം)...... മൊഴികൊടുത്ത് ഇറങ്ങുമ്പോൾ തന്നെ വിജിലൻസ് ഓഫീസിനു മുന്നിൽ മൈക്കും ക്യാമറുമായി മീഡിയക്കാർ നിൽക്കുന്നിടത്ത് വച്ച് പറഞ്ഞിട്ടുള്ളതാണ്. അങ്ങനെയുള്ള ഒരാളെ....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, യഥാർത്ഥത്തിൽ ഇത് കൊടുത്ത ആളുകളെ വിജിലൻസിന്റെ മുമ്പിൽ ഇതുവരെ വിളിപ്പിച്ചിട്ടില്ല. കൊടുത്ത ആളുകൾ ഇന്നലെ പരസ്യമായി ഞങ്ങൾ ഇത്രാം തീയതി കൊണ്ടുപോയി കൊടുത്തു, കൊടുക്കുന്ന സമയത്ത് ഇന്നയാളുകളുണ്ടായിരുന്നു എന്ന് തെളിവ് സഹിതം ടെലിവിഷനിലൂടെ പറഞ്ഞിരിക്കുകയാണ്. അവരെ എന്തുകൊണ്ടാണ് വിജിലൻസ് വിളിപ്പിക്കാത്തത്? അവരെ ഇതുവരെ വിജിലൻസ് വിളിപ്പിച്ചിട്ടില്ല. അതാണ് പ്രശ്നം. കേസ് അട്ടിമറിക്കാൻ ഇവിടെ ശ്രമം നടക്കുന്നു എന്ന പ്രശ്നമാണ് ഞങ്ങൾ ഉന്നയിച്ചത്.

<u>ശ്രീ. ഉമ്മൻചാണ്ടി</u>: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഇത് മനഃപൂർവ്വം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ, തെറ്റിദ്ധരിച്ചിട്ടാണ്. ഈ ആരോപണം ഉന്നയിച്ച ആൾ ആദ്യം തന്നെ കുറെ കാര്യങ്ങൾ പറയുന്നുണ്ട്, കുറെപ്പേരുടെ പേരുകൾ പറയുന്നുണ്ട്. അവരെ എല്ലാവരെയും വിളിപ്പിച്ചു. ഒരാളെപ്പോലും വിളിപ്പിക്കാതിരുന്നിട്ടില്ല. അന്വേഷിച്ചു നോക്കു, ഒരാളുപോലും ഇതു പറഞ്ഞിട്ടില്ല. ഒരു മൊഴി പോലും മാണിസാറിന് എതിരായിട്ടില്ലാതെ ഞാൻ മാറ്റി നിറുത്തണമെന്നു പറഞ്ഞാൽ ഞാൻ മനഃസാക്ഷിയുള്ള ഒരാളായിരിക്കുമോ? എനിക്ക് സൗകര്യം കിട്ടുന്നതിനുവേണ്ടി ഒരു നിലപാട് ഞാൻ ഒരിക്കലും എടുക്കില്ല. നിങ്ങളത്

പരിശോധിച്ചു നോക്കു. അന്വേഷണം നടക്കും, യാതൊരു സംശയവുമില്ല. പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ മാണിസാറിനെ ഒരുവിധത്തിലും കുറ്റക്കാരനായി കാണത്തക്കവിധത്തിലുള്ള ഒരു മൊഴിയും വന്നതായി, മൊഴി കൊടുത്തവരെല്ലാം അതുകഴിഞ്ഞ് പുറത്തിറങ്ങി മാധ്യമങ്ങളോട് സംസാരിച്ചതു വച്ചു നോക്കുമ്പോൾ ഇല്ല. അതാണ് സ്ഥിതി. അതുകൊണ്ടാണ്....

ശ്രീ. സി. ദിവാകരൻ : സർ, മാണിസാറിന് എതിരായി എഫ്.ഐ.ആർ. ഇട്ടത് ഞങ്ങളല്ല. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ. ഇട്ട് നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. വിജിലൻസ് കേസ് സാരമില്ല എന്നാണോ പറയുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: സർ, എഫ്.ഐ.ആർ. ഇടാനിടയായ സാഹചര്യം ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി വളരെ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ലളിതകുമാരി കേസ്സിൽ വന്നിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ അത് ഇനി വരാൻ പോകുന്ന ഒരു പുതിയ സാഹചര്യമാണ്. ഏത് പരാതി വന്നാലും എഫ്.ഐ.ആർ. ഇട്ടുകൊണ്ടു മാത്രമേ അന്വേഷിക്കാൻ സാധിക്കു എന്നുള്ള സ്ഥിതിയാണ് ആ വിധി വന്നതിനുശേഷമുള്ളത്. അത് ശരിയോ തെറ്റോ എന്നുള്ള കാര്യം ഇനിയും എല്ലാവരും ചർച്ച ചെയ്യേണ്ടതാണ്. പക്ഷേ, ആ വിധി വന്നതോടുകൂടി തെറ്റു ചെയ്തിട്ടുണ്ടോ

ഇല്ലയോ എന്നു പരിശോധിക്കുന്നതിന് മുമ്പുതന്നെ എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കേണ്ട സ്ഥിതിയാണുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുഖ്യമന്ത്രി പറയുന്നതും ഇതുമായി വ്യത്യാസമുണ്ട്. ഒരു പരാതി കിട്ടിയാൽ എഫ്.ഐ.ആർ. ഇടണമെന്ന് പറഞ്ഞത് ശരിയാണ്. ഇവിടെ അതിൽ നിന്നു വ്യത്യസ്തമായി 42 ദിവസം വിജിലൻസ് അന്വേഷിച്ചു. പല ആളുകളിൽ നിന്നും മൊഴിയെടുത്തു. ആ മൊഴിയിൽ പറഞ്ഞ കാര്യങ്ങളാണ് എഫ്.ഐ.ആർ.-ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇന്നയിന്നയാളുകൾ ഇന്നതു പറഞ്ഞു, ഇതു കൊടുക്കുന്നത് കണ്ടു, ഇന്നയിന്നയാളുകൾ വന്നു എന്ന് എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുകയാണ്. അപ്പോൾ ഡോക്യുമെന്ററി എവിഡൻസുണ്ട്, സർക്കംസ്റ്റാൻസ് എവിഡൻസുണ്ട്. അങ്ങനെ എല്ലാ എവിഡൻസോടുംകൂടിയാണ് വിജിലൻസ് ഇത്തരത്തിലൊരു കേസ് രജിസ്റ്റർ ചെയ്തത്. ഒന്നും ഇല്ലെങ്കിൽ ഒരു മന്ത്രിക്കെതിരെ കേസ്സെടുക്കേണ്ട കാര്യമെന്താണ്; ഈ പരാതിയിൽ യാതൊരു കഴമ്പുമില്ല എന്നു പറഞ്ഞ് കോടതിക്ക് റിപ്പോർട്ട് കൊടുത്താൽ മതിയല്ലോ. അപ്പോൾ പ്രശ്നമുള്ളതുകൊണ്ടാണ് എഫ്.ഐ.ആർ. ഇടേണ്ടി വന്നത്. എഫ്.ഐ.ആർ. ഇട്ടതിന്റെ അടിസ്ഥാനത്തിലല്ലേ ശ്രീ. ജെയിംസ് മാത്യുവിനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. അപ്പോൾ ഇവിടെ രണ്ടുനിയമമാണോ;

അദ്ദേഹം പ്രതിപക്ഷമായതുകൊണ്ടാണോ; മന്ത്രിക്ക് വേറെ നിയമമാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: എത്രയോ തവണ ഇത് ചർച്ച ചെയ്ത കാര്യമാണ്. ഇവിടെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി, 42 ദിവസം അന്വേഷണം നടത്തിയതിന്റെ വെളിച്ചത്തിൽ പരാതിയിൽ ഒരു കൊഗ്നിസിബിൾ ഒഫൻസുണ്ടെന്ന് കണ്ടെത്തിയപ്പോഴാണ് എഫ്.ഐ.ആർ. ഇട്ടത്. അതിന്റെ അർത്ഥം ആ കാര്യങ്ങളുടെ വെരാസിറ്റി പരിശോധിക്കണമെന്നല്ല, അത് പിന്നീടുള്ള അന്വേഷണത്തിൽ മാത്രമേ തെളിയുകയുള്ളൂ. അതാണ് ലളിതകുമാരി കേസ്സിലെ പ്രധാനപ്പെട്ട വിധി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഒന്നുമില്ലെങ്കിൽ എഫ്.ഐ.ആർ. ക്വാഷ് ചെയ്യണമെന്ന് പറഞ്ഞ് കോടതിക്ക് ഒരു റിപ്പോർട്ട് കൊടുത്തുകൂടേ; പ്രതിയായിട്ടുള്ള മാണി എഫ്.ഐ.ആർ. റദ്ദാക്കണമെന്ന് പറഞ്ഞ് കോടതിയിൽ പോയോ? ആ എഫ്.ഐ.ആർ. ഇപ്പോഴും നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മാണി പ്രതിയാണ്. അദ്ദേഹം ഇവിടെയിരിക്കേണ്ടയാളല്ല, ജയിലിൽ കിടക്കേണ്ട പ്രതിയാണ്. അതാണ് ഞങ്ങൾ പറയുന്ന പ്രശ്നം. എഫ്.ഐ.ആർ.-ൽ ഞാൻ പ്രതിയായാൽ എന്നെ നിങ്ങൾ അറസ്റ്റ് ചെയ്യില്ലേ; എന്തിനാണ് ജെയിംസ് മാത്യുവിനെ അറസ്റ്റ് ചെയ്തത്?

ശ്രീ. കെ. എം. മാണി: സർ, ..(ബഹളം)..കോടിയേരിയോട് ഒരു ചോദ്യം ചോദിക്കട്ടെ....(ബഹളം)..നാളെ കോടിയേരിക്ക് എതിരായി എഫ്.ഐ.ആർ. ഇട്ട് ഒരു കേസ് വന്നാൽ രാജി വയ്ക്കാൻ തയ്യാറാണോ? .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ സഭയിലെ അംഗം റ്റി.വി. രാജേഷിനെ എഫ്.ഐ.ആർ. ഇട്ട് അറസ്റ്റ് ചെയ്തില്ലേ: ഇവിടെ ഭരണപക്ഷത്തിന് ഒരു നിയമവും പ്രതിപക്ഷത്തിന് വേറെ നിയമവുമാണോ: അതാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. ഇതാണ് ഇവിടത്തെ പ്രശ്നം. വെറും എഫ്.ഐ.ആർ. ഇടുകയല്ല ചെയ്തത്. തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല: എഫ്.ഐ.ആർ. മാത്രമാണ് ഇട്ടിട്ടുള്ളത്. കേസ് അന്വേഷണം നടക്കും. അന്വേഷണത്തിൽ തെളിവില്ലെങ്കിൽ എഫ്.ഐ.ആർ. ക്വാഷ് ചെയ്യും. ആ കാര്യത്തിൽ വല്ല സംശയവുമുണ്ടോ? അന്വേഷണം പൂർത്തിയാകാതെ എഫ്.ഐ.ആർ. റദ്ദ് ചെയ്യാൻ സാധിക്കുമോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ഇന്നലെ വളരെ കൃത്യമായി ഈ സഭയിൽ പറഞ്ഞു. 42 ദിവസക്കാലം നടത്തിയ അന്വേഷണത്തിൽ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി, ലളിതകുമാരി

കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ മൊഴിയെടുത്തു. വിവിധ ആളുകളിൽ നിന്ന് മൊഴിയെടുത്തതിൽ നാലു കാര്യങ്ങളിൽ എഫ്.ഐ.ആർ.-ൽ നിഗമനത്തിലെത്തിച്ചേരുന്നുണ്ട്. ഒന്ന്, ബാർ അസോസിയേഷൻ സംസ്ഥാനകമ്മിറ്റി മെമ്പർമാർ ബാർ ഉടമകളിൽ നിന്ന് പണം വാങ്ങിച്ചത് ബഹുമാനപ്പെട്ട കെ. എം. മാണിക്ക് കൊടുക്കാനാണെന്ന് പറഞ്ഞതായി മൊഴി കൊടുത്തിട്ടുണ്ട്. രണ്ടാമത്, അദ്ദേഹത്തിന് തുക കൊടുക്കുന്ന സന്ദർഭത്തിൽ ആ പരിസരത്ത് ഇന്നയിന്ന ആളുകളുണ്ടായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. മൂന്നാമത്, റെലവന്റ് വിറ്റ്നെസ് എന്ന വാക്കാണ് എഫ്.ഐ.ആർ.-ൽ ഉള്ളത്. വളരെ പ്രധാനപ്പെട്ട ഒരു വ്യക്തി ഇത് കൊടുത്തതിനെ സംബന്ധിച്ച് സ്ഥിരീകരിച്ച് കണ്ട കാര്യം മൊഴി കൊടുത്തിട്ടുണ്ട്. നാലാമത്തെ കാര്യം, ഇവർ കൊടുത്ത കാര്യങ്ങൾ അവിടെ പറഞ്ഞത് ബാർ അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റിയുടെ അക്കൗണ്ടിൽ എൻട്രി ചെയ്തിരിക്കുന്നു എന്ന കാര്യവും തെളിയിച്ചിരിക്കുന്നു. ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് എഫ്.ഐ.ആർ. കൊടുത്തിരിക്കുന്നത്. അക്കാര്യം ക്ലിയറാണ് . അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഓറൽ എവിഡൻസ്, ഡോക്യുമെന്ററി എവിഡൻസ്, സർക്കംസ്റ്റാൻസ് എവിഡൻസ് എന്നീ മൂന്നു കാര്യങ്ങളും ഒരുപോലെ ബാധകമായിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതോടെ പ്രതിയാണെന്ന്

സ്ഥാപിക്കപ്പെടുന്നു. ഇത്ര കൊടുത്തു എന്ന് വന്നുകഴിഞ്ഞാൽ പരിശോധന നടത്തി തൊണ്ടി മുതൽ പിടിച്ചെടുക്കണമല്ലോ. ബാക്കി എല്ലാവരുടെയും വീടുകൾ പരിശോധിച്ചില്ലേ. ഇവിടെ പരിശോധിക്കാൻ വന്നാൽ മന്ത്രിയെ കണ്ട് സല്യൂട്ട് ചെയ്ത് പോലീസ് പുറകോട്ട് പോകും. അപ്പോൾ ഒന്നും പരിശോധിക്കുന്നില്ല. അപ്പോൾ ശ്രീ. കെ. എം. മാണിയെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണ് ഇക്കാര്യമെന്നത് വ്യക്തമല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അക്കാര്യം ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കിയതാണ്. പരാതി കൊടുത്ത ആളിന്റെ പെറ്റീഷന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ആ എഫ്.ഐ.ആർ.-ൽ ഇന്നയിന്ന ആളുകളെ ചോദ്യം ചെയ്തുവെന്നും അവർ കാര്യങ്ങൾ പറഞ്ഞുവെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എഫ്.ഐ.ആർ. ഇട്ടതിനുശേഷമാണല്ലോ അന്വേഷണം നടക്കുന്നത്. പെറ്റീഷനകത്തെ വാദഗതികൾ വച്ചുകൊണ്ട് തയ്യാറാക്കുന്നതാണ് എഫ്.ഐ.ആർ. ഒരാൾ പോലീസ് സ്റ്റേഷനിൽ ചെന്ന് മൊഴി കൊടുത്താൽ ആ മൊഴിയുടെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. ഇടുന്നത്. പല

കേസുകളിലും അത് വളരെ വിവാദമാകും. ശ്രീ. കെ.സുരേഷ് കുറുപ്പ് അഡ്വക്കേറ്റ് കൂടിയാണല്ലോ ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങേക്ക് പറയാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, 45 ദിവസം കഴിഞ്ഞാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ ഇട്ടിരിക്കുന്ന എഫ്.ഐ.ആർ. നോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് യോജിപ്പുണ്ടോ; അതിനോട് യോജിപ്പില്ലെങ്കിൽ ക്വാഷ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് എന്തുകൊണ്ട് ഗവൺമെന്റ് കോടതിയെ സമീപിക്കുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്വേഷണ ഉദ്യോഗസ്ഥനാണ് എഫ്.ഐ.ആർ. ക്വാഷ് ചെയ്യണമോ വേണ്ടയോയെന്ന് തീരുമാനിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അക്കാര്യം ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ പരിശോധിക്കുന്നതും പരിഗണിക്കുന്നതുമാണ്. ഏതായാലും ഗവൺമെന്റ് ഒരു സ്റ്റേജിലും ഈ കേസിൽ ഇടപെട്ടിട്ടില്ല. പക്ഷേ, മാണി സാർ ഒരു കുറ്റം ചെയ്തുവെന്ന നിലയിലുള്ള ഒരു സാഹചര്യവും മുഖ്യമന്ത്രിയെന്ന നിലയിൽ ഇതുവരെ എന്റെ മുമ്പിൽ ഇല്ല. അതുകൊണ്ട് എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത്, ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലായെന്നുള്ള നിലയിൽ നിന്ന് പിന്മാറണം. അക്കാര്യത്തിൽ

പുന:പരിശോധന നടത്തുകയും വേണം. നമ്മളൊക്കെ ജനാധിപത്യ വ്യവസ്ഥിതിയിൽ നിൽക്കുന്നവരാണ്, അതിന്റെ സൗകര്യങ്ങൾ വിനിയോഗിക്കുന്നവരാണ്. ആ നിലയ്ക്ക് അവിടെ മറ്റൊരു നിലപാട് എടുക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാണിസാറിനെക്കുറിച്ച് പറഞ്ഞപ്പോൾ ശ്രീ. വി. ശിവൻകുട്ടി പാലാഴി കമ്പനിയെക്കുറിച്ചും പാർട്ടി ഓഫീസിനെക്കുറിച്ചും മറ്റും പറഞ്ഞു. അതിലൊന്നും ഒരു കാര്യവുമില്ല. പാലാഴിയൊക്കെ എത്രയോ കൊല്ലങ്ങൾക്ക് മുമ്പുള്ള കഥയാണ്. അതൊക്കെ കഴിഞ്ഞുപോയ കാര്യങ്ങളാണ്. ഞാൻ അവസാനിപ്പിക്കട്ടെ. കേരളത്തിലെ കാര്യങ്ങൾ ചർച്ച ചെയ്യുതുതന്നെ സമയം പോയി. അതുകൊണ്ട് ദേശീയ രാഷ്ട്രീയത്തിലേക്ക് കൂടുതൽ കടക്കുന്നില്ല. പക്ഷെ, ഒരു കാര്യം വ്യക്തമാക്കാനുദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന രണ്ട് പ്രശ്നങ്ങൾ വന്നിട്ടുണ്ട്. മീനാകുമാരി റിപ്പോർട്ടും അതുപോലെ CRZ-ഉം. ഈ രണ്ട് കാര്യത്തിലും ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം കർഷകരുടെ താൽപ്പര്യങ്ങൾ

സംരക്ഷിക്കുന്നതല്ലായെന്ന നിലപാടാണ് കോൺഗ്രസ് പാർട്ടി എടുത്തിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളോടും ഗോവധം നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയൊരു ചോദ്യം പോലും ശ്രീ. കോടിയേരി ബാലകൃഷ്ണനിൽ നിന്ന് പ്രതീക്ഷിച്ചിരുന്നില്ല. ഒരു കാരണവശാലും അത് ഇവിടെ നടപ്പിലാകില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കാരണം ഇതൊക്കെ എത്രയോ നാളുകളായി ചർച്ച ചെയ്ത് തീരുമാനം എടുത്തിട്ടുള്ള കാര്യങ്ങളാണ്. ഒരു ദിവസം കൊണ്ട് നമുക്ക് അതൊന്നും മാറ്റാൻ സാധിക്കില്ല. ഒരു കാരണവശാലും അത് അംഗീകരിക്കില്ല. ഭൂമി ഏറ്റെടുക്കൽ നിയമം കർഷകർക്ക് ശക്തമായ ദോഷം ചെയ്യുമെന്ന അഭിപ്രായമാണുള്ളത്. അതുകൊണ്ട് യോജിക്കാവുന്ന കാര്യങ്ങളിൽ നമുക്ക് യോജിക്കണം. സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ശ്രമിക്കും. ഇപ്പോൾ ഐ.ഐ.ടി. കിട്ടിയതിനെ നമ്മൾ സ്വാഗതം ചെയ്യുന്നു. അതുപോലെ എയിംസ് കിട്ടാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തും. അതേസമയം രാജ്യത്തിന്റെ താൽപ്പര്യത്തിനെതിരായി മതേതരത്വത്തെ ചോദ്യം ചെയ്യുന്ന സമീപനങ്ങളോടും ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടാത്ത

സമീപനത്തോടും ഗവൺമെന്റ് ഒരുവിധത്തിലും യോജിക്കില്ല. അക്കാര്യങ്ങളിൽ അതിശക്തമായ നിലപാട് എടുക്കും. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. പ്രോട്ടേം സ്പീക്കർ: സർവ്വശ്രീ. സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, മുല്ലക്കര രത്നാകരൻ, കെ. രാജു, കെ. അജിത്, ഇ. കെ. വിജയൻ, വി. ശശി, കെ. വി. അബ്ദുൾ ഖാദർ, എ. എം. ആരിഫ്, ബാബു. എം. പാലിശ്ശേരി, എ. കെ. ബാലൻ, എം. ചന്ദ്രൻ, കെ. ദാസൻ, ബി. ഡി.ദേവസ്സി, പി. കെ. ഗുരുദാസൻ, എം. ഹംസ, ജെയിംസ് മാത്യു, കെ. കെ. ജയചന്ദ്രൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കെ. നാരായണൻ, എ. പ്രദീപ് കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, റ്റി. വി. രാജേഷ്, രാജു എബ്രഹാം, സാജു പോൾ, എസ്. ശർമ്മ, ബി. സത്യൻ, പി. ശ്രീരാമകൃഷ്ണൻ, ജി. സുധാകരൻ, കെ. വി. വിജയദാസ്, ശ്രീമതിമാർ ഗീതാ ഗോപി, കെ. കെ. ലതിക, കെ. എസ്. സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നന്ദി പ്രമേയത്തിന് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതി പ്രസ് ചെയ്തില്ല.)

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദി പ്രമേയം അംഗീകരിക്കാമോയെന്ന പ്രശ്നത്തെ ......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദു സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. അടൂർ പ്രകാശ്
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. എ. എ. അസീസ്

13. ശ്രീ. കെ. ബാബു

14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

15. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

16. ശ്രീ. വി. റ്റി. ബൽറാം

17. ശ്രീ. പി. കെ. ബഷീർ

18. ശ്രീ. ബെന്നി ബെഹനാൻ

19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീ. എ. റ്റി. ജോർജ്

21. ശ്രീ. പി. സി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ

23. കുമാരി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴയ്ക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. കോവൂർ കുഞ്ഞുമോൻ

32. ശ്രീ. റ്റി. യു. കുരുവിള

33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37 ശ്രീ. സി. പി. മുഹമ്മദ്

38. ശ്രീ. കെ. പി. മോഹനൻ

39. ശ്രീ. സി. മോയിൻകുട്ടി

40. ശ്രീ. മോൻസ് ജോസഫ്

41. ശ്രീ. ആര്യാടൻ മുഹമ്മദ്

42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ

45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

46. ശ്രീ. ഉമ്മൻ ചാണ്ടി

47. ശ്രീ. ടി. എൻ. പ്രതാപൻ

48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

50. ശ്രീ. രമേശ് ചെന്നിത്തല

51. ശ്രീ. പാലോട് രവി

52. ശ്രീ. റോഷി അഗസ്റ്റിൻ

53. ശ്രീ. വി. എസ്. ശിവകുമാർ

54. ശ്രീ. വി. പി. സജീന്ദ്രൻ

55. ശ്രീ. എൻ. ശക്തൻ

56. ശ്രീ. വി. ഡി. സതീശൻ

57. ശ്രീ. ഷാഫി പറമ്പിൽ

58. ശ്രീ. കെ. എം. ഷാജി

59. ശ്രീ. എൻ. ഷംസുദ്ദീൻ

60. ശ്രീ. ഷിബു ബേബി ജോൺ

61. ശ്രീ. കെ. ശിവദാസൻ നായർ

62. ശ്രീ. ആർ. സെൽവരാജ്

63. ശ്രീ. സണ്ണി ജോസഫ്

64. ശ്രീ. സി. എഫ്. തോമസ്

65. ശ്രീ. തോമസ് ഉണ്ണിയാടൻ

66. ശ്രീ. പി. ഉബൈദുള്ള

67. ശ്രീ. എം. ഉമ്മർ

68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

69. ശ്രീ. എം. എ. വാഹീദ്

70. ശ്രീ. പി. സി. വിഷ്ണുനാഥ്

71. ശ്രീ. എം. വി. ശ്രേയാംസ് കുമാർ

പ്രതികൂലിക്കുന്നവർ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ

2. ശ്രീ. കെ. അജിത്

3. ശ്രീ. എ. എം. ആരിഫ്

4. ശ്രീമതി പി. അയിഷാ പോറ്റി

5. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

6. ശ്രീ. ബാബു എം. പാലിശ്ശേരി

7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

8. ശ്രീ. എ. കെ. ബാലൻ

9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. എം. ചന്ദ്രൻ

12. ശ്രീ. സി. ദിവാകരൻ

13. ശ്രീ. വി. ചെന്താമരാക്ഷൻ

14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. എളമരം കരീം

16. ശ്രീ. കെ. ദാസൻ

17. ശ്രീമതി ഗീതാ ഗോപി

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. പി. കെ. ഗുരുദാസൻ

20. ശ്രീ. എം. ഹംസ

21. ശ്രീ. കെ.കെ. ജയചന്ദ്രൻ

22. ശ്രീ. ജെയിംസ് മാത്യൂ

23. ഡോ. കെ.ടി. ജലീൽ

24. ശ്രീമതി ജമീലാ പ്രകാശം

25. ശ്രീ. ജി. എസ്. ജയലാൽ

26. ശ്രീ. ഇ. പി. ജയരാജൻ

27. ശ്രീ. ജോസ് തെറ്റയിൽ

28. ശ്രീ. ബി. സത്യൻ

29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

31. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

33. ശ്രീമതി കെ. കെ. ലതിക

34. ശ്രീ. സി. കൃഷ്ണൻ

35. ശ്രീ. മാത്യൂ റ്റി. തോമസ്

36. ശ്രീ. സി. കെ. നാണു

37. ശ്രീ. കെ. കെ. നാരായണൻ

38. ശ്രീ. പുരുഷൻ കടലുണ്ടി

39. ശ്രീ. എ. പ്രദീപ്കുമാർ

40. പ്രൊഫ. സി. രവീന്ദ്രനാഥ്

41. ശ്രീ. പി. റ്റി. എ. റഹീം

42. ശ്രീ. ആർ. രാജേഷ്

43. ശ്രീ. റ്റി. വി. രാജേഷ്

44. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

45. ശ്രീ. മുല്ലക്കര രത്നാകരൻ

46. ശ്രീ. കെ. രാധാകൃഷ്ണൻ

47. ശ്രീ. കെ. രാജു

48. ശ്രീ. രാജു എബ്രഹാം

49. ശ്രീ. എസ്. രാജേന്ദ്രൻ

50. ശ്രീ. സാജു പോൾ

51. ശ്രീമതി കെ. എസ്. സലീഖ

52. ശ്രീ. സി. കെ. സദാശിവൻ

53. ശ്രീ. എ. കെ. ശശീന്ദ്രൻ

54. ശ്രീ. വി. ശശി

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. വി. ശിവൻകുട്ടി

57. ശ്രീ. കെ. സുരേഷ് കുറുപ്പ്

58. ശ്രീ. വി. എസ്. സുനിൽ കുമാർ

59. ശ്രീ. തോമസ് ചാണ്ടി

60. ശ്രീ. പി. തിലോത്തമൻ

61. ശ്രീ. ജി. സുധാകരൻ

62. ശ്രീ. കെ. വി. വിജയദാസ്

63. ശ്രീ. ഇ. കെ. വിജയൻ

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>:

ശ്രീ. കെ. ബി. ഗണേഷ് കുമാർ

അനുകൂലിക്കുന്നവർ : 71

പ്രതികൂലിക്കുന്നവർ: 63

നിഷ്പക്ഷത പാലിക്കുന്നവർ : 1

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ....... ഓഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 08.30-ന് വീണ്ടും ചേരുന്നതുമാണ്.

(2015 മാർച്ച് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകിട്ട് 4.28-ന് പിരിഞ്ഞു.)

********